©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

# (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2023 സെപ്റ്റംബർ 12-ാം തീയതി സമർപ്പിച്ചത്
(Presented on 12th September 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

## (HOME AFFAIRS)

**ആനുകാലിക റിപ്പോർട്ട്**

(2023 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2023)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

831/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 51 |

# സബ്ജക്ട് കമ്മിറ്റി XIV
# (ആഭ്യന്തരകാര്യങ്ങൾ)
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പിണറായി വിജയൻ,
മുഖ്യമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. വി. ജോയി

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. മാത്യൂ ടി. തോമസ്

ശ്രീ. ടി. പി. രാമകൃഷ്ണൻ

ശ്രീ. വി. ഡി. സതീശൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

## അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2021 ജൂൺ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം-2 പ്രകാരം രൂപീകരിക്കപ്പെട്ട പതിനഞ്ചാം കേരള നിയമസഭയുടെ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV (2021-2023)-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെയർമാനും ബഹു. പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. വി. ജോയി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ടി. ഐ. മധുസൂദനൻ, ശ്രീ. മാത്യു ടി. തോമസ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. തോമസ് കെ. തോമസ് എന്നിവർ അംഗങ്ങളുമാണ്. ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് എന്നിവർ സമിതിയുടെ പ്രത്യേകക്ഷണിതാക്കളാണ്. 2022 ഒക്ടോബർ 22-ാം തീയതി പ്രാബല്യത്തിൽ ശ്രീ. ടി. ഐ. മധുസൂദനൻ രാജിവച്ചതിനെ തുടർന്ന് ഒക്ടോബർ 29-ാം തീയതിയിലെ 308-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററെ സബ്ജക്ട് കമ്മിറ്റി XIV-ൽ അംഗമായി ശേഷിക്കുന്ന കാലയളവിലേക്ക് നാമനിർദ്ദേശം ചെയ്തു.

2022-23 കാലയളവിൽ സമിതി 4-4-2022, 11-4-2022, 9-6-2022, 18-7-2022, 23-8-2022, 5-12-2022, 7-12-2022, 14-2-2023, 16-2-2023, 21-2-2023 എന്നീ തീയതികളിലായി 10 യോഗങ്ങൾ ചേർന്നു. 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി നാല് യോഗങ്ങളും മറ്റ് യോഗങ്ങൾ വിവിധ ബില്ലുകൾ, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തത് സംബന്ധിച്ച കാലതാമസപത്രികകൾ, കരട് റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കും വേണ്ടിയാണ് ചേർന്നത്. യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ 68 ശതമാനമായിരുന്നു.

ആറ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അദ്ധ്യായം I-ൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും അദ്ധ്യായം II-ൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും അദ്ധ്യായം III-ൽ സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവയുടെ വിശദാംശങ്ങളും

അദ്ധ്യായം IV-ൽ നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ചും അദ്ധ്യായം V-ൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും അദ്ധ്യായം VI-ൽ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ മറുപടി ലഭ്യമായതും ലഭ്യമാക്കാനുള്ളതുമായ ശിപാർശകളുടെ വിവരങ്ങളും കൂടാതെ മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടിപത്രികകളുടെയും കാലതാമസപത്രികകളുടെയും വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2023 ആഗസ്റ്റ് 10-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**പിണറായി വിജയൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 12.

# റിപ്പോർട്ട്

## അദ്ധ്യായം 1

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (9-6-2022-ലെ സമിതിയോഗം റിപ്പോർട്ട് അംഗീകരിക്കുകയും 2022 ജൂൺ 27-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു).

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. 2022 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ട്.

(പ്രസ്തുത റിപ്പോർട്ടുകൾ 18-7-2022-ലെ സമിതി യോഗം പരിഗണിച്ച് അംഗീകരിക്കുകയും 2022 ജൂലൈ 19-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു).

4. 2022-ലെ കേരള ലോക്ആയുക്ത (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട്.

5. 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട്.

(പ്രസ്തുത റിപ്പോർട്ടുകൾ 23-8-2022-ലെ സമിതിയോഗം അംഗീകരിക്കുകയും 24-8-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു).

6. 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതിബിൽ സംബന്ധിച്ച റിപ്പോർട്ട് - (5-12-2022-ലെ സമിതിയോഗം അംഗീകരിക്കുകയും 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു).

7. 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ സംബന്ധിച്ച റിപ്പോർട്ട് - (7-12-2022-ലെ സമിതി യോഗം റിപ്പോർട്ട് അംഗീകരിക്കുകയും 8-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു).

8. 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് - (21-2-2023-ലെ സമിതി യോഗം റിപ്പോർട്ട് അംഗീകരിക്കുകയും 27-2-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു).

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകൾ

1. 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ.

2. 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ.

3. 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ.

4. 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ.

## അദ്ധ്യായം - III

## സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശം

(എ). കരട് ചട്ടങ്ങൾ

### 4-4-2022 -ലെ യോഗം

സമിതി താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

1. The Kerala Government Servant's Conduct (Amendment) Rules, 2021
(ഫയൽ നമ്പർ 17324/സബ്.സി.ഡി2/2021/നി.സെ.)
(സർക്കാർ കത്ത് നമ്പർ ഉപസി2/189/2020-ഉ.ഭ.പ.വ., തീയതി 13-10-2021)

2. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2021
(ഫയൽ നമ്പർ 17648/സബ്.സി.ഡി2/2021/നി.സെ)
(സർക്കാർ കത്ത് നമ്പർ ഉപസി1/52/2020-ഉ.ഭ.പ.വ., തീയതി 13-10-2021)

3. The Kerala State and Subordinate Services (Amendment) Rules, 2021
(ഫയൽ നമ്പർ 18510/സബ്.സി.ഡി2/2021/നി.സെ.)
(സർക്കാർ കത്ത് നമ്പർ റൂൾസ് - 1/114/2020-ഉ.ഭ.പ.വ., തീയതി 2-11-2021)

4. The Special Rules for the Kerala Last Grade Service (Amendment) Rules, 2022 (ഫയൽ നമ്പർ 4348/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർ കത്ത് നമ്പർ റൂൾസ്-2/50/2018-ഉ.ഭ.പ.വ., തീയതി 23-2-2022)

താഴെപ്പറയുന്ന കരട് ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

5. The Kerala Payment of Pension to Members of Legislature (Amendment) Rules, 2020

   (ഫയൽ നമ്പർ 5353/സബ്.സി.ഡി2/2020/നി.സെ.)
   (സർക്കാർ കത്ത് നമ്പർ പാകാവ.-എ 2/234/2018-പാകാവ., തീയതി 22-10-2021)

<u>9-6-2022 -ലെ യോഗം</u>

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

6. 2022-ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ചട്ടങ്ങൾ.
   (ഫയൽ നമ്പർ 1044/സബ്.സി.ഡി2/2020/നി.സെ)
   (സർക്കാർ കത്ത് നമ്പർ Home-M2/70/2020-Home, തീയതി 6-4-2022)

7. The Kerala Service (....Amendment) Rules, 2022 (ഭാഗം I, ചട്ടം 24-A, അനുബന്ധം XII-A, XII-C എന്നിവയുടെ ഭേദഗതി)
   (ഫയൽ നമ്പർ 7783/സബ്.സി.ഡി2/2022/നി.സെ)
   (സർക്കാർ കത്ത് നമ്പർ 1765467/റൂൾസ്-ബി1/29/ധന., തീയതി 29-4-2022)

8. The Kerala State and Subordinate Services (....Amendment) Rules, 2022 (KS&SSR ഭാഗം II ചട്ടം 10-ലെ ഭേദഗതി)
   (ഫയൽ നം. 8616/സബ്.സി.ഡി2/2022/നി.സെ.)
   (സർക്കാർ കത്ത് നമ്പർ 11955/ആർ1 /2014/ഉ.ഭ.പ.വ., തീയതി 9-5-2022)

<u>18-7.2022-ലെ യോഗം</u>

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

9. The Kerala Service (....Amendment) Rules, 2022
   (ഫയൽ നമ്പർ 11119/സബ്.സി.ഡി2/2022/നി.സെ.)
   (സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/58/2021-ധന. (E-1832550), തീയതി 17-6-2022)

10. The Kerala State and Subordinate Services (...Amendment) Rules, 2022 (എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത്)
    (ഫയൽ നമ്പർ 11181/സബ്.സി.ഡി2/2022/നി.സെ.)
    (സർക്കാർ കത്ത് നമ്പർ റൂൾസ്-1/27/2021-ഉ.ഭ.പ.വ., തീയതി 13-6-2022)

താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതിയോടെ അംഗീകരിച്ചു.

11. The Subordinate Service in the Unit comprising the offices of the Enquiry Commissioner and Special Judges and Vigilance Tribunal (Amendment) Rules, 2022
(ഫയൽ നമ്പർ 3589/സബ്.സി.ഡി2/2022/നി.സെ)
(സർക്കാർ കത്ത് നമ്പർ വി.ജി.-സി3/270/2017-വിജി, തീയതി 15-2-2022, 28-5-2022)

<u>21-2-2023-ലെ യോഗം</u>

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ അംഗീകരിച്ചു.

12. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2023 (കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ നിയമനങ്ങൾ കേരള പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച്)
(ഫയൽ നമ്പർ 18406/സബ്.സി.ഡി2/2022/നി.സെ)
(സർക്കാർ കത്ത് നമ്പർ ഉപ.സി1/54/2022-ഉ.ഭ.പ.വ., തീയതി 4-1-2023)

13. The Kerala Service (....Amendment) Rules 2023 (കെ.എസ്.ആർ. ഭാഗം 1, അനുബന്ധം XII-A, ആമുഖ ഖണ്ഡിക ഭേദഗതി സംബന്ധിച്ച്)
ഫയൽ നമ്പർ 487/സബ്.സി.ഡി2/2023/നി.സെ)
(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/87/2021-ധന. (E-1937514), തീയതി 3-1-2023)

14. The Kerala Service (....Amendment) Rules, 2023 (കെ.എസ്.ആർ. ഭാഗം 1, ചട്ടം 100, അനുബന്ധം VIII- ഭേദഗതി സംബന്ധിച്ച്)
(ഫയൽ നമ്പർ 601/സബ്.സി.ഡി.2/2023/നി.സെ)
(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/31/2021-ധന. (E-1768475), തീയതി 30-12-2022)

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതിയോടെ അംഗീകരിച്ചു.

15. The Kerala State and Subordinate Services (Amendment) Rules, 2022
(ഫയൽ നമ്പർ 987/സബ്.സി.ഡി2/2020/നി.സെ.)
(സർക്കാർ കത്ത് നമ്പർ റൂൾസ്-1/109/2018-ഉഭപവ., തീയതി 6-7-2022)

16. 2022-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ചട്ടങ്ങൾ
(ഫയൽ നമ്പർ 1937/സബ്.സി.ഡി2/2020/നി.സെ)
(സർക്കാർ കത്ത് നമ്പർ ആഭ്യന്തരം-എസ്.എസ്.എ 4/2/2021-ആഭ്യന്തരം, തീയതി 14-9-2022)

17. The Kerala Police Subordinate Service (Motor Transport Wing), (Amendment) Special Rules, 2022
(ഫയൽ നമ്പർ 12400/സബ്.സി.ഡി2/2022/നി.സെ)
(സർക്കാർ കത്ത് നം.കെ1/58/2021-ആഭ്യന്തരം, തീയതി 8-7-2022 & 21-2-2023)

18. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2022 (HORTICORP നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച്)
(ഫയൽ നമ്പർ 12579/സബ്.സി.ഡി2/2022/നി.സെ)
(സർക്കാർ കത്ത് നമ്പർ ഉപ.സി1/78/2021-ഉ.ഭ.പ.വ. , തീയതി 12-7-2022)

19. The Kerala Service (....Amendment) Rules, 2022
[കെ.എസ്.ആർ. ഭാഗം III, അപ്പെൻഡിക്സ് X, ഭാഗം I പെൻഷൻ (കമ്മ്യൂട്ടേഷൻ) ചട്ടങ്ങൾ 3, 4, 5A യ്ക്ക് താഴെയുള്ള കുറിപ്പ് 5 എന്നിവ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്]
(ഫയൽ നമ്പർ 13560/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർകത്ത് നമ്പർ 1808624/പെൻ-ബി5/2022-ധന., തീയതി 19-7-2022)

20. The Kerala Service (....Amendment) Rules, 2022
[കെ.എസ്.ആർ. ഭാഗം I, 90A. 93, 103, അനുബന്ധം VII എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്]
(ഫയൽ നമ്പർ 14917/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/16/2021-ധന (E-1722992), തീയതി 10-8-2022)

21. The Kerala Service (....Amendment) Rules, 2022
[കെ.എസ്.ആർ. Part III, ചട്ടം 26-ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)
(ഫയൽ നമ്പർ 20086/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർ കത്ത് നമ്പർ 1449661/പെൻ-ബി3/2020-ധന.,തീയതി 8-11-2021)

22. The Kerala State and Subordinate Services (Amendment) Rules, 2022
[കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം II- ചട്ടം 27(c) 4-ാം പ്രൊവിസോ ഭേദഗതി]
(ഫയൽ നമ്പർ 20949/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർ കത്ത് നമ്പർ റൂൾസ്-1/205/2018-ഉ.ഭ.പ.വ. , തീയതി 21-11-2022)

23. The Kerala Service (...Amendment) Rules, 2022
(കെ.എസ്.ആർ. ഭാഗം 1, അനുബന്ധം VII, സെക്ഷൻ 2, ചട്ടം-19A ഭേദഗതി)
(ഫയൽ നമ്പർ 38/സബ്.സി.ഡി2/2023/നി.സെ)
സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/68/2021-ധന (E-1855283), തീയതി 29-12-2022)

(ബി). എസ്.ആർ.ഒ.കൾ

താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങളും അവ സമിതിയുടെ മുൻകൂട്ടിയുള്ള പരിശോധന കൂടാതെ പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച് വകുപ്പുകൾ ലഭ്യമാക്കിയ വിശദീകരണങ്ങളും സമിതി പരിഗണിക്കുകയും പ്രസ്തുത ചട്ടങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

4-4-2022-ലെ യോഗം

1. The Kerala Police Subordinate Service (Band and Mounted Police Units) Special Rules 2021 (SRO No. 497/2021)
(ഫയൽ നമ്പർ 14706/സബ്.സി.ഡി2/2021/നി.സെ.)
(സർക്കാർ കത്ത് നമ്പർ കെ 2/163/2021-ആഭ്യന്തരം, തീയതി 6-9-2021 & 9-11-2021)

9-6-2022-ലെ യോഗം

2. The Kerala Banning of Unregulated Deposit Schemes Rules, 2021
(എസ്.ആർ.ഒ. നമ്പർ 871/2021)
(ഫയൽ നം. 6353/സബ്.സി.ഡി2/2022/നി.സെ.)
(സർക്കാർ കത്ത് നമ്പർ എസ്.സി3/153/2019/ആഭ്യന്തരം തീയതി 7-4-2022)

18-7-2022-ലെ യോഗം

3. The Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases (Amendment) Rules, 2022

(എസ്.ആർ.ഒ. നമ്പർ 561/2022)

4. The Rules Regulating the conditions of Service, Duties, Remuneration etc, of the Advocate General and Additional Advocate General, Kerala (Amendment), 2022

(എസ്.ആർ.ഒ. നമ്പർ 562/2022)

(ഫയൽ നമ്പർ 11895/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ 21654/ഇൻസ്പെ4/2019/നിയമം,തീയതി 29-6-2022)

<u>21-2-2023-ലെ യോഗം</u>

5. The Kerala Jail Subordinate Service (Amendment) Special Rules, 2022

(എസ്.ആർ.ഒ. നമ്പർ 352/2022, കാലതാമസ പത്രിക സഹിതം)

(ഫയൽ നമ്പർ 11113/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി3/01/2018-ആഭ്യന്തരം, തീയതി 10-6-2022, 26-8-2022)

6. 2022-ലെ കേരള പ്രിസണകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ

(എസ്.ആർ.ഒ.നമ്പർ 573/2022 കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 19111/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി3/307/2017/ആഭ്യന്തരം, തീയതി 20-10-2022)

7. ദി കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റൂൾസ്, 2022

(എസ്.ആർ.ഒ.നമ്പർ 1085/2022 )

(ഫയൽ നം. 502/സബ്.സി.ഡി2/2023/നി.സെ.)

(സർക്കാർ കത്ത് നം.എസ്.എസ്. ബി2/6/2023/ആഭ്യന്തരം, തീയതി 7-1-2023)

<u>അദ്ധ്യായം IV</u>

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

പ്രസ്തുത കാലയളവിൽ ചട്ടം 235 A പ്രകാരം സമിതി യോഗം ചേർന്നിട്ടില്ല.

## അദ്ധ്യായം V

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | വകുപ്പ്/സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| 2019-20 (കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ & XXXVII വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള) | 28-6-2022 |
| 2020-21 (കാലതാമസ പത്രിക സഹിതം) | XXXVII വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് (ടെക്നോപാർക്ക്, തിരുവനന്തപുരം) | 28-6-2022 |
| 2020-21 (കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ & XXXVII വ്യവസായങ്ങൾ | ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് - കേരള) | 28-6-2022 |
| 2021-22 | II —സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്(സംസ്ഥാന ആസൂത്രണ ബോർഡ്) | 28-6-2022 |
| 2021-22 | II—സംസ്ഥാന ഭരണത്തല വൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) | 28-6-2022 |

| | | | |
|---|---|---|---|
| 2021-22 | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് | 28-6-2022 |
| 2021-22 | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.11) വകുപ്പ് | 28-6-2022 |
| 2021-22 | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ് | 28-6-2022 |
| 2021-22 | XII- പോലീസ് | ആഭ്യന്തര വകുപ്പ് (പോലീസ്) | 28-6-2022 |
| 2021-22 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (സർവ്വീസസ്) വകുപ്പ് | 28-6-2022 |
| 2021-22 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് | 28-6-2022 |
| 2021-22 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | ആഭ്യന്തര വകുപ്പ് (ഫയർ & റെസ്ക്യൂ) | 28-6-2022 |
| 2021-22 | XXIII—വാർത്താ വിതരണവും പ്രചരണവും | വിവര പൊതുജന സമ്പർക്ക വകുപ്പ് | 28-6-2022 |
| 2021-22 | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) | 28-6-2022 |

| | | | |
|---|---|---|---|
| 2021-22 | XXXVII—വ്യവസായങ്ങൾ | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്) | 28-6-2022 |
| 2020-21 (കാലതാമസ പത്രിക സഹിതം) | III—നീതിന്യായ നിർവ്വഹണം | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ) | 20-7-2022 |
| 2020-21 (കാലതാമസ പത്രിക സഹിതം) | XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | ശാസ്ത്രസാങ്കേതിക വകുപ്പ് (കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ) | 20-7-2022 |
| 2021-22 | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കെ-ഡിസ്ക്) | 20-7-2022 |
| 2021-22 | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി) | 20-7-2022 |
| 2021-22 | IV—തെരഞ്ഞെടുപ്പുകൾ | ഇലക്ഷൻ വകുപ്പ് | 20-7-2022 |
| 2021-22 | XII—പോലീസ് | വിജിലൻസ് വകുപ്പ് | 20-7-2022 |
| 2021-22 | XIII—ജയിലുകൾ | ആഭ്യന്തര വകുപ്പ് | 20-7-2022 |
| 2021-22 | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | പൊതുഭരണ (എ.ഐ.എസ്-എ) വകുപ്പ് | 20-7-2022 |
| 2021-22 | XXIV—തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | കേരളീയ പ്രവാസികാര്യ വകുപ്പ് | 20-7-2022 |

| | | | |
|---|---|---|---|
| 2021-22 | XVIII—<br>വൈദ്യസഹായരംഗവും, പൊതുജനാരോഗ്യവും | ആഭ്യന്തര വകുപ്പ്<br>(കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) | 1-9-2022 |
| 2019-20<br>(കാലതാമസ പത്രിക സഹിതം) | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | അച്ചടി വകുപ്പ് | 6-12-2022 |
| 2019-20<br>(കാലതാമസ പത്രിക സഹിതം) | XXXVII— വ്യവസായങ്ങൾ | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ്<br>(ഇൻഫോപാർക്ക്) | 6-12-2022 |
| 2020-21<br>(കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ്<br>(കേരള സംസ്ഥാന ഐ.ടി. മിഷൻ) | 6-12-2022 |
| 2020-21<br>(കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ്<br>(സി-ഡിറ്റ്) | 6-12-2022 |
| 2021-22<br>(കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | പൊതുഭരണ വകുപ്പ്<br>(കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ) | 6-12-2022 |
| 2021-22<br>(കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | ഇലക്ട്രോണിക്സും , വിവര സാങ്കേതിക വിദ്യയും വകുപ്പ്<br>(കേരള സംസ്ഥാന ഐ.ടി.മിഷൻ) | 6-12-2022 |

| | | | |
|---|---|---|---|
| 2021-22 (കാലതാമസ പത്രിക സഹിതം) | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | അച്ചടി വകുപ്പ് | 6-12-2022 |
| 2021-22 (കാലതാമസ പത്രിക സഹിതം) | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | സ്റ്റേഷനറി വകുപ്പ് | 6-12-2022 |
| 2020-21 (കാലതാമസ പത്രിക സഹിതം) | XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | അച്ചടി വകുപ്പ് | 15-3-2023 |
| 2020-21 (കാലതാമസ പത്രിക സഹിതം) | XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) | 15-3-2023 |
| 2021-22 (കാലതാമസ പത്രിക സഹിതം) | II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | നിയമവകുപ്പ് | 15-3-2023 |

## അദ്ധ്യായം VI

**(എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| ആകെ ശിപാർശകൾ | മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പറും ബന്ധപ്പെട്ട വകുപ്പുകളും | മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ഖണ്ഡികകൾ/ബന്ധപ്പെട്ട വകുപ്പുകൾ |
|---|---|---|
| | 1,3—പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്<br>2—പൊതുഭരണ (സ്പെഷ്യൽ ഇ) വകുപ്പ്<br>6—പാർലമെന്ററികാര്യ (എ)വകുപ്പ് | 4,5,21,31-33,36,37, 42,46,90,91, 166-169 |

| | | |
|---|---|---|
| 197 | 7—ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR11) വകുപ്പ്<br>8—പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്<br>10, 15—പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്<br>11—ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ്<br>12-14—ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്<br>39, 173— ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR12) വകുപ്പ്<br>50,52—തദ്ദേശസ്വയംഭരണ(ഇ.എം) വകുപ്പ്<br>51—ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്<br>129-148—വിജിലൻസ് (സി) വകുപ്പ്<br>149-158—ആഭ്യന്തര (ബി) വകുപ്പ്<br>159, 172—സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് (സ്റ്റേഷനറി)<br>160, 171—സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ് (അച്ചടി)<br>161—ഉദ്യോഗസ്ഥ ഭരണപരിഷ്കാര (AR 13) വകുപ്പ്<br>174, 175—ശാസ്ത്രസാങ്കേതിക (എ) വകുപ്പ്<br>177-183—ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്<br>184,185—ആസൂത്രണ സാമ്പത്തികകാര്യ (RKI) വകുപ്പ്<br>186—ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്<br>162-165—ആഭ്യന്തര (എഫ്) വകുപ്പ്<br><br>170- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷാ വകുപ്പ്)<br>187-191- ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യ വകുപ്പ് | നിയമ(പാർല) വകുപ്പ്<br><br>16-20,22-30, 34,35, 38,40,41,43-45,47-49, 53-89,92-128 176,196,197 ആഭ്യന്തര വകുപ്പ്<br><br>9 പൊതുഭരണ (ഏകോപനം) വകുപ്പ്<br><br>192-195 ഗതാഗത വകുപ്പ് |

**(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും**

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ.)

ശിപാർശ

2052-00-092-88— കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ നിലവിലുള്ള 2 വാഹനങ്ങൾ ഉപയോഗരഹിതമായതിനാലും, പുതിയ കമ്മീഷണർമാർ ചുമതലയേൽക്കുമ്പോൾ അവർക്ക് വാഹനം നൽകേണ്ടിവരുമെന്നതിനാലും പുതിയ വാഹനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ വാഹനം വാങ്ങുന്നതിനായി 2052-00-092-88-21-1 മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായി 3,54,88,000 രൂപയ്ക്ക് (നോൺ പ്ലാൻ) പുറമെ കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പുതുതായി നിയമിതരായ വിവരാവകാശ കമ്മീഷണർമാരുടെ ഔദ്യോഗികാവശ്യത്തിലേയ്ക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 2019-20 സാമ്പത്തികവർഷത്തിൽ 40 ലക്ഷം രൂപ വിവരാവകാശ കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ 5/61/2021/പൊ.ഭ.വ., തീയതി 13-8-2021)

പ്രസ്തുത മറുപടി 11-4-22-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നം. 3276/സബ്.സി.ഡി2/2019/നി.സെ.)

ശിപാർശ

2052-00-092-88 —കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ പുതുതായി നിയമിതരായ വിവരാവകാശ കമ്മീഷണർമാരുടെ ഔദ്യോഗികാവശ്യത്തിലേയ്ക്ക് പുതിയ 4 വാഹനങ്ങൾ വാങ്ങുന്നതിനായി 2052-00-092-88-21-1 മോട്ടോർ വാഹനങ്ങൾ എന്ന ശീർഷകത്തിൽ 16 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

പുതുതായി നിയമിതരായ വിവരാവകാശ കമ്മീഷണർമാരുടെ ഔദ്യോഗികാ-വശ്യത്തിലേയ്ക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 16 ലക്ഷം രൂപ ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന വഴി കമ്മീഷന് ശിപാർശ ചെയ്തിരുന്നുവെങ്കിലും, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് ടി തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ.5/62/2021/പൊഭവ. തീയതി 17-8-2021)

പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നും ലഭ്യമായ പ്രസ്തുത മറുപടികൾ 11-4-22-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ (K-DISC)

കെ-ഡിസ്ക് പൂർണ്ണമായി പ്രവർത്തനക്ഷമമായ സാഹചര്യത്തിൽ കൂടുതൽ മെച്ചപ്പെട്ട ഓഫീസ് സൗകര്യങ്ങൾ ഒരുക്കുന്നതിനും, ജീവനക്കാർക്ക് അലവൻസ് നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം. ഡി2/81/2019/പ്ലാനിംഗ്, തീയതി 7-10-2021)

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പിൽ നിന്നും ലഭ്യമായ പ്രസ്തുത മറുപടി 11-4-22-ലെ സമിതിയോഗം അംഗീകരിക്കുകയുണ്ടായി.

ശിപാർശ

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഓഫീസിന്റെ പ്രവർത്തനം ഏപ്രിൽ മാസം മുതൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനാൽ 05-01-വെള്ളക്കരം എന്ന ശീർഷകത്തിൽ 90,000 രൂപയും 05-02-വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ 4,50,000 രൂപയും ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2019 പകുതിയോടു കൂടി പുതിയ ഓഫീസിലേയ്ക്ക് മാറാൻ സാധിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. 2020 മെയ് മാസം 28-ാം തീയതി കമ്മീഷന്റെ പുതിയ കെട്ടിടം ഉത്ഘാടനം ചെയ്തെങ്കിലും കെട്ടിടത്തിന്റെ പണി പൂർത്തിയായി ഓഫീസ് പ്രവർത്തനം പൂർണ്ണമായി ആരംഭിക്കാൻ സാധിച്ചത് 2020 ജൂലൈ 14-ന് മാത്രമാണ്. ആയതിനാൽ ടി ശീർഷകങ്ങളിൽ അധികമായി തുക ആവശ്യമായി വന്നില്ല.

ശിപാർശ

2015-00-109-99—പഞ്ചായത്തുകളിലേയ്ക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2020-ലെ തെരഞ്ഞെടുപ്പിനാവശ്യമായ 13912 മൾട്ടിപോസ്റ്റ് ഇ. വി. എം. മെഷീനുകൾ വാങ്ങുന്നതിനും, വെയർ ഹൗസ് അഭിവൃദ്ധിപ്പെടുത്തൽ, സംഭരണശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കും 2019-20 സാമ്പത്തിക വർഷം നടന്ന ഉപതെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് നിയോഗിക്കുന്ന ഇ.സി.ഐ.എൽ. എഞ്ചിനീയർമാർക്ക് പ്രതിഫലം നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തെ ഉപതെരഞ്ഞെടുപ്പുകൾക്കായി 57 ലക്ഷം രൂപ GO(Rt)7142/2019/FIN dated 4-9-2019 സർക്കാർ ഉത്തരവ് പ്രകാരവും 13912 മൾട്ടിപോസ്റ്റ് ഇ.വി.എം. മെഷീനുകൾ വാങ്ങുന്നതിനായി മെഷീനുകളുടെ 25 ശതമാനം തുകയായ 8.43 കോടി അഡ്വാൻസ് ആയി ഇ.സി.ഐ.എല്ലിന് അനുവദിക്കേണ്ടിയിരുന്നതിനാൽ ടി തുകയുടെ 50 ശതമാനം തുകയായ 4.215 കോടി രൂപ G.O.(Rt)1900/2020/FIN dated 5-3-2020 സർക്കാർ ഉത്തരവ് പ്രകാരവും കമ്മീഷന് ഉപധനാഭ്യർത്ഥന വഴി അധികമായി ലഭിച്ചു. ഈ തുക ഇ.സി.ഐ.എൽ.-ന് അഡ്വാൻസായി നൽകി പർച്ചേസ് ഓർഡർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളുമായി കമ്മീഷൻ മുന്നോട്ടു പോകുന്ന അവസരത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഇ.വി.എം.കൾ വിതരണം ചെയ്യുന്നതിനു മുൻപായി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ ക്ലിയറൻസ് ആവശ്യമാണെന്ന് നിർദ്ദേശം നിലവിൽ വന്നിട്ടുള്ളതായി ഇ.സി.ഐ.എൽ കമ്മീഷനെ അറിയിക്കുകയുണ്ടായി. തുടർന്ന് കമ്മീഷന് ഇ.വി.എം. നിർമ്മിച്ചു നൽകുന്നതിനുള്ള ക്ലിയറൻസ് ഇ.സി.ഐ.എൽ-ന് നൽകണമെന്ന് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയോട് സംസ്ഥാന കമ്മീഷൻ അഭ്യർത്ഥിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വാർഡ് വിഭജനം വേണ്ടെന്ന് സർക്കാർ തീരുമാനിച്ചു. ഇതു നിമിത്തം അധികം പോളിംഗ് സ്റ്റേഷനുകൾ ആവശ്യമായി വരുന്നില്ല എന്നുള്ളതിനാൽ കണക്കാക്കിയിരുന്ന ഇ.വി.എം.-കളുടെ എണ്ണം 13912 എന്നതിൽ നിന്നും 8000 എണ്ണം ആയി കമ്മീഷൻ നിജപ്പെടുത്തുകയും ചെയ്തു. തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 11-11-2020-ന് മുൻപായി പൂർത്തിയാക്കേണ്ടതിനാലും കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷനിൽനിന്നും ക്ലിയറൻസ് ലഭിച്ചാലും ചുരുങ്ങിയ കാലയളവിനുള്ളിൽ ഇ.വി.എം. നിർമ്മിച്ച് വിതരണം ചെയ്യുവാൻ ഇ.സി.ഐ.എൽ-ന് കഴിയുകയില്ല എന്നതിനാലും പുതിയ ഇ.വി.എം.കൾ വാങ്ങുന്നതിൽ നിന്നും കമ്മീഷൻ പിന്മാറി. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലവും ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസവുമാണ് ഇതിനിടയാക്കിയത്.

ശിപാർശ

2015-00-110-99—സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

2020-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പുതിയ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ രൂപീകരിക്കുകയോ നിലവിലുള്ളവ പുനഃസംഘടിപ്പിക്കുകയോ

ചെയ്യുന്നപക്ഷം ഈ ശീർഷകത്തിൽ കൂടുതൽ തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

GO(Rt) 7142/2019/Fin dated 4-9-2019 സർക്കാർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി കമ്മീഷന് ലഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്തുന്നതിനായി 2-11-2019-ലെ സ.ഉ.(അച്ചടി) നമ്പർ 79/2019/ത.സ്വ.ഭ.വ. നമ്പർ പ്രകാരം സർക്കാർ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിരിന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ വ്യാപനം മൂലം ടി തീരുമാനം സർക്കാർ പിന്നീട് റദ്ദ് ചെയ്തതിനാൽ 2020-21 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക അനുവദിച്ചു കിട്ടുകയോ ആവശ്യമായി വരികയോ ചെയ്തിട്ടില്ല.

തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പിൽ നിന്നും കത്ത് നം. ഇ.എം.2/286/2019/ തസ്വഭവ, തീയതി 26-10-2021 പ്രകാരം ലഭ്യമായ ഖണ്ഡിക 32, 35, 36 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി പത്രിക 11-4-2022-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ</u>

4058-00-103-95—<u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

ബഡ്ജറ്റ് ഡോക്യുമെന്റിലെ പ്ലാൻ റൈറ്റപ്പ് പ്രകാരമുള്ള മെഷീനുകൾ വാങ്ങുന്നതിന് നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16.38 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-001-99—നടത്തിപ്പ്

പാർട്ട് ടൈം സ്വീപ്പർമാർക്ക് വേതനം നൽകുന്നതിനും, ഓഫീസ് കെട്ടിടത്തിന്റെ വാടകയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും, വാഹനം വാങ്ങൽ, വാഹനങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങിയ ദൈനംദിന ഓഫീസ് ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതിയുടെ പരിശോധനയിൽ വെളിവാക്കപ്പെട്ടു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 02—വേതനം | - | 5 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | - | 10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | - | 4 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | - | 10 ലക്ഷം രൂപ |
| 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും | - | 50,000 രൂപ |
| 99—വിവരസാങ്കേതിക വിദ്യ | - | 10 ലക്ഷം രൂപ |

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

സബ് ഓഫീസുകളിൽ കുടുംബശ്രീ മുഖേന നിയമിച്ചിരിക്കുന്ന താത്ക്കാലിക ജീവനക്കാരുടെ വേതനം നൽകുന്നതിനായി 12-11-2017-ലെ സ.ഉ.(സാധാ)8914/19/ധന. നമ്പർ ഉത്തരവ് പ്രകാരം 2058-00-001-99-02-4 Consolidated Pay, എന്ന ഉപശീർഷകത്തിൽ 4,20,000 രൂപയും 27-8-2019-ലെ സ.ഉ.(സാധാ) 6895/19/ധന നമ്പർ ഉത്തരവ് പ്രകാരം 2058-00-001-99-02-5 Daily Wages എന്നീ ഉപശീർഷകത്തിൽ 7,44,000 രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

2058-00-001-99-05 ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

2058-00-001-99-06 വാടക, കരം, നികുതി എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

സ്റ്റേഷനറി വകുപ്പിന് പുതിയൊരു സ്റ്റാഫ് കാർ വാങ്ങേണ്ട അത്യാവശ്യം പരിഗണിച്ച് 2058-00-001-99-21-1 വാഹനം വാങ്ങൽ ശീർഷകത്തിലേയ്ക്ക് 5-3-2020-ലെ സ.ഉ. (സാധാ) 1913/2020/ധന. നമ്പർ ഉത്തരവ് പ്രകാരം 2058-00-001-99-24 M&S

ശീർഷകത്തിൽനിന്നും 9,99,000/- രൂപ റീ-അപ്രോപ്രിയേറ്റ് ചെയ്തിരുന്നുവെങ്കിലും സംസ്ഥാനത്തൊട്ടാകെ പ്രഖ്യാപിച്ച ലോക്ക്ഡൗൺ സാഹചര്യത്തിൽ ബിൽ മാറിയെടുക്കുവാൻ സാധിച്ചില്ല. ടി തുക സറണ്ടർ ചെയ്തിട്ടുണ്ട്.

2058-00-001-99-21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

2058-00-001-99—വിവരസാങ്കേതികവിദ്യ എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-101-99— സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ - സംരക്ഷണം

18—സംരക്ഷണം

വെയ്ബ്രിഡ്ജ്, കമ്പ്യൂട്ടർ, പേപ്പർടെസ്റ്റിംഗ് ലാബിലെ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2058-00-101-99-24—സാധന സാമഗ്രികൾ

സർക്കാർ ഓഫീസുകൾക്കും പ്രസ്സുകൾക്കും ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ മതിയായ തോതിൽ വാങ്ങുവാൻ കഴിയാത്തതുകൊണ്ട് പല ഓഫീസുകൾക്കും ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടിവരുന്നുണ്ടെന്നും ആയത് സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടാക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നതിനായി ടി ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 3-8-2019-ലെ സ.ഉ. (സാധാ) 6163/2019/ധന നമ്പർ ഉത്തരവ് പ്രകാരം 3,00,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. കൊറോണ വൈറസ് വ്യാപന പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ലോക്ക്ഡൗൺ ആയതിനാൽ ബില്ലുകൾ ട്രഷറിയിൽ നിന്നും മാറിയെടുക്കാൻ സാധിച്ചില്ല. ടി ശീർഷകത്തിൽ 15,99,47,212 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

ശിപാർശ

2058-00-103-99— ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും ഓഫീസിലെ ടെലഫോൺ ചാർജ്ജ്, ലോഡിംഗ്/ അൺലോഡിംഗ് തൊഴിലാളികളുടെ വേതനം, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം മതിയാകില്ല എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | | |
|---|---|---|
| 01-6—ഓവർ ടൈം അലവൻസ് | - | 5 കോടി രൂപ |
| 05-3—ടെലഫോൺ ചെലവ് | - | 2 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | - | 12 ലക്ഷം രൂപ |
| 24—സാധനസാമഗ്രികൾ | - | 1.75 കോടി രൂപ |

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

2058-00-103-99-01-6- ഓവർ ടൈം അലവൻസ് എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

2058-00-103-99-05-3- ടെലഫോൺ ചെലവ് എന്ന ശീർഷകത്തിൽ 1,50,000 രൂപ ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിലെ 68,113 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

2058-00-103-99-05-4- മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം വഴി 21-11-2019-ലെ സ.ഉ.(സാധാ) 9148/2019/ധന നമ്പർ ഉത്തരവ് പ്രകാരം 6,60,000

രൂപയും 6-2-2020-ലെ സ.ഉ(സാധാ) 1008/2020/ധന നമ്പർ ഉത്തരവ് പ്രകാരം 4,00,000 രൂപയും അധിക ധനാഭ്യർത്ഥന വഴി 6-3-2020-ലെ സ.ഉ.(സാധാ) 1939/2020/ധന നമ്പർ ഉത്തരവ് പ്രകാരം 6,50,000 രൂപയും അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ 1,88,377 രൂപ സറണ്ടർ ചെയ്തിട്ടുണ്ട്.

2058-00-103-99-24- സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പിൽ നിന്നും കത്ത് നം.120/എച്ച്3/2020/ഉ.വി.വ, തീയതി 5-8-2020 & 18-4-2022 പ്രകാരം ലഭ്യമായ ഖണ്ഡിക 91 മുതൽ 95 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ 18-7-22-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 28-6-22-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം.1775/സബ്. സി ഡി2/2020/നി.സെ.)

ശിപാർശ

2052-00-090-95—നിയമ വകുപ്പ്

01-6—ഓവർടൈം അലവൻസ്

ഓവർ ടൈം അലവൻസ് എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമ വകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി '2052-00-090-95-01-6-ഓവർ ടൈം അലവൻസ് ' എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

'2052-00-090-95-01-6-ഓവർ ടൈം അലവൻസ്' എന്ന ശീർഷകത്തിൽ 39.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും, ഓവർ ടൈം അലവൻസ് അനുവദിക്കുന്നതിന്

നിയമ വകുപ്പിൽനിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തി, പരിഷ്കരിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെടുകയും, അതനുസരിച്ച് നിയമ (ഭരണ-1) വകുപ്പ് പുറപ്പെടുവിച്ച 31-12-2020-ലെ സ.ഉ.(സാധാ)നം.1093/2020/നിയമം നമ്പർ പരിഷ്കരിച്ച സർക്കാർ ഉത്തരവ് പ്രസ്തുത വകുപ്പിന് നൽകുകയുമുണ്ടായി. പ്രസ്തുത ശീർഷകത്തിൽ തുക ഇതുവരെയും അനുവദിച്ചിട്ടില്ല.

ശിപാർശ

2052-00-090-95—നിയമ വകുപ്പ്

05-4—മറ്റിനങ്ങൾ

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

26—ഔദ്യോഗിക ഭാഷ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ടി ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ 05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 4.03 ലക്ഷം രൂപയും, 21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 1.53 ലക്ഷം രൂപയും, 26-ഔദ്യോഗിക ഭാഷ എന്ന ശീർഷകത്തിൽ 49,000 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

'2052-00-090-95-05-4-മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ 4.03 ലക്ഷം രൂപയും, 2052-00-090-95-21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകത്തിൽ 1.53 ലക്ഷം രൂപയും, 2052-00-090-95-26-ഔദ്യോഗികഭാഷ എന്ന ശീർഷകത്തിൽ 49,000 രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും, ഈ വകുപ്പ് ആവശ്യപ്പെട്ട തുക ധനകാര്യ വകുപ്പിൽനിന്നും അനുവദിക്കുകയുമുണ്ടായി.

<u>ശിപാർശ</u>

2052-00-090-95—<u>നിയമ വകുപ്പ്</u>

45—<u>പി.ഒ.എൽ.</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ധന ചെലവിനത്തിലേയ്ക്ക് നിലവിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.35 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2052-00-090-95-45-പി.ഒ.എൽ. എന്ന ശീർഷകത്തിൽ 2.35 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും, ഈ വകുപ്പ് ആവശ്യപ്പെട്ട തുക ധനകാര്യ വകുപ്പിൽ നിന്നും അനുവദിക്കുകയുമുണ്ടായി.

<u>ശിപാർശ</u>

3451-00-090-98—<u>നിയമവകുപ്പിന്റെ നവീകരണം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

മോഡേണൈസേഷൻ ഓഫ് ലാ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (LIMS), കോർട്ട് കേസസ് മോണിറ്ററിംഗ് സൊല്യൂഷൻ ഫോർ ലാ ഓഫീസസ് (CCMS) എന്നിവ നിയമ വകുപ്പിലെ തുടർ പദ്ധതികളാണ്. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (KELTRON) ആണ് ഇവയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി വർത്തിച്ചുവരുന്നത്.

2020-21 സാമ്പത്തിക വർഷത്തിൽ 3451-00-090-98 (പ്ലാൻ) പദ്ധതിയ്ക്കായി 57 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ അലോട്ട് ചെയ്തിരുന്നത്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി കെൽട്രോണിന് നൽകേണ്ടിയിരുന്ന 53,72,827/- രൂപയുടെ ബിൽ Ways and Means ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്ത കാരണത്താൽ 31-3-2020-ന് മുൻപായി ട്രഷറിയിൽനിന്നും കെൽട്രോണിന് തുക മാറി നൽകുവാൻ കഴിഞ്ഞില്ല.

30-3-2020-ലെ SS1/132/2020/ധന. നമ്പർ സർക്കുലർ പ്രകാരം, 2020 മാർച്ച് 31-ന് മുൻപായി ട്രഷറികളിൽ സമർപ്പിക്കുകയും എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ പാസ്സാക്കുവാൻ കഴിയാതിരുന്നതുമായ വിവിധ സർക്കാർ വകുപ്പുകളുടെ ബില്ലുകളും/ ചെക്കുകളും 2020-21 സാമ്പത്തിക വർഷത്തിൽ മാറി നൽകുന്നതാണെന്ന നിബന്ധനയ്ക്ക് വിധേയമായാണ് ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയിരുന്നത്. അപ്രകാരം ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയ ബില്ലുകൾ പുതുക്കിയ ഭരണാനുമതി കൂടാതെ തന്നെ 2020-21 ബജറ്റ് വിഹിതത്തിൽനിന്നും മാറി നൽകുവാൻ സർക്കാർ തീരുമാനിച്ചതായി 8-4-2020-ൽ പുറപ്പെടുവിച്ച 21/2020/ധന. നമ്പർ സർക്കുലറിൽ അറിയിച്ചിരുന്നു. അതിൻപ്രകാരം 2019-20 സാമ്പത്തിക വർഷം മാർച്ച് 31-ന് പാസ്സാക്കാൻ കഴിയാതിരുന്ന 53,72,827 (അമ്പത്തിമൂന്നു ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി ഇരുപത്തേഴ് രൂപ മാത്രം) രൂപയുടെ ബില്ല് 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 57,00,000 (അമ്പത്തി ഏഴ് ലക്ഷം രൂപ മാത്രം) രൂപയിൽ നിന്നും കുറവ് ചെയ്താണ് 12-6-2020-ൽ മാറി നൽകിയിട്ടുള്ളത്. ആയതിനാൽ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ 3,27,173 (മൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഒരുന്നൂറ്റി എഴുപത്തി മൂന്ന്) രൂപ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ.

മേൽ സാഹചര്യത്തിൽ, 2019-20-ലെ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനുവേണ്ടി 2020-21-ലെ ബഡ്ജറ്റ് അലോട്ട്മെന്റിൽ നിന്നും ചെലവാക്കിയ 53,72,827/- രൂപയും വിഷയ നിർണ്ണയ സമിതി അനുവദിച്ച 11 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 64,72,827/- (അറുപത്തിനാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ) കൂടി സപ്ലിമെന്ററി ഗ്രാന്റായി അനുവദിക്കണമെന്ന് ധനകാര്യ (ബഡ്ജറ്റ് വിങ്) വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്ത 11 ലക്ഷം രൂപയും ചേർത്ത് 61 ലക്ഷം രൂപ 18.02.2021-ലെ G.O(Rt)No. 1512/2021/Fin ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻ ആയാണ് അനുവദിച്ചിരുന്നത്. എന്നാൽ BIMS software പ്രവർത്തിക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷം ടി തുക വിനിയോഗിക്കുവാൻ കഴിയാതിരുന്നതിനാൽ സറണ്ടർ ചെയ്തിട്ടുള്ളതുമാണ്.

ശിപാർശ

2014-00-110-99—അഡ്മിനിസ്റ്റേറ്റർസ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും

ബഡ്ജറ്റ് വിഹിതം മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 9,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

എ.ജി. & ഒ.റ്റി. കാര്യാലയത്തിൽ പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഓഫീസ് ചെലവുകൾക്കായി 2014-00-110-99 ശീർഷകത്തിൽ അധിക ഫണ്ടായി 9,000/- രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ലാത്തതാണ്.

ശിപാർശ

2014-00-114-99—ലാ ഓഫീസർമാർ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങളിലായി 3.28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 7 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 4 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചാർജ്ജ് | 7 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 34-3-മറ്റിനം | 3 കോടി രൂപ |

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

അഡ്വക്കേറ്റ് ജനറൽ കാര്യാലയത്തിന്റെ 2014-00-114-99-ലാ ഓഫീസർമാർ എന്ന ശീർഷകത്തിൽ അധിക വിഹിതമായി 3,01,79,000 രൂപ ചുവടെ പറയും പ്രകാരം അനുവദിച്ചു.

1) 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 1,00,000 രൂപ 9-9-2020 തീയതിയിലെ സ.ഉ.(സാധാ) നം. 5190/2020/ധനം നമ്പർ ഉത്തരവ് പ്രകാരവും 6-11-2020 തീയതിയിലെ സ.ഉ.(സാധാ) നം. 6407/2020/ധനം നമ്പർ ഉത്തരവ് പ്രകാരം 3,00,000 രൂപയും അധിക തുകയായി അനുവദിച്ചിട്ടുള്ളതാണ്. (ആകെ 4 ലക്ഷം രൂപ)

2) 05-2-വൈദ്യുതി ചെലവ് എന്ന ശീർഷകത്തിൽ കോവിഡ് 19 വ്യാപനംമൂലം ഓഫീസ് പൂർണ്ണമായും പ്രവർത്തിക്കാത്തതിനാൽ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഈ ശീർഷകങ്ങളിൽ ചെലവ് വളരെ കുറവായിരുന്നു. ആയതിനാൽ തുക ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്.

3) 05-3-ടെലിഫോൺ ചാർജ്ജ് എന്ന ശീർഷകത്തിൽ കോവിഡ് 19 വ്യാപനം മൂലം ഓഫീസ് പൂർണ്ണമായും പ്രവർത്തിക്കാത്തതിനാൽ ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഈ ശീർഷകങ്ങളിൽ ചെലവ് വളരെ കുറവായിരുന്നു. ആയതിനാൽ തുക ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്.

4) 05-4-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്.

5) 34-3-മറ്റിനം എന്ന ശീർഷകത്തിൽ 6-11-2020 തീയതിയിലെ G.O.(Rt)No.6406/2020/Fin. നമ്പർ ഉത്തരവ് പ്രകാരം 1,00,000 രൂപ വാട്ടർ ചാർജ്ജസ് (05-1) എന്ന ശീർഷകത്തിൽ നിന്നും ധനപുനഃവിനിയോഗം ചെയ്തിട്ടുള്ളതാണ്. 25-1-2021 തീയതിയിലെ G.O.(Rt)No.6406/2020/Fin. നമ്പർ ഉത്തരവ് പ്രകാരം 2,96,79,000 രൂപ അധിക തുകയായും അനുവദിച്ചിട്ടുള്ളതാണ്.(ആകെ 2,97,79,000)

## ശിപാർശ

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

ബഡ്ജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവ. പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസവേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി

മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5.3018 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

ബഹു. വിഷയ നിർണ്ണയ സമിതിയുടെ മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ 2014-00-114-98 എന്ന ശീർഷകത്തിൻ കീഴിൽ വരുന്ന ബന്ധപ്പെട്ട ശീർഷകത്തിൽ നിയമ (മോണിറ്ററിംഗ് സെൽ) വകുപ്പിന് അധിക തുക അനുവദിച്ച് ഉത്തരവാകണമെന്ന് 23-9-2020-ലെ 12638/എം.സി.1/2020/നിയമം നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുള്ളതും ആയതുപ്രകാരം 5,30,65,000/- രൂപ 2020-21 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പ് അധികധനമായി അനുവദിച്ചിട്ടുള്ളതുമാണ്.

<u>ശിപാർശ</u>

2014-00-114-93—<u>കേരള സംസ്ഥാന നിയമസഹായ സമിതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും ഓഫീസ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപ്പണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ, താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | -5 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | -2 ലക്ഷം രൂപ |
| 04-2-സ്ഥലംമാറ്റ ബത്ത | -4 ലക്ഷം രൂപ |
| 04-4-അവധിയാത്രാനുകൂല്യം | -20 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | -4 ലക്ഷം രൂപ |
| 05-4-മറ്റിനങ്ങൾ | -9.49 ലക്ഷം രൂപ |
| 06- വാടക, കരം, നികുതി | -15.05 ലക്ഷം രൂപ |

| | |
|---|---|
| 21-1-മോട്ടോർ വാഹനങ്ങൾ-വാങ്ങൽ | -1.1199 കോടി രൂപ |
| 21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും | -5.43 ലക്ഷം രൂപ |
| 34-മറ്റ് ചെലവുകൾ | -5 കോടി രൂപ |
| 99-വിവരസാങ്കേതിക വിദ്യ | -4 ലക്ഷം രൂപ |

(ഖണ്ഡിക 49)

സ്വീകരിച്ച നടപടി

2014-00-114-93-കെൽസ എന്ന ശീർഷകത്തിൽ ജഡ്ജിമാർക്കായി മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, അവധിയാത്ര ആനുകൂല്യം, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ, മോട്ടോർ വാഹനം വാങ്ങൽ, മോട്ടോർ വാഹനം-സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ, വിവര സാങ്കേതികവിദ്യ എന്നീ ശീർഷകത്തിൽ അധികതുക സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. എങ്കിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്ന ശീർഷകത്തിൽ 8,00,000 രൂപ, വാടക, കരം, നികുതി 10,00,000 രൂപ 3-12-2020 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 7105/2020/ഫിൻ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്. എന്നാൽ മറ്റുള്ള ശീർഷകങ്ങളിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

ശിപാർശ

2014-00-114-92—സ്ഥിര ലോക അദാലത്ത്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

| | |
|---|---|
| 01-5-മറ്റ് അലവൻസുകൾ | - 20 ലക്ഷം രൂപ |
| 04-2-സ്ഥലമാറ്റ ബത്ത | - 9,000 രൂപ |

| | |
|---|---|
| 04-4-അവധി യാത്രാനുകൂല്യം | - 90,000 രൂപ |
| 05-3-ടെലഫോൺ ചെലവ് | - 12,000 രൂപ |
| 05-4-മറ്റിനങ്ങൾ | - 5.80 ലക്ഷം രൂപ |
| 99-വിവരസാങ്കേതികവിദ്യ | - 2.90 ലക്ഷം രൂപ |

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

(01) ശമ്പളം, (04-2) സ്ഥലം മാറ്റബത്ത, (04-4) അവധി യാത്രാനുകൂല്യം, (05-3) ടെലഫോൺ ചെലവ്, (05-4) മറ്റിനങ്ങൾ, (99)- വിവര സാങ്കേതികം എന്നീ ശീർഷകത്തിൽ അധിക തുക സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു എങ്കിലും 23-3-2021 തീയതിയിലെ സ.ഉ.(സാധാ)നമ്പർ 2786/2021/ഫിൻ ഉത്തരവ് പ്രകാരം (05-4) മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 1,10,000 രൂപയും (99)-വിവര സാങ്കേതികം എന്ന ശീർഷകത്തിൽ 2,47,000 രൂപയും കൂടി ആകെ 3,57,000 രൂപ 12-12-2020 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 7239/ 2020/ഫിൻ പ്രകാരം സർക്കാർ അനുവദിച്ചിട്ടുള്ളതുമാണ്.

ശിപാർശ

2014-00-800-94—നിയമസഹായ നിധി അംശദാനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

സ്വീകരിച്ച നടപടി

ധനകാര്യ വകുപ്പിനോട് സമിതിയുടെ ഉത്തരവ് നടപ്പിലാക്കാൻ ആവശ്യപ്പെട്ടെങ്കിലും തുക ലഭ്യമാക്കിയില്ല. ബഡ്ജറ്റ് വിഹിതത്തിൽനിന്ന് 4 കോടി രൂപ മാത്രമാണ് 2020-21 സാമ്പത്തിക വർഷം 2014-00-800-94 നിയമസഹായ അംശദാനം എന്ന ശീർഷകത്തിൽ അനുവദിച്ചത്.

ശിപാർശ

2014-00-800-91—കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സഹായധനം

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ള ബോധവൽക്കരണ പരിപാടികൾ, ജീവനക്കാരുടെ ശമ്പളം, വേതനം, കെട്ടിടത്തിന്റെ വാടക എന്നീ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.7394 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

2020-2021 സാമ്പത്തിക വർഷത്തിൽ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓഫീസ് പ്രവർത്തി ദിനങ്ങളും പ്രവർത്തനങ്ങളും താരതമ്യേന കുറവും ലോക്ഡൗൺ മൂലമുള്ള നിയന്ത്രണങ്ങളും ഉണ്ടായിരുന്നതിനാൽ അനുവദിച്ച ലഭിച്ച ഫണ്ട് ഉപയോഗിച്ച തന്നെ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ നടന്നതിനാൽ കൂടുതൽ ഫണ്ട് ആവശ്യമായി വന്നില്ല.

ശിപാർശ

2014-00-800-80—കേരള നിയമ പരിഷ്കാര കമ്മീഷൻ

02-5—ദിവസവേതനം

ബഡ്ജറ്റ് വിഹിതം സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദിവസ വേതന ജീവനക്കാരുടെ വേതനം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.72 ലക്ഷം രൂപ ധനപുനഃ വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

2014-00-800-80—കേരള നിയമപരിഷ്കാര കമ്മീഷൻ

04-1—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ അംഗങ്ങളുടെ യാത്രാപ്പടി ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

2014-00-800-80— കേരള നിയമപരിഷ്കാര കമ്മീഷൻ

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, കോട്ടയം, ഓഫീസുകളുടെ വാടക ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

2014-00-800-80—കേരള നിയമപരിഷ്കാര കമ്മീഷൻ

97—വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് വച്ച് നടക്കുന്ന മീറ്റിംഗുകൾക്ക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി(ഖണ്ഡിക 62 മുതൽ 65 വരെ)</u>

ബഹുമാനപ്പെട്ട വിഷയ നിർണ്ണയ സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ 62, 63, 64, 65 എന്നീ ക്രമനമ്പർ/ഖണ്ഡികകളിൽ പരാമർശിച്ച 2014-00-800-80-02-5-ദിവസവേതനം, 2014-00-800-80-04-1-യാത്രാബത്ത, 2014-00-800-80-06-വാടക, കരം, നികുതി, 2014-00-800-80-97-വാഹനങ്ങളുടെ വാടക എന്നീ ബഡ്ജറ്റ് കണക്ക് ശീർഷകങ്ങളിൽ അധിക തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന ശിപാർശയുമായി ബന്ധപ്പെട്ട് അധിക തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയും, ബഹുമാനപ്പെട്ട വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരിക്കുന്ന ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിച്ചതിന് ശേഷം ഉചിതമായ ഏതെങ്കിലും ശീർഷകങ്ങളിൽ നിന്നും മിച്ചം കണ്ടെത്തി ധനപുനഃവിനിയോഗത്തിനുള്ള ശിപാർശ സമർപ്പിക്കുവാൻ ധനകാര്യ (വ്യയം-ബി) വകുപ്പ് ആവശ്യപ്പെടുകയും ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന് പിന്നീട് ശിപാർശകൾ വകുപ്പ് സമർപ്പിക്കുകയും, അനുപ്രകാരം 2014-00-800-80-02-5-ദിവസവേതനം എന്ന കണക്ക് ശീർഷകത്തിൽ 2014-00-800-05-04-മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിൽനിന്നും 1,00,000 രൂപയും 2014-00-800-80-02-4-കൺസോളിഡേറ്റഡ് എന്ന കണക്ക് ശീർഷകത്തിൽ നിന്നും 1,05,000 രൂപയും ഉൾപ്പെടെ ആകെ 2,05,000 രൂപയും, 2014-00-800-80-97-വാഹനങ്ങളുടെ വാടക എന്ന കണക്ക് ശീർഷകത്തിലേയ്ക്ക് 2014-00-800-80-34-മറ്റു ചെലവുകൾ-03-മറ്റിനം എന്ന കണക്ക് ശീർഷകത്തിൽ നിന്നും 1,75,000 രൂപയും റീ-അപ്രോപ്രിയേഷൻ മുഖേന ധനകാര്യ വകുപ്പ് അനുവദിച്ചു നൽകുകയുമുണ്ടായി. എന്നാൽ സമിതി റിപ്പോർട്ടിലെ ഖണ്ഡിക 63-ലെ 2014-00-800-80-04-1-യാത്രാബത്ത, ഖണ്ഡിക 64-ലെ 2014-00-800-80-06-വാടക, കരം, നികുതി എന്നീ രണ്ട് കണക്ക് ശീർഷകങ്ങളിലേയ്ക്ക് അധിക തുക അനുവദിക്കുന്നതിനായി ഈ വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടില്ലാത്തതുമാണ്.

<u>ശിപാർശ</u>

2070-00-119-98—<u>ഔദ്യോഗിക ഭാഷാ കമ്മീഷൻ</u>

01—<u>ശമ്പളം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിലുള്ള 39 തസ്തികകളിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതിനാൽ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 45.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 171)

02—വേതനം

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 26,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 172)

04—യാത്രച്ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉദ്യോഗസ്ഥർക്ക് എൽ.ടി.സി. ഇനത്തിലും യാത്രാചെലവിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 173)

05—ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ, കമ്പ്യൂട്ടർവത്കരണം തുടങ്ങിയവയ്ക്ക് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3,37,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 174)

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1,00,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 175)

21—<u>മോട്ടോർ വാഹനങ്ങൾ</u>

നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 176)

26—<u>ഔദ്യോഗികഭാഷ പ്രയോഗം</u>

മാതൃഭാഷയിൽ പരിഭാഷപ്പെടുത്തിയ കേന്ദ്രനിയമങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 177)

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 171 മുതൽ 177 വരെ)</u>

അധികമായി ശിപാർശ ചെയ്ത തുക അനുവദിക്കുന്നതിലേയ്ക്കായി 29-6-2020-ലെ 453/എ 1/2020/ഔഭ.(നി.നി.)ക. നമ്പർ കത്ത് മുഖാന്തിരം നടപടി സ്വീകരിച്ചിരുന്നു.

നിയമ (പാർല) വകുപ്പിൽനിന്നും കത്ത് നമ്പർ 8224/പാർല/2019/നിയമം, തീയതി 10-11-2021 പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക നം. 5, 6, 7, 23, 46, 47, 48, 49, 50, 56, 57, 58, 62-65, 171-177 എന്നീ ശിപാർശകളിന്മേലുള്ള നടപടിപത്രികകൾ 11-4-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ കമ്മീഷനിൽ പുതുതായി കമ്മീഷണർമാർ നിയമിതരായതിനാൽ ചെലവ് ആനുപാതികമായി വർദ്ധിച്ചതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതമായ 5.0145 കോടി രൂപയ്ക്ക് (നോൺ പ്ലാൻ) പുറമെ 24,05,000 രൂപ (ഇരുപത്തിനാല് ലക്ഷത്തി അയ്യായിരം രൂപ മാത്രം) ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി 5 ഗഡുക്കളായി കമ്മീഷന് അനുവദിച്ചിട്ടുണ്ട്.

പൊതുഭരണ (ഏകോപനം) വകുപ്പിൽനിന്നും കത്ത് നം. സി.ഡി.എൻ5/63/2021, പൊഭവ. തീയതി 17-8-2021 പ്രകാരം ലഭ്യമായ മേൽ നടപടിപത്രിക 11-4-2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ</u>

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള തുകയും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

<u>സ്വീകരിച്ച നടപടി</u>

വാടക ഇനത്തിൽ 3451-00-092-92-00-06-0-N-V എന്ന ശീർഷകത്തിൽ 6-3-2021 ലെ ജി.ഒ.(ആർ.റ്റി)നം.2079/ഫിൻ പ്രകാരം 69,00,000/- (അറുപത്തിയൊമ്പതു ലക്ഷം രൂപ മാത്രം), മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ 3451-00-092-92-00-04-0-N-V എന്ന ശീർഷകത്തിൽ 22-1-2021 ലെ ജി.ഒ. (ആർ.റ്റി)നം.567/ഫിൻ പ്രകാരം 42,000 (നാല്പത്തിരണ്ടായിരം രൂപ മാത്രം) രൂപയും ഉൾപ്പെടെ ആകെ 69,42,000 (അറുപത്തിയൊമ്പത് ലക്ഷത്തി നാല്പത്തിരണ്ടായിരം രൂപ മാത്രം) അധിക ധനാഭ്യർത്ഥന വഴി അനുവദിക്കപ്പെട്ടിരുന്നു.

<u>ശിപാർശ</u>

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

34 -03 —<u>മറ്റിനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 കോടി രൂപയിൽ ബാക്കിയുള്ള 12.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

സ.ഉ.(സാധാ) നം. 936/2021/ധന നമ്പർ ഉത്തരവ് തീയതി 2-2-2021 പ്രകാരം 12.25 കോടി രൂപ 3451-00-092-92-34-03-other items P(v) ശീർഷകത്തിൽ അധിക ധനാഭ്യർത്ഥന വഴി അനുവദിക്കപ്പെട്ടിരുന്നു.

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പിൽ നിന്നും ഡി2/118/2021/പ്ലാനിംഗ്, തീയതി 20-10-2021 & ഡി2/114/2020/പ്ലാനിംഗ്, തീയതി 16-11-2021 എന്നീ കത്തുകൾ പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 18, 19 എന്നിവയിലെ ശിപാർശകൾക്കുള്ള നടപടി പത്രികകൾ 11-4-22-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>ശിപാർശ</u>

3451-00-102-99—<u>ജില്ലാ ആസൂത്രണ വിഭാഗം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടങ്ങൾക്കുള്ള കുടിശ്ശിക, കരം എന്നീയിനങ്ങളിലെ ചെലവ് നിർവ്വഹിക്കുവാൻ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ നിന്നും തുക ഒന്നും തന്നെ ചെലവഴിച്ചിരുന്നില്ല. ജില്ലാ പ്ലാനിംഗ് ഓഫീസുകൾ പ്രവർത്തിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് കരം/കുടിശ്ശിക എന്നിവ ഒഴിവാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ അധികഫണ്ടിനായി ആസൂത്രണ ബോർഡ് ശിപാർശ സമർപ്പിച്ചിരുന്നില്ല.

ശിപാർശ

3451-00-101-99—സംസ്ഥാന ആസൂത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ വേതനം നൽകുന്നതിനായി നടപ്പു വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വലിയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2020-21 സാമ്പത്തിക വർഷത്തിൽ 3451-00-101-99-02-05(NP) ശീർഷകത്തിൽ 4,72,000 രൂപയാണ് അനുവദിച്ചിരുന്നത്. ഈ ശീർഷകത്തിൽ ആവശ്യമായ തുക മാറുന്നതിനു തടസ്സമില്ലാത്തതിനാൽ ഈ സാമ്പത്തികവർഷാവസാനം വരെ അധികതുക ചെലവായിട്ടുള്ളത് ക്രമീകരിക്കുന്നതിനായി വിശദാംശങ്ങൾ സഹിതം ശിപാർശ സമർപ്പിക്കുവാൻ ആസൂത്രണ ബോർഡിനോട് നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മെമ്പർ സെക്രട്ടറി സമർപ്പിച്ച ശിപാർശ പരിഗണിച്ച് അധികമായി ചെലവാക്കിയ 21,94,000/- രൂപ 27-4-2021 ലെ ജി.ഒ.(ആർ.റ്റി)നം.3729/2021 ഫിൻ നമ്പർ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്തിട്ടുണ്ട്.

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പിൽനിന്നും കത്ത് നമ്പർ 75/ബി2/2020/പ്ലാനിംഗ്, തീയതി 25-8-2021 & 25-9-2021 പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 20, 21-ലെ ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ 11-4-22-ലെ സമിതിയോഗത്തിൽ പരിഗണിച്ച് അംഗീകരിക്കുകയുണ്ടായി.

ശിപാർശ

2070-00-119-97— ഭരണഭാഷ നടപ്പാക്കൽ

05-04—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഔദ്യോഗികഭാഷാ ആക്ടിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ. ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ

സംഘടിപ്പിക്കൽ, ഔദ്യോഗികഭാഷാ വകുപ്പിന് സ്വന്തമായി ഒരു വെബ് സൈറ്റ് രൂപീകരിക്കൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.799 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 178)

<u>സ്വീകരിച്ച നടപടി</u>

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 21 ലക്ഷം രൂപയാണ് '2070-00-119-97-05-4-മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ ഔദ്യോഗികഭാഷാ വകുപ്പിന് ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ നവംബർ ദിനാഘോഷം, ഭരണഭാഷാവാരാഘോഷം, മാതൃഭാഷാ ദിനാഘോഷം, ഔദ്യോഗികഭാഷാ ആക്ടിലെ വ്യവസ്ഥകൾ, നിർദ്ദേശങ്ങൾ, പ്രധാനപ്പെട്ട ഉത്തരവുകൾ എന്നിവയെക്കുറിച്ച് സർക്കാർ ജീവനക്കാരെ ബോധവൽക്കരിക്കൽ, ഭാഷാമാറ്റപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ, തുടങ്ങി വകുപ്പിന്റെ പ്രവർത്തനങ്ങൾ മുൻവർഷങ്ങളിലേതു പോലെ സംഘടിപ്പിക്കുവാൻ സാധിക്കാതിരുന്നതിനാൽ ഈ ശീർഷകത്തിൽ നിന്ന് 2396 രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിരുന്നുള്ളൂ. ബാക്കി തുക സറണ്ടർ ചെയ്തു. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കപ്പെടാത്തതിനാൽ അധിക തുകയ്ക്കുള്ള ശിപാർശ സമർപ്പിക്കേണ്ട സാഹചര്യം ഉണ്ടായില്ല.

<u>ശിപാർശ</u>

2070-00-119-97—<u>ഭരണഭാഷ നടപ്പാക്കൽ</u>

02-5—<u>ദിവസവേതനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു ആയതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 179)

സ്വീകരിച്ച നടപടി

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് സെക്രട്ടറിയുടെ വാഹനത്തിന്റെ താൽക്കാലിക ഡ്രൈവർക്കും വിവിധ വകുപ്പുകൾ പരിഭാഷപ്പെടുത്തി ലഭ്യമാക്കുന്ന കോഡുകൾ, മാന്വലുകൾ, ഫാറങ്ങൾ തുടങ്ങിയവയുടെ സൂക്ഷ്മപരിശോധന ജോലികൾക്കായി താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നവർക്കും 2070-00-119-97-02-5 - ദിവസവേതനം എന്ന ശീർഷകത്തിൽ നിന്നമാണ് വേതനം നൽകുന്നത്. 2020-21 സാമ്പത്തികവർഷം 1,68,000 രൂപയാണ് അനുവദിച്ചത്. അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30,000 രൂപ കൂടി അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയുണ്ടായി. അധികമായി ലഭിച്ച തുകയിൽ 6,350 രൂപ ഉൾപ്പെടെ ഈ ശീർഷകത്തിൽ നിന്ന് ആകെ 1,74,350 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിൽ നിന്നും കത്ത് നമ്പർ ഔഭാ1/87/2020/ഉഭപവ, തീയതി 8-9-2021 പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 178, 179-ലെ ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ 11.04.22-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ

4059-60-051-85—അഗ്നി പ്രതിരോധവും നിയന്ത്രണവും

ബഡ്ജറ്റ് വിഹിതം സമിതി പരിശോധിക്കുകയും ഇതൊരു പുതിയ പദ്ധതിയായതിനാൽ, പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ച് പാമ്പാടി, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ പുതുതായി ഫയർ സ്റ്റേഷനുകൾക്ക് കെട്ടിടനിർമ്മാണത്തിന് 5 കോടി രൂപ വീതം ആകെ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 180)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ ആകെ ചെലവായ തുക 2.50 ലക്ഷം രൂപയാണ്. ആയതിനാൽ സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

പൊതുമരാമത്ത് (ഇ) വകുപ്പിൽനിന്നും കത്ത് നമ്പർ ഇ 3/311/2020/പൊമവ. തീയതി 28-7-21 & 25-10-21 പ്രകാരം ലഭ്യമാക്കിയ മേൽ നടപടിപത്രിക 11-4-22-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ശിപാർശ

3425-60-200-71(01)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 20.05 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 181)

സ്വീകരിച്ച നടപടി

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

ശിപാർശ

3425-60-200-71(02)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 182)

സ്വീകരിച്ച നടപടി

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

ശിപാർശ

3425-60-200-71(03)—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ- സ്കീമുകളും പരിപാടികളും

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 14.588 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 183)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

3425-60-200-71(04)—<u>ശാസ്ത്ര സ്ഥാപനങ്ങൾക്കുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 184)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അനുവദിക്കുകയുണ്ടായി.

<u>ശിപാർശ</u>

3425-60-200-71(07)—<u>ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കായുള്ള കേരള സ്റ്റേറ്റ് കൗൺസിൽ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിന്റെ കീഴിലുള്ള 7 ഗവേഷണ സ്ഥാപനങ്ങളിലെയും കൗൺസിൽ കാര്യാലയത്തിലെയും ശാസ്ത്രജ്ഞരുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും നൽകുന്നതിനും ശാസ്ത്രജ്ഞന്മാർക്ക് ഏഴാം

ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനും സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 13.0009 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 185)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

3425-60-200-70—<u>ബയോടെക്നോളജി വികസനം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജൈവ സാങ്കേതിക വിദ്യാവികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 186)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പൂർണ്ണമായും അനുവദിയ്ക്കുകയുണ്ടായി.

<u>ശിപാർശ</u>

3425-60-200-67—<u>സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി സമിതി - പ്രത്യേക പരിപാടികൾ</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പുതിയ ആറ് പരിപാടികളുടെ നടത്തിപ്പിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.95 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 187)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

3425-60-200-63—<u>കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി (പൈലറ്റ്)</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കരമന നദീതടത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും പദ്ധതി ചെലവുകൾക്കും നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 188)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

<u>ശിപാർശ</u>

3425-60-200-55—<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി.)</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന കെട്ടിടം, പ്രീഫാബ് കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യവികസനങ്ങൾക്കുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 58.75 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 189)

<u>സ്വീകരിച്ച നടപടി</u>

ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അവശേഷിച്ചിരുന്നതിനാൽ അധിക തുക അനുവദിയ്ക്കുകയുണ്ടായില്ല.

ശാസ്ത്രസാങ്കേതിക (എ) വകുപ്പിൽ നിന്നും കത്ത് നം. എ 2/85/2020/ശാസാവ, തീയതി 17-9-2021 പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 181-189 വരെയുള്ള ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ 11-4-2022-ലെ സമിതി യോഗത്തിൽ പരിഗണിച്ച് അംഗീകരിച്ചു.

പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശ (iii)

വിജിലൻസ് വകുപ്പിന്റെ ഓഫീസ് കംമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണത്തിന് ഐ.ടി സംബന്ധമായ പുതിയ ശീർഷകം സൃഷ്ടിച്ച് ഒരു ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ വിവരസാങ്കേതികവിദ്യ സംബന്ധമായ പദ്ധതികൾക്കായി 2020-21 വർഷം 2062-00-104-98-Modernization of Vigilance Department എന്ന ശീർഷകത്തിൽ 55 ലക്ഷം രൂപ ചെലവഴിക്കുവാൻ 10-11-2020-ലെ സ.ഉ.(സാധാ) നം. 109/2020/വിജി പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ഐ ടി സംബന്ധമായ പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തേണ്ട ആവശ്യം വന്നില്ല.

വിജിലൻസ് (സി) വകുപ്പിൽ നിന്നും കത്ത് നം. വിജിസി3/207/2020/വിജി, തീയതി 5-2-2021 പ്രകാരം ലഭ്യമായ മേൽ നടപടിപത്രിക 11-4-2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.

ശിപാർശ

2015-00-103-99 —തെരഞ്ഞെടുപ്പുകൾ-നിയമസഭയും പാർലമെന്റും

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-ൽ നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ ചെലവുകൾ നടത്തേണ്ടതിനാൽ അനുബന്ധ ചെലവുകൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 9.8331 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധികമായി 7,92,31,000 രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

ശിപാർശ

2015-00-106-99– സംസ്ഥാന/കേന്ദ്ര ഭരണപ്രദേശ നിയമസഭകളിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്തുന്നതിനുള്ള ചെലവ്

സംസ്ഥാന നിയമസഭയിലേക്ക് ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് നടത്താനിടയായാൽ ആയതിലേക്കുള്ള ചെലവുകൾ വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. കുട്ടനാട് നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് നടത്തേണ്ടതിനാൽ അധികതുക ആവശ്യമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 19.1005 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധികമായി 205,42,75,000/- രൂപ ധനകാര്യ വകുപ്പ് അനുവദിക്കുകയുണ്ടായി.

ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പിൽനിന്നും കത്ത് നം. ഇഎ 1/1547/2022/ഇലക്, തീയതി 19-8-2022 പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക നം. 67,68 ശിപാർശകളിൻമേലുള്ള നടപടിപത്രികകൾ 21-2-2023-ലെ സമിതി യോഗം അംഗീകരിക്കുകയും കാലതാമസ പത്രിക 1-9-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശ (i)

ഐ.എം.ജി.യുടെ കീഴിൽ ഒരു ഗുഡ് ഗവേണൻസ് സെന്റർ തുടങ്ങുവാനും നവകേരള സൃഷ്ടിക്കു ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനുള്ള ഒരു ട്രെയിനിംഗ് ആരംഭിക്കുന്നതിനുമായി ഒരു പുതിയ ശീർഷകം സൃഷ്ടിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നം. 7058/2021/ധനം തീയതി 1-11-2021 പ്രകാരം പുതിയ ശീർഷകം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.13) വകുപ്പിൽ നിന്നും കത്ത് നം. 75/എ.ആർ 13(1)/2021/ഉപഭവ, തീയതി 30-7-2022 പ്രകാരം ലഭ്യമായ ശിപാർശയിൻമേലുള്ള നടപടിപത്രിക 21-2-2023-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 1-9-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം. 12066/സബ്.സി.ഡി2/21/നി.സെ.)

ശിപാർശ

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ജീവനക്കാർ, ദിവസവേതനക്കാർ, കമ്മീഷൻ അംഗങ്ങൾ എന്നിവരുടെ ശമ്പളം, ക്ഷാമബത്ത, പി.എസ്.സി. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, ഓഫീസുകളിലെയും ഗസ്റ്റ്ഹൗസുകളിലെയും വെള്ളക്കരം, കരം, കെട്ടിട വാടക, പി. എസ്.സി ബുള്ളറ്റിൻ/വജ്രജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-1- ശമ്പളം - 10.2379 കോടി രൂപ

02- വേതനം - 6.23 ലക്ഷം രൂപ

05-1- വെള്ളക്കരം - 3 ലക്ഷം രൂപ

06- വാടക, കരം, നികുതി - 26.43 ലക്ഷം രൂപ

07- പ്രസിദ്ധീകരണങ്ങൾ - 65 ലക്ഷം രൂപ

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി (ഇടക്കാല മറുപടി)

പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് 58 ലക്ഷം രൂപയുടെ അധിക ചെലവ് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ നടപ്പു വർഷം ലഭിച്ച അധിക ബില്ലുകളുടെ തുകയായ 1,82,270 രൂപയും ചേർത്ത് ആകെ 59,82,270 (അൻപത്തിയൊൻപത് ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഇരുനൂറ്റി എഴുപത് രൂപ മാത്രം) രൂപ അധികമായി 2051-00-102-99-07-പ്രസിദ്ധീകരണങ്ങൾ എന്ന ശീർഷകത്തിൽ അനുവദിച്ചു നൽകുകയോ അല്ലെങ്കിൽ 2051-00-102-99-05 OE (4) other items എന്ന ശീർഷകത്തിൽനിന്നും

ധനപുനഃവിനിയോഗം വഴി ലഭ്യമാക്കുകയോ വേണമെന്ന പി.എസ്.സി. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനപുനഃവിനിയോഗം വഴി അധികമായി പത്ത് ലക്ഷം രൂപ 1-11-2021 തീയതിയിലെ സ.ഉ. (സാധാ) നം. 7052/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം വകയിരുത്തിയിട്ടുണ്ട്. നിയമസഭാസമിതി ശിപാർശ ചെയ്തിരുന്ന മറ്റ് ശീർഷകങ്ങളിൽ ബജറ്റ് വിഹിതമായി അനുവദിക്കപ്പെട്ട തുക പൂർണ്ണമായും ചെലവഴിക്കാത്തതിനാൽ അധിക വിഹിതം അനുവദിച്ചിട്ടില്ല.

പൊതുഭരണ സ്പെഷ്യൽ (ഇ) വകുപ്പിൽനിന്നും കത്ത് നം.സ്പെ. ഇ 1/103/2021-പൊഭവ., തീയതി 18-12-2021 പ്രകാരം ലഭ്യമാക്കിയ മേൽ നടപടിപത്രിക 11-4-22-ലെ സമിതി യോഗം അംഗീകരിക്കുകയും അന്തിമ മറുപടി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുകയും ചെയ്തു.

## അന്തിമ മറുപടി

സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 07-പ്രസിദ്ധീകരണങ്ങൾ എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴി അധികമായി 69,83,000 (അറുപത്തി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരം രൂപ) 28-9-2021 തീയതിയിലെ സ.ഉ.(സാധാ) നം.6333/ധന/2021, 1-11-2021 തീയതിയിലെ സ.ഉ.(സാധാ) നം.7052/2021/ഫിൻ എന്നിവ പ്രകാരം അനുവദിച്ചിരുന്നു.

05-വെള്ളക്കരം എന്ന ശീർഷകത്തിൽ 6-1-2022-ലെ സ.ഉ.(സാധാ) നം.113/ധന/2022 പ്രകാരം 3,30,000 (മൂന്നു ലക്ഷത്തി മുപ്പതിനായിരം) രൂപ അനുവദിച്ചിരുന്നു.

06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 6-1-2022 തീയതിയിലെ സ.ഉ.(സാധാ)നം.113/ധന/2022, 3-3-2022 തീയതിയിലെ സ.ഉ.(സാധാ) നം.1503/ധന/2022 എന്നീ ഉത്തരവുകൾ പ്രകാരം 40,96,000 (നാൽപ്പതു ലക്ഷത്തി തൊണ്ണൂറ്റി ആറായിരം) രൂപ അനുവദിച്ചിരുന്നു.

2051-00-102-00-96-00 Setting up of Online examination centers എന്ന ശീർഷകത്തിൽ 22-10-2021-ലെ സ.ഉ.(സാധാ) നം.6845/ധന/2021 ഉത്തരവ് പ്രകാരം 51,00,000 (അമ്പത്തി ഒന്ന് ലക്ഷം) രൂപയും അനുവദിച്ചിരുന്നു.

പൊതുഭരണ സ്പെഷ്യൽ (ഇ) വകുപ്പിൽ നിന്നും കത്ത് നമ്പർ ഇ 1/103/2021/പൊഭവ തീയതി 18-12-2021 & 27-8-2022 പ്രകാരം ലഭിച്ച നടപടിപത്രിക 21-2-2023-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 15-3-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ശിപാർശ

2052-00-092-93—കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി

05-3—ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും, ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4.77 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പരിഗണിച്ച് 2052-00-092-93-05-3-ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ ധനപുനഃവിനിയോഗം വഴി 2021-22 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട 27-2-2022 -ലെ സ.ഉ.(സാധാ) നം.1354/2022/ധന. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിൽനിന്നും കത്ത് നം. 165/പൊളി4/2021/പൊഭവ., തീയതി 24-11-2021 & 29-12-2022 പ്രകാരം ലഭ്യമായ ശിപാർശയിന്മേലുള്ള നടപടിപത്രിക 21.02.2023-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 15-3-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ശിപാർശ

3451-00-092-92—കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബജറ്റ് വിഹിതം മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള തുകയും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനത്തിൽ 3451-00-092-01-4-N-V ശീർഷകത്തിൽ 23-7-2021-ലെ സ.ഉ.(സാധാ) നം.5092/2021/ഫിൻ ഉത്തരവ് പ്രകാരം 3,67,000 (മൂന്ന ലക്ഷത്തി അറുപത്തിയേഴായിരം രൂപ മാത്രം)അധിക ധനാഭ്യർത്ഥന വഴി അനുവദിക്കപ്പെട്ടിരുന്നു. വാടകയിനത്തിൽ 3451-00-092-92-00-06-0-N-V എന്ന ശീർഷകത്തിൽ അധിക തുക വകയിരുത്തേണ്ടി വന്നില്ല.

ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പിൽ നിന്നും സർക്കാർ കത്ത് നം. ഡി2/136/2021-പ്ലാനിംഗ്, തീയിതി 9-11-2022 പ്രകാരം ലഭ്യമായ മേൽ നടപടിപത്രിക 21-2-2023-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 6-12-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-3, 5-10, 12-19, 21-23, 38,39, 42-44, 47, 52-129, 133-145, 162-165 148-149, 153-169 എന്നിവയിൻമേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 11-4-2022, 18-7-2022 തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ശിപാർശകളുടെയും ഗവൺമെന്റ് ലഭ്യമാക്കിയ മറുപടികളുടെയും വിശദാംശം 19-7-2022-ന് സഭയിൽ സമർപ്പിച്ച സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പിണറായി വിജയൻ,**

തിരുവനന്തപുരം, *ചെയർമാൻ,*

2023 ആഗസ്റ്റ് 10. *സബ്ജക്ട് കമ്മിറ്റി XIV.*

## അനുബന്ധം

4-4-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ഏപ്രിൽ മാസം 4-ാം തീയതി, തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ വീഡിയോ കോൺഫറൻസിംഗ് മുഖേന സമിതി ചെയർമാൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് (വീഡിയോ കോൺഫറൻസിംഗ് മുഖേന), പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. മാത്യു ടി. തോമസ്
4. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
2. ശ്രീ. ടി. ഐ. മധുസൂദനൻ
3. ശ്രീ. ടി. പി. രാമകൃഷ്ണൻ
4. ശ്രീ. തോമസ് കെ. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീമതി ശാരദാ മുരളീധരൻ, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

3. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & വിവര സാങ്കേതികവിദ്യാ വകുപ്പ്

4. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

5. ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

6. ശ്രീ. സുമൻ ബില്ല, പ്രിൻസിപ്പൽ സെക്രട്ടറി, നോർക്ക വകുപ്പ്

7. പ്രൊഫ. കെ. പി. സുധീർ, എക്സ്-ഒഫീഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്

8. ശ്രീമതി നീതാ കുമാരി, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ഡോ. ബി. സന്ധ്യ, ഡയറക്ടർ ജനറൽ, ഫയർ ആന്റ് റസ്ക്യൂ വകുപ്പ്

10. ഡോ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്

11. ശ്രീമതി ബി. ആർ. യമുന, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

12. ശ്രീമതി സജിത പി. പി., സ്പെഷ്യൽ സെക്രട്ടറി & എക്സിക്യൂട്ടീവ് ഡയറക്ടർ, കെ-ഡിസ്ക്

13. ഡോ. ശ്രീറാം വെങ്കിട്ടരാമൻ, ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ & മോണിറ്ററിംഗ് വകുപ്പ്

14. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

15. ശ്രീ. ഷിബു എ.റ്റി., ഡയറക്ടർ, അച്ചടി വകുപ്പ്

16. ശ്രീമതി സലീന വി. ജി. നായർ, ഡയറക്ടർ (ഐ.റ്റി.) കം സി.പി.സി., കേരള ഹൈക്കോടതി

17. ശ്രീ. സ്നേഹിൽ സിംഗ്, ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ. ടി. മിഷൻ

18. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

19. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

20. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകു പ്പ്

21. ശ്രീ. റ്റി. രഘുനാഥ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
22. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
23. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
24. ശ്രീ. എൻ. ജീവൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
25. ശ്രീ. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
26. ശ്രീ. ഗോപാൽ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
27. ശ്രീമതി സിന്ധു എസ്., അഡീഷണൽ സെക്രട്ടറി, നോർക്ക വകുപ്പ്
28. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
29. ശ്രീ. അജിത് കൊളാശ്ശേരി, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
30. ഡോ. സജി ഗോപിനാഥ്, വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്
31. ശ്രീ. കെ. ഹരികൃഷ്ണൻ നമ്പൂതിരി, സി.ഇ.ഒ. നോർക്ക റൂട്ട്സ്
32. ശ്രീ. ജോൺ എം. തോമസ്, സി.ഇ.ഒ. ടെക്നോപാർക്ക്
33. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
34. ശ്രീമതി റ്റി. കാഞ്ചന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
35. ശ്രീമതി ജയശ്രീ റ്റി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
36. ശ്രീമതി മേരി ലാലി സി. വൈ., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
37. ശ്രീമതി മീര എസ്., ജോയിന്റ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്
38. ശ്രീ. റ്റി. സുധീർ ബാബു, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
39. ശ്രീ. ജയദേവ് ആനന്ദ്, രജിസ്ട്രാർ, സി-ഡിറ്റ്
40. ശ്രീമതി സീന എ. എൻ., ഡെപ്യൂട്ടി സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

41. ശ്രീമതി സീമ എസ്., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

42. ശ്രീ. കൃഷ്ണകുമാർ വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്

43. ഡോ. സന്തോഷ് ബാബു, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

44. ശ്രീമതി എസ്. വി. കല, ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

45. ശ്രീ. വിഷ്ണു വി., ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്), ഡിജിറ്റൽ യൂണിവേഴ്സിറ്റി,

46. ശ്രീമതി ഹസിയ യു. എൻ., പ്രോഗ്രാം കോ-ഓർഡിനേറ്റർ, ICFOSS

47. ശ്രീമതി ജയന്തി എൽ., സി.എഫ്.ഒ., കേരള ഐ.റ്റി. പാർക്ക്സ്

48. ഡോ. പി. വി. ഉണ്ണികൃഷ്ണൻ, മെമ്പർ സെക്രട്ടറി, കെ- ഡിസ്ക്

49. ശ്രീ. ഗോപിനാഥ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XV, XVII, XXIII, XXIV, XXVIII, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയ കരട് ചട്ടങ്ങൾ, സാധൂകരണത്തിനായുള്ള ചട്ടം എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ**

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

വിഹിതം—45 ലക്ഷം രൂപ (പദ്ധതിയേതരം)

അതിഥി സൽക്കാര ചെലവുകൾ എന്ന ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

വിഹിതം : 1.6807 കോടി രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

പബ്ലിക് സർവ്വീസ് കമ്മീഷന് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയ നടപ്പ് വർഷത്തെ ബജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചു. ചെയർമാന്റെ ഔദ്യോഗിക വസതിയിലെയും ഓഫീസുകളിലെയും ഗസ്റ്റ് ഹൗസുകളിലെയും വെള്ളക്കരം, കരം, കെട്ടിട വാടക, പി.എസ്.സി. ബുള്ളറ്റിൻ/വജ്രജൂബിലി സ്പെഷ്യൽ പതിപ്പ് എന്നിവയുടെ പ്രസിദ്ധീകരണത്തിനുള്ള ചെലവുകൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ഇനങ്ങൾക്ക് നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|
| 05-1-വെള്ളക്കരം | - | 4.50 ലക്ഷം രൂപ | 3.00 ലക്ഷം രൂപ |
| 06-വാടക കരം നികുതി | - | 1.5357 കോടി രൂപ | 32.43 ലക്ഷം രൂപ |
| 07-പ്രസിദ്ധീകരണങ്ങൾ | - | 10.00 ലക്ഷം രൂപ | 65.00 ലക്ഷം രൂപ |

2052—സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

വിഹിതം : 1.5719 കോടി രൂപ (പദ്ധതിയേതരം)

അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ വേതനം, ക്ഷാമബത്ത, മറ്റ് അലവൻസുകൾ സ്ഥലം മാറ്റ ബത്ത, ടെലഫോൺ ചെലവ് എന്നീ ഇനങ്ങളിലായി നിലവിൽ

അനുവദിച്ചിരിക്കുന്ന വിഹിതം നടപ്പുവർഷത്തെ ചെലവുകൾക്ക് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ഇനങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|
| 02.1 -വേതനം | 64.97 ലക്ഷം രൂപ | 44.0 ലക്ഷം രൂപ |
| 02-2- ക്ഷാമബത്ത | 7.80 ലക്ഷം രൂപ | |
| 02 -3 മറ്റ് അലവൻസുകൾ | 1.44 ലക്ഷം രൂപ | |
| 04-2- സ്ഥലംമാറ്റ ബത്ത | 8.19 ലക്ഷം രൂപ | 5.00 ലക്ഷം രൂപ |
| 05-3 – ടെലഫോൺ ചെലവ് | 76.23 ലക്ഷം രൂപ | 15.00 ലക്ഷം രൂപ |

2052-00-090-95—നിയമവകുപ്പ്

01-6—ഓവർടൈം അലവൻസ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

നിയമസഭാ സമ്മേളന കാലയളവിൽ നിയമനിർമ്മാണവും മറ്റ് നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധിക സമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ആണ് നൽകിയിരിക്കുന്നത് എന്ന് സമിതി വിലയിരുത്തുകയും 01-6 ഓവർടൈം അലവൻസ് എന്ന ശീർഷകത്തിൽ 4.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-95—നിയമ വകുപ്പ്

വിഹിതം : 28.8 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും നിയമവകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിയേതര ചെലവുകൾക്കായി ബജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും സ്ഥലംമാറ്റ ബത്ത, വാടക, മറ്റിനങ്ങൾ, മോട്ടോർവാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, ഔദ്യോഗിക ഭാഷാ പ്രയോഗം, ഇന്ധന ചെലവ് തുടങ്ങിയവയ്ക്കായി താഴെപ്പറയുന്ന ഇനങ്ങൾക്ക് നേരേ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|
| 04-2 സ്ഥലംമാറ്റബത്ത | 54,000 രൂപ | 96,000 രൂപ |
| 05-4 മറ്റിനങ്ങൾ | 23.11 ലക്ഷം രൂപ | 6.89 ലക്ഷം രൂപ |
| 06 - വാടക, കരം, നികുതി | ഇല്ല | 2.50 ലക്ഷം രൂപ |
| 21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.68 ലക്ഷം രൂപ | 1.82 ലക്ഷം രൂപ |
| 26- ഔദ്യോഗികഭാഷാ പ്രയോഗം | 1000 രൂപ | 49,000 രൂപ |
| 45-പി.ഒ.എൽ | 3.46 ലക്ഷം രൂപ | 2.54 ലക്ഷം രൂപ |

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയ്ഡ്

31—സഹായധനം-ശമ്പളം

36—സഹായധനം-ശമ്പളേതരം

വിഹിതം : 33 ലക്ഷം രൂപ (പദ്ധതിയേതരം)

വിഹിതം : 71.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശമ്പള ഇനത്തിൽ 25.15722 ലക്ഷം രൂപയും ശമ്പളേതര ഇനത്തിൽ 72.10 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

വിഹിതം : 5.00 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന ഓൺ ദി ജോബ്, ഇൻഡക്ഷൻ പരിശീലന പരിപാടികൾക്കും ഫാക്കൽറ്റി ഫീസ്,

റിഫ്രെഷ്മെന്റ്,smb://192.168.10.20/press/prs-share/232-2023%20pac%2029TH%20(full)%20(8-9-2023).pdf സ്റ്റേഷനറി എന്നീ ഇനങ്ങളിലെയും ചെലവ് നിർവ്വഹിക്കുവാൻ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-93—കേരളത്തിന്റെ പ്രത്യേക പ്രതിനിധി,ന്യൂഡൽഹി

05-3-—ടെലഫോൺ ചെലവ്

വിഹിതം: 13.89 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും, ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5.11 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

വിഹിതം : 31.15 ലക്ഷം രൂപ (പദ്ധതിയേതരം)

കേരള സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി കമ്മീഷണർമാർ നിയമിതരായതിനാൽ ഇന്ധനചെലവ്, അവധി യാത്രാനുകൂല്യം, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണം അറ്റകുറ്റപ്പണി, കമ്മീഷന്റെ ദൈനംദിന ചെലവുകൾ, യാത്രാബത്ത, വാഹനങ്ങളുടെ വാടക, ടെലഫോൺ ചെലവ്, വിവരസാങ്കേതിക വിദ്യ എന്നീ ഇനങ്ങളിൽ ചെലവ് ആനുപാതികമായി വർദ്ധിച്ചതായി സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ഇനങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|---|
| 04-1 | യാത്രാബത്ത | 3.00 ലക്ഷം രൂപ | 3.00 ലക്ഷം രൂപ |
| 04-4 | അവധി യാത്രാനുകൂല്യം | 90,000 രൂപ | 90,000 രൂപ |

| | | | |
|---|---|---|---|
| 05-3 | ടെലഫോൺ ചെലവ് | 2.20 ലക്ഷം രൂപ | 90,000 രൂപ |
| 05-4 | മറ്റിനങ്ങൾ | 11.02 ലക്ഷം രൂപ | 5.00 ലക്ഷം രൂപ |
| 21-2 | സംരക്ഷണവും അറ്റകുറ്റപ്പണികളും | 1.48 ലക്ഷം രൂപ | 1.00 ലക്ഷം രൂപ |
| 34-3 | മറ്റു ചെലവുകൾ- മറ്റിനം | 8.95 ലക്ഷം രൂപ | 10.00 ലക്ഷം രൂപ |
| 45 | പി.ഒ.എൽ. | 3.58 ലക്ഷം രൂപ | 7.00 ലക്ഷം രൂപ |
| 97 | വാഹനങ്ങളുടെ വാടക | 1000 രൂപ | 3.50 ലക്ഷം രൂപ |
| 99 | വിവരസാങ്കേതിക വിദ്യ | 1000 രൂപ | 5.00 ലക്ഷം രൂപ |

3451-00-092-99—<u>മോണിറ്ററിംഗ് യൂണിറ്റ്</u>

വിഹിതം—1.7603 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ചതും അവരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുമുള്ള അധിക ചെലവുകൾക്കായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.2413 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-95— <u>ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്</u>

34—<u>മറ്റ് ചെലവുകൾ</u>

വിഹിതം : 5.95 ലക്ഷം രൂപ (പദ്ധതിയേതരം)

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാഹനത്തിന്റെ വാടകയിനത്തിനും വകുപ്പിന്റെ വെബ്സൈറ്റ് നവീകരണത്തിനും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി 22.00 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

വിഹിതം : 1.48 കോടി രൂപ (പദ്ധതിയേതരം)

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലും ശമ്പളം, വേതനം, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നിവയിലുമുള്ള തുകയും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.02 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ</u>

34-3—<u>മറ്റിനം</u>

വിഹിതം : 25 കോടി രൂപ (പദ്ധതി)

കേരള സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 174.22 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-87—<u>നോളജ് ഇക്കോണമി ഫണ്ട്</u>

വിഹിതം : ഇല്ല

ബഡജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി യുവാക്കൾക്ക് പരിശീലനം, തൊഴിൽ, നോളജ് ഇക്കോണമി മിഷൻ വഴി കേരളത്തിലെ വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള സമഗ്രപരിപാടി എന്നീ പദ്ധതികൾക്കായി തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 180.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-83—<u>പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനിക വൽക്കരണം.</u>

വിഹിതം : 70.00 ലക്ഷം രൂപ (പദ്ധതി)

ബഡജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്. ഡി. ജി. വിഷൻ ഡോക്യുമെന്റ്, ഡാഷ്ബോർഡ് എന്നിവ തയ്യാറാക്കുന്നതിനും ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും Hiring of Professional Management Services and Resources for programme and Project

Implementation-നു വേണ്ടിയും അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ആയതിനാൽ ഈ ശീർഷകത്തിൽ 4.74 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം**

2014-00-102-99— ഹൈക്കോടതി

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

വിഹിതം : 2.20 കോടി രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.80 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-3—ടെലഫോൺ ചെലവ്

വിഹിതം: 21.53 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സാധാരണ ടെലഫോൺ ചാർജ്ജുകൾക്ക് പുറമേ BSNL-ന് പോയിന്റ് ടു പോയിന്റ് ലീസ്ഡ് ലൈൻ ചാർജസും നൽകേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21—മോട്ടോർ വാഹനങ്ങൾ

1—വാഹനങ്ങൾ വാങ്ങൽ

വിഹിതം: 1000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ വാഹനങ്ങൾ മാറ്റി പുതിയത് വാങ്ങുന്നതിനും ജഡ്ജിമാരുടെ ആവശ്യത്തിനായി 7 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും സർക്കുലേഷൻ ആവശ്യങ്ങൾക്കായി

വാഹനങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.0899 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റിനം</u>

വിഹിതം: 60 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച ചീഫ്ജസ്റ്റിസുമാരുടെയും ജഡ്ജിമാരുടെയും പോസ്റ്റ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും ആനുകൂല്യം നൽകേണ്ടവരുടെ എണ്ണം ഈ വർഷം വർദ്ധിക്കുമെന്നതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-102-95 —<u>ഹൈക്കോടതി-ഇ-ഗവേർണൻസ്</u>

വിഹിതം : 3.50 കോടി രൂപ (പദ്ധതി) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ ഒരു ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിനായി അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5.144 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-103-96—<u>അതിവേഗ പ്രത്യേക പോക്സോ കോടതികളുടെ സ്ഥാപനം (60% കേന്ദ്രാവിഷ്കൃതം)</u>

(02)-28—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ</u>

വിഹിതം : 1.70 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 28 ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് വേതനം നൽകുന്നതിനായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 31.60 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

01-4—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം:- 2.50 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04-1—യാത്രാ ബത്ത

വിഹിതം: 2.0628 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നോട്ടീസ് നൽകുന്നതിനുള്ള യാത്രാബത്ത നൽകുന്നതിനും ജഡ്ജിമാരുടെ ട്രെയിനിങ്ങിനും മറ്റു ഔദ്യോഗിക ആവശ്യങ്ങൾക്കുമുള്ള ചെലവുകൾക്കുമായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1 —വാഹനങ്ങൾ വാങ്ങൽ

വിഹിതം : ഇല്ല

മേൽ ശീർഷകത്തിൽ വാഹനങ്ങൾ വാങ്ങൽ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് പ്രിൻസിപ്പൽ ജില്ലാ ജഡ്ജിമാരുടെ ഉപയോഗത്തിനായി 15 ലക്ഷം രൂപ നിരക്കിൽ 14 വാഹനങ്ങളും ഫസ്റ്റ് അഡീഷണൽ ജില്ലാ ജഡ്ജിമാരുടെ ഉപയോഗത്തിനായി 6 ലക്ഷം രൂപ നിരക്കിൽ 3 വാഹനങ്ങളും വാങ്ങുന്നതിന് പ്രസ്തുത ശീർഷകത്തിൽ 2.28 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകൾ

21-1 —മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

വിഹിതം:- 1,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യങ്ങൾക്കായി 3 വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-105-91—വഖഫ് ട്രിബ്യൂണൽ

06 —<u>വാടക, കരം, നികുതി</u>

വിഹിതം : 18.85 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിനും ഒരു ജുഡീഷ്യൽ ഇതര അംഗത്തിന്റെ വീട്ടു വാടക നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 23.89 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

97—<u>വാഹനങ്ങളുടെ വാടക</u>

വിഹിതം : 3 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ വാടക ഇനത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 7.78 ലക്ഷം രൂപ കൂടി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-108-99 —<u>ക്രിമിനൽ കോടതികൾ</u>

01-4—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

വിഹിതം : 57.00 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്ലെയിമുകൾക്കുള്ള കുടിശ്ശിക നൽകുന്നതിനും നടപ്പുവർഷത്തെ ക്ലെയിമുകൾക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

02-5—<u>ദിവസവേതനം</u>

വിഹിതം:  5.4576 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാർക്കും മറ്റ് ദിവസ വേതന ജീവനക്കാർക്കും വേതനം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1 —<u>മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ</u>

വിഹിതം:-1000  രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ  പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തലശ്ശേരി, കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെ ഔദ്യോഗിക വാഹനങ്ങൾ വാങ്ങുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്  ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-110-99—<u>അഡ്മിനിസ്ട്രേറ്റർസ് ജനറലും ഒഫീഷ്യൽ ട്രസ്റ്റികളും</u>

05-4— <u>മറ്റിനങ്ങൾ</u>

വിഹിതം: 10,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ടി.എച്ച് നെറ്റ് കണക്ഷൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വലിയിരുത്തുകയും 05-4 എന്ന ശീർഷകത്തിൽ 10,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്  ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-99—<u>ലാ ഓഫീസർമാർ</u>

വിഹിതം: 70.7533 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ്  എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ലോ ഓഫീസർമാർക്ക് ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകൾ

വാങ്ങുന്നതിലേക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.495 കോടി രൂപ ധനഃപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

വിഹിതം - 14.6381 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമവകുപ്പ് മുഖേന നിയമിക്കപ്പെടുന്ന ജില്ലാ ഗവൺമെന്റ് പ്ലീഡർമാർ, അഡീഷണൽ ഗവൺമെന്റ് പ്ലീഡർമാർ, ഗവൺമെന്റ് അഡ്വക്കേറ്റ്സ് എന്നിവരുടെ ശമ്പളം, ആഭ്യന്തര വകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ, സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ എന്നിവരുടെ പ്രതിഫലം, ലീഗൽ അസിസ്റ്റന്റ്മാരുടെ ശമ്പളത്തിലുണ്ടാകുന്ന ആനുപാതിക വർദ്ധനവ്, ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനം, ഇന്ധനച്ചെലവ്, വാഹനങ്ങളുടെ ഇൻഷ്വറൻസ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണി എന്നീ ചെലവുകൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-97—അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ

വിഹിതം - 22.7647 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി തുടങ്ങിയവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-96—പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ

വിഹിതം - 1.9027 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിലെ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത

ശീർഷകത്തിൽ 1.48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-93—<u>കേരള സംസ്ഥാന നിയമ സഹായ സമിതി</u>

വിഹിതം - 2.9391 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും ഓഫീസ് ജീവനക്കാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, അവധിയാത്രാനുകൂല്യം, ഓഫീസുകളുടെ വാടക, മറ്റ് ഓഫീസ് ചെലവുകൾ, വാഹന അറ്റകുറ്റപണികൾ തുടങ്ങിയവയ്ക്കായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ഇനങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|
| 01-4-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 4.2 ലക്ഷം രൂപ | 11.8 ലക്ഷം രൂപ |
| 04-1-യാത്രാബത്ത | 4.5 ലക്ഷം രൂപ | 3.5 ലക്ഷം രൂപ |
| 04-2- സ്ഥലംമാറ്റ ബത്ത | 1.61 ലക്ഷം രൂപ | 8.39 ലക്ഷം രൂപ |
| 04-4- അവധിയാത്രാനുകൂല്യം | 60,000 രൂപ | 29.40 ലക്ഷം രൂപ |
| 05-1 - വെള്ളക്കരം | 40,000 രൂപ | 90,000 രൂപ |
| 05-2 -വൈദ്യുതി ചെലവ് | 3.53 ലക്ഷം രൂപ | 2.47 ലക്ഷം രൂപ |
| 05-3-ടെലിഫോൺ ചെലവ് | 4.93 ലക്ഷം രൂപ | 3.07 ലക്ഷം രൂപ |
| 05-4 -മറ്റിനങ്ങൾ | 6.61 ലക്ഷം രൂപ | 18.39 ലക്ഷം രൂപ |
| 06 – വാടക, കരം, നികുതി | 11 ലക്ഷം രൂപ | 24 ലക്ഷം രൂപ |
| 21-2 - സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.90 ലക്ഷം രൂപ | 7.10 ലക്ഷം രൂപ |
| 34 - മറ്റു ചെലവുകൾ | 2.5004 കോടി രൂപ | 57.4996 കോടി രൂപ |
| 45 - പി.ഒ.എൽ | 2.59 ലക്ഷം രൂപ | 1.41 ലക്ഷം രൂപ |
| 99 - വിവരസാങ്കേതിക വിദ്യ | 1.00 ലക്ഷം രൂപ | 6.50 ലക്ഷം രൂപ |

2014-00-114-92—<u>സ്ഥിര ലോക അദാലത്ത്</u>

വിഹിതം 5.91 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|
| 01-4 | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 20,000 രൂപ | 5.00 ലക്ഷം രൂപ |
| 04-1 | യാത്രാ ബത്ത | 10,000 രൂപ | 1.90 ലക്ഷം രൂപ |
| 04-2 | സ്ഥലംമാറ്റ ബത്ത | 1000 രൂപ | 14,000 രൂപ |
| 05-2 | വൈദ്യുതി ചെലവ് | 10,000 രൂപ | 10,000 രൂപ |
| 05-3 | ടെലിഫോൺ ചെലവ് | 60,000 രൂപ | 50,000 രൂപ |
| 05-4 | മറ്റിനങ്ങൾ | 2.50 ലക്ഷം രൂപ | 1.70 ലക്ഷം രൂപ |
| 06- | വാടക, കരം, നികുതി | 2.40 ലക്ഷം രൂപ | 1.60 ലക്ഷം രൂപ |

2014-00-114-90—<u>പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം</u>

വിഹിതം : 4 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയം പ്രസ്തുത ശീർഷകത്തിൽ 11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-116-99—<u>കേരള ഭരണ നിർവ്വഹണ മദ്ധ്യസ്ഥ കോടതി</u>

വിഹിതം : 15.94 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് എന്നീ ആവശ്യങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|
| 01-4 | മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 4.73 ലക്ഷം രൂപ | 5.27 ലക്ഷം രൂപ |
| 21-2 | മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 3.13 ലക്ഷം രൂപ | 2.32 ലക്ഷം രൂപ |
| 45 | പി.ഒ.എൽ | 8.08 ലക്ഷം രൂപ | 2.92 ലക്ഷം രൂപ |

2014-00-117-99—കുടുംബ കോടതികൾ

01-4 —മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

വിഹിതം : 12.25 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ലെയിമുകൾക്കുള്ള തുക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 47.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ വാങ്ങൽ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 7 കുടുംബകോടതി ജഡ്ജിമാർക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 41.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-94—നിയമസഹായ നിധി അംശദാനം

വിഹിതം:- 20.00 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമസഹായ നിധിയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 കോടി രൂപ ധനഃപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-93—സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജുഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക, കരം, നികുതി

വിഹിതം:- 3.6865 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിന് നടപ്പു ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.32 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

വിഹിതം:- 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ കോടതികളുടെ ആവശ്യത്തിനായി 9 പുൾ വാഹനങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 53.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—മറ്റു ചെലവുകൾ-മറ്റിനം

വിഹിതം: 8.4 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കീഴ്കോടതികളിൽ ആവശ്യമായ നിയമ പുസ്തകങ്ങൾ വാങ്ങുന്നതിന് ബഡ്ജറ്റ്

വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-91—<u>മനുഷ്യാവകാശ സംരക്ഷണ ആക്റ്റ്, 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998 സഹായധനം</u>

വിഹിതം :7.1101 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേറിവിഷൻ അരിയർ ഉൾപ്പെടെയുള്ള സാലറി, നോൺ സാലറി ചെലവുകൾക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ സാലറി ഇനത്തിൽ 4.22885 കോടി രൂപയും നോൺ സാലറി ഇനത്തിൽ 66.605 ലക്ഷം രൂപയും ഉൾപ്പെടെ 4.8949 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-89—<u>പതിനൊന്നാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ</u>

01-4—<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

വിഹിതം: 5 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 38 കോടതികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-85—<u>ഇ-കോടതി നടപ്പാക്കൽ</u>

വിഹിതം : 2 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 167 കോടതി സമുച്ചയങ്ങളിൽ WAN കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിനും തുടർ ചെലവുകൾക്കുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 11.8360 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-81—<u>നീതിന്യായ സംവിധാനത്തിന്റെ</u> <u>സാങ്കേതിക ആധുനീകരണം</u>

വിഹിതം:3.30 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ വർക്ക് ഫ്ളോയുമായി ബന്ധപ്പെട്ട് പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വാങ്ങുന്നതിനും മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്നതിനുമായി 2 കോടി രൂപയും ഇ-കോർട്ട് പദ്ധതിയുടെ ഭാഗമായി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് 2.2 കോടി രൂപയും ഐ.സി.ടി. സംരംഭങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സബോർഡിനേറ്റ് ജുഡീഷ്യറിയിലെ ജീവനക്കാർക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന്റെ ആദ്യഘട്ടമായി 5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 9.2 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശ ജുഡീഷ്യറിക്കുള്ള സമഗ്രമായ ICT അടിസ്ഥാന സൗകര്യങ്ങൾ(പ്ലാൻ)**

ജുഡീഷ്യറിക്ക് സമഗ്രമായ ഡിജിറ്റൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിന്റെ ഭാഗമായി ഐ.സി.ടി ഇൻഫ്രാസ്ട്രക്ചർ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും വേണ്ടി 7.745 കോടി രൂപയും രണ്ട് മാതൃകാ ഡിജിറ്റൽ കോടതി മുറികൾ സ്ഥാപിക്കുന്നതിന് 2 കോടി രൂപയും രണ്ട് കോടതി മുറികളിലായി തത്സമയ വീഡിയോ സ്ട്രീമിംഗും കോടതി മുറിയിലെ നടപടികളുടെ റെക്കാർഡിംഗും നടപ്പിലാക്കുന്നതിന് 2 കോടി രൂപയും ഉൾപ്പെടെ 11.745 കോടി രൂപ പുതിയ ശീർഷകം സൃഷ്ടിച്ച് ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ്**

**ഭരണപരമായ സർവ്വീസുകളും**

2058 —<u>സ്റ്റേഷനറിയും അച്ചടിയും</u>

2058-00-001-99—<u>ഭരണവും നടത്തിപ്പും</u>

വിഹിതം -14.6859 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ക്ഷാമബത്ത, വീട്ടുവാടകബത്ത തുടങ്ങിയ അധിക ചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.3141 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

വിഹിതം - 2.5043 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ഓവർടൈം അലവൻസ് മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനും വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും നൽകുന്നതിനും അച്ചടിക്ക് വേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ഇനങ്ങൾക്ക് നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | | **നിലവിലെ ബഡ്ജറ്റ് വിഹിതം** | **അധികമായി വകയിരുത്തേണ്ട തുക** |
|---|---|---|---|---|
| 01-6 | - | ഓവർ ടൈം അലവൻസ് | 1000 രൂപ | 1 കോടി രൂപ |
| 05-4 | - | മറ്റിനങ്ങൾ | 42.99 ലക്ഷം രൂപ | 3 ലക്ഷം രൂപ |
| 21-2 | - | സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.1 ലക്ഷം രൂപ | 1 ലക്ഷം രൂപ |
| 24 | - | സാധനസാമഗ്രികൾ | 1.818 കോടി രൂപ | 2.30 കോടി രൂപ |
| 34-3 | - | മറ്റു ചെലവുകൾ- മറ്റിനം | 14.87 ലക്ഷം രൂപ | 21 ലക്ഷം രൂപ |
| 45 | - | പി.ഒ.എൽ. | 8.66 ലക്ഷം രൂപ | 4 ലക്ഷം രൂപ |

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് - 31-സഹായധനം-ശമ്പളം

വിഹിതം - 8.1175 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പളവും ഇ.പി.എഫ്, ഗ്രാറ്റുവിറ്റി തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 13.0220 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-106-99—സിവിൽ ഡിഫൻസ്

വിഹിതം - 76.04 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സിവിൽ ഡിഫൻസ് വോളന്റിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-99—അഗ്നിപ്രതിരോധവും നിയന്ത്രണവും

വിഹിതം - 4.3252 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേയ്ക്കുമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

01—ജില്ലാ ജീവനക്കാർ

വിഹിതം - 298.6557 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ നിലവിലെ യാത്രാബത്താ കുടിശ്ശികകൾ, സംരക്ഷണവും അറ്റകുറ്റപ്പണികളും, ഇന്ധനം എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-97—പരിശീലനം

വിഹിതം - 3.9606 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ യാത്രാബത്ത, മോട്ടോർ വാഹനങ്ങൾ, ഇന്ധനം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 14 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-119-98—<u>ഔദ്യോഗിക ഭാഷാ കമ്മീഷൻ</u>

02—<u>വേതനം</u>

വിഹിതം - 5.4 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പേ റിവിഷൻ സംബന്ധിച്ച ശമ്പള വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4.06 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04—<u>യാത്രാ ചെലവുകൾ</u>

വിഹിതം - 1.46 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ഉദ്യോഗസ്ഥർക്ക് യാത്രാചെലവിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.04 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05—<u>ഓഫീസ് ചെലവുകൾ</u>

വിഹിതം - 4.32 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവയ്ക്ക് അധികതുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 11,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

വിഹിതം - 4.8 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാടക വർദ്ധിച്ചതിനാൽ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-119-97—<u>ഭരണഭാഷ നടപ്പാക്കൽ</u>

05-4—<u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

വിഹിതം - 2.1 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം നൽകൽ, ഭാഷാമാറ്റ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തൽ, ശില്പശാലകൾ സംഘടിപ്പിക്കൽ, ഔദ്യോഗിക ഭാഷാ വകുപ്പിന് സ്വന്തമായി ഒരു വെബ്സൈറ്റ് രൂപീകരിക്കൽ, ഭരണഭാഷാവാരാഘോഷം, ഭാഷാ സഹായ ഗ്രന്ഥങ്ങൾ വാങ്ങി നൽകൽ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.8990 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058—<u>സ്റ്റേഷനറിയും അച്ചടിയും ഇവയ്ക്കുള്ള മൂലധനചെലവ്</u>

4058-00-103-95—<u>സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം</u>

വിഹിതം - 6.0 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ അച്ചടി ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും പ്ലാൻ റൈറ്റ് അപ്പ് പ്രകാരമുള്ള മെഷീൻ പർച്ചേസിനുമായി ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

വിഹിതം:- 1.10 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിനു കെട്ടിടം പണിയുന്നതിനും ഉപഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.10 കോടി രൂപ ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XV - പൊതുമരാമത്ത്**

4059-01-051-55—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും - വൻകിട മരാമത്ത് പണികൾ

വിഹിതം:- 1 ലക്ഷം രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനും അനുവദിച്ചിട്ടുള്ള വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 7.2152385 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XVII - വിദ്യാഭ്യാസം, കായികവിനോദം,**

**കല, സംസ്കാരം**

3425-60-200-71—കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്

31—സഹായധനം- ശമ്പളം

വിഹിതം - 55 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന

തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3425-60-200-55 —ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി)

31—സഹായ ധനം-ശമ്പളം

വിഹിതം -2 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് CSIR നിരക്കിലും സംസ്ഥാന സർക്കാർ നിരക്കിലും ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.4627236 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXIII - വാർത്താവിതരണവും പ്രചരണവും**

2220-60-101-99—പരസ്യവും ദൃശ്യപ്രചരണവും

വിഹിതം : 13.60 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും പരസ്യങ്ങൾ നൽകിയ വകയിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-98 —പ്രചരണ സാമഗ്രികൾ

വിഹിതം : 1.71 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ-റെയിൽ പദ്ധതി "സിൽവർ ലൈൻ അറിയേണ്ടതെല്ലാം" എന്ന പുസ്തകത്തിന്റെ അച്ചടിക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 6.15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-97-02—<u>പരസ്യത്തിനുള്ള ചെലവുകൾ-ഇലക്ട്രോണിക്/ദൃശ്യ മാധ്യമം</u>

വിഹിതം : 4.125 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ ഇലക്ട്രോണിക് മീഡിയ വിഭാഗത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-97—<u>പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന</u>

വിഹിതം : 37.44 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 17.56 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-91 — <u>കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993</u>

വിഹിതം : 7.0613 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4.5022 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-89—<u>പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമ പദ്ധതി</u>

വിഹിതം : 24.63 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പ്രമുഖ വ്യക്തികൾക്കും അവരുടെ ആശ്രിതർക്കും പെൻഷനും കുടിശ്ശികയും നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 21.92 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999

വിഹിതം : 9.4644 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വാങ്ങുന്ന പത്രപ്രവർത്തകേതര ജീവനക്കാരുടെ എണ്ണം വർദ്ധിച്ചതിനാലും പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 11.1329 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ**

5475-00-190-99—വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ്കോർപ്പറേഷൻ (വിവിധ്)

വിഹിതം: 2.30 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ വർക്കല രംഗകലാകേന്ദ്രത്തിന്റെ അധിക അടിസ്ഥാന സൗകര്യ വികസനം, വർക്കല-ശിവഗിരി റെയിൽവേ സ്റ്റേഷൻ വികസനം, ജിയോ സ്പേഷ്യൽ ഇൻഫർമേഷൻ പദ്ധതി, വർക്കല ജിയോ-ഹെരിറ്റേജിന്റെ ഇന്റർനാഷണൽ സെമിനാർ എന്നിവയുടെ നടത്തിപ്പിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XXXVII - വ്യവസായങ്ങൾ**

4859-02-004-96—സൈബർ പാർക്ക്

01—സംസ്ഥാന സഹായം

വിഹിതം: 11.83 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൈബർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 14.37 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശീപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-95—<u>വിവരസാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും</u>

വിഹിതം: 25.50 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ ഘട്ടം-I-ൽ കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മാണത്തിനും ഘട്ടം-IV ആയ ടെക്നോസിറ്റിയ്ക്കുള്ളിലെ റോഡിനും കോമ്പൗണ്ട് വാളിനും ടെക്നോപാർക്കിന്റെ ഭൂമി ഏറ്റെടുക്കലിനും എൽ.എ.ആർ കേസുകളുടെ തീർപ്പാക്കലിനും വേണ്ടി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 16 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-94-01—<u>ഇൻഫോപാർക്ക്, കൊച്ചി</u>

വിഹിതം :24 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫോപാർക്ക് ഒന്നാം ഘട്ടത്തിന്റെയും രണ്ടാം ഘട്ടത്തിന്റെയും അടിസ്ഥാനസൗകര്യവികസനത്തിനും ഇൻഫോപാർക്ക്, കൊച്ചിയുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-94-02—<u>ഇൻഫോ പാർക്ക്, തൃശ്ശൂർ</u>

വിഹിതം: 9 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫോ പാർക്ക്, കൊരട്ടി വില്ലകളുടെ നവീകരണ പ്രവൃത്തികൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-91—<u>ഇന്ത്യാ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ</u>

വിഹിതം : 3 കോടി രൂപ (പദ്ധതിയേതരം)

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത വികസന പദ്ധതിയായ ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീനിന്റെ മൂലധന ഇൻഫ്രാസ്ട്രക്ച്ചറിനായി വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 12 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## II. കരട് ചട്ടങ്ങൾ

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

1) The Kerala Government Servants' Conduct (Amendment) Rules, 2021

(ഫയൽ നം. 17324/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഉപ.സി2/189/2020-ഉഭപവ. തീയതി 13-10-2021)

2) The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2021

(ഫയൽ നം. 17648/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഉപ.സി1/52/2020-ഉഭപവ. തീയതി 13-10-2021)

3) The Kerala State and Subordinate Services (Amendment) Rules, 2021

(ഫയൽ നം. 18510/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-1/114/2020-ഉഭപവ. തീയതി 2-11-2021)

4) The Special Rules for the Kerala Last Grade Service (Amendment) Rules, 2022

(ഫയൽ നം. 4348/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-2/50/2018/ഉഭപവ. തീയതി 23-2-2022)

താഴെപ്പറയുന്ന കരട് ചട്ടം സമിതി ഭേദഗതിയോടെ അംഗീകരിച്ചു.

The Kerala Payment of Pension to Members of Legislature (Amendment) Rules, 2020

(ഫയൽ നം. 5353/സബ്.സി.ഡി2/2020/നി.സെ.)

(സർക്കാർ കത്ത് നമ്പർ പാകാവ-എ 2/234/2018-പാകാവ. തീയതി 22-10-2021)

കരട് ചട്ടത്തിന്റെ വിശദീകരണ കുറിപ്പിലെ ആദ്യ വാചകത്തിന്റെ, "is stopped and increased" എന്നതിലെ വ്യാകരണപ്പിശക് തിരുത്തണമെന്നും The Secretary, Kerala Legislature has requested to make amendment in the pension rules എന്നതിൽ ഉചിതമായ മാറ്റം വരുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

താഴെപ്പറയുന്ന കരട് ചട്ടത്തിന്റെ പരിഗണന മാറ്റിവച്ചു

The Special Rules in respect of certain categories of posts in the Department of Sainik Welfare, 2021

(ഫയൽ നം. 19383/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-2/50/2018/ഉഭപവ. തീയതി 23-2-2022)

കരട് ചട്ടത്തിൽ ഭേദഗതി വരുത്തുന്നത് നിലവിലുള്ള ജീവനക്കാരുടെ സ്ഥാനക്കയറ്റത്തെ ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്നതിനാൽ ചട്ടത്തിന്റെ പരിഗണന മാറ്റിവെക്കുവാൻ സമിതി തീരുമാനിച്ചു.

III സാധൂകരണത്തിനുള്ള ചട്ടം

താഴെപ്പറയുന്ന ചട്ടത്തിന് സമിതി സാധൂകരണം നൽകി.

The Kerala Police Subordinate Service (Band and Mounted Police Units) Special Rules, 2021 (എസ്.ആർ.ഒ. നം. 497/2021)

(ഫയൽ നം. 14706/സബ്.സി.ഡി2/2021/നി.സെ.)

(സർക്കാർ കത്ത് നമ്പർ ആഭ്യന്തരം-കെ2/163/2021-ആഭ്യന്തരം തീയതി 6-9-2021 & 9-11-2021)

സമിതിയോഗം വൈകുന്നേരം 4.40-ന് അവസാനിച്ചു.

## 11-4-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ഏപ്രിൽ മാസം 11-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. മാത്യു ടി. തോമസ്

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
2. ശ്രീ. ടി. ഐ. മധുസൂദനൻ
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
4. ശ്രീ. തോമസ് കെ. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി. ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ശ്രീമതി ശാരദാ മുരളീധരൻ. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.
3. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത (ഡി) വകുപ്പ്.
5. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി &ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ വകുപ്പ്

7. ശ്രീ. അനിൽ കാന്ത്, ഡി.ജി.പി., ആഭ്യന്തര വകുപ്പ്.

8. ശ്രീ. എ. സന്തോഷ്, സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ.

9. ഡോ. എസ്. ദർവേഷ് സാഹിബ്, ഡി.ജി.പി., ജയിൽ വകുപ്പ്.

10. ശ്രീ. മനോജ് എബ്രഹാം, എ.ഡി.ജി.പി., ആഭ്യന്തര വകുപ്പ്.

11. ശ്രീ. സുരേഷ് കുമാർ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

13. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്.

14. ശ്രീ. അശോക് കുമാർ കെ., അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ വകുപ്പ്.

15. ശ്രീ. ഷൈൻ എ. ഹക്ക്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

16. ശ്രീ. അനൂപ് കുരുവിള ജോൺ, ഐ.ജി., ട്രാഫിക് & റോഡ് സേഫ്റ്റി മാനേജ്മെന്റ്

17. ശ്രീ. വി. ആർ. പ്രേം കുമാർ, ജില്ലാ കളക്ടർ, മലപ്പുറം.

18. ശ്രീമതി ശ്രീകല എസ്. പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

19. ശ്രീ. സുബാഷ്. ആർ., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

20. ശ്രീമതി മേരിലാലി സി.വൈ., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

21. ശ്രീമതി വിജയശ്രീ കെ.എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

22. ശ്രീ. ജയകുമാരൻ നായർ, ആർ., ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്.

23. ശ്രീമതി സുനിജ ബീഗം. എം. ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ്) വകുപ്പ്.

24. ശ്രീമതി അജിത കുമാരി പി., ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.

25. ശ്രീ. സക്കറിയ മാത്യു, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & പബ്ലിക് റിലേഷൻ ഓഫീസർ, കേരള ലോകായുക്ത

സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XII, XIII, XVIII, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ

2015—<u>തെരഞ്ഞെടുപ്പുകൾ</u>

2015-00-101-99—<u>സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ</u>

വിഹിതം : 6.54 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവധി യാത്രാനുകൂല്യം, വൈദ്യുത ചെലവ്, ഇന്ധന ചെലവ് എന്നീ ഇനങ്ങളിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക് നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|
| 04-4-അവധിയാത്രാനുകൂല്യം | 1.35 ലക്ഷം | 5 ലക്ഷം രൂപ |
| 05-2-വൈദ്യുതി ചെലവ് | 2.86 ലക്ഷം | 5 ലക്ഷം രൂപ |
| 45-പി.ഒ.എൽ | 2.33 ലക്ഷം | 2 ലക്ഷം രൂപ |

2015-00-106-99—<u>നിയമസഭ</u>

വിഹിതം : 5000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്നും എറണാകുളം ജില്ലയിലെ തൃക്കാക്കര നിയോജക മണ്ഡലത്തിലേയ്ക്കുള്ള ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിലേക്കാവശ്യമായ ചെലവ് നിർവ്വഹിക്കുന്നതിന് അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2015-00-109-99—<u>പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്</u>

വിഹിതം : 1.05 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കുവാൻ പര്യാപ്തമല്ലെന്നും 2021 ലെ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബിൽതുകകൾ കൊടുത്തുതീർക്കുവാനും 2022-23-ൽ മട്ടന്നൂർ നഗരസഭാ തെരഞ്ഞെടുപ്പ് നടത്തുന്നതിലേയ്ക്കും മറ്റ് ചെലവുകൾക്കുമായി അധികവിഹിതം ആവശ്യമാണെന്നും സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു

**ധനാഭ്യർത്ഥന നമ്പർ XII - പോലീസ്**

2055—പോലീസ്

2055-00-001 -99—മേൽനോട്ടം

04—യാത്രാ ചെലവുകൾ—1 യാത്രാബത്ത

വിഹിതം : 40.30 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെയും സോണൽ ഓഫീസിലേയും, റേഞ്ച് ഐ. ജി. ഓഫീസിലേയും യാത്രാ ബത്ത നിർവ്വഹിക്കുന്നതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 19.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99—ഓഫീസ് ചെലവുകൾ

05-2 —വൈദ്യുതി ചെലവ്

വിഹിതം : 12.8992 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത ബില്ലിംഗ് സിസ്റ്റം ആയതിനാൽ പോലീസ് വകുപ്പിലെ വൈദ്യുതി ചെലവ് ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 12.1008 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-3—ടെലിഫോൺ ചാർജ്ജ്

വിഹിതം —2.9767 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെലിഫോൺ ചെലവ് ഇനത്തിൽ ലഭ്യമാക്കിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 3.0233 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4—മറ്റിനങ്ങൾ

വിഹിതം : 73.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, ഓഫീസ് ചെലവ് എന്നിവയ്ക്ക് വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 1.465 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-06—വാടക, കരം, നികുതി

വിഹിതം : 10 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വാടക, കരം, നികുതി ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 15.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-15—രഹസ്യ സേവന ചെലവുകൾ

വിഹിതം—1.42 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ രഹസ്യ സേവന ചെലവുകൾ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 3.58 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-17—ചെറുകിട മരാമത്ത് പണികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരാമത്ത് പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 44.59 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-18—<u>സംരക്ഷണം</u>

വിഹിതം : 18 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-19—<u>യന്ത്രോപകരണങ്ങൾ</u>

വിഹിതം : 8.70 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിന് ഈ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001-99-21-2—<u>മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 36.70 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 44.80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-34-3— <u>മറ്റിനം</u>

വിഹിതം : 1.7860 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചെലവുകൾ, മറ്റ് ആകസ്മിക ചെലവുകൾ എന്നിവ വഹിക്കുന്നതിന് വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 71.40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-001 -99-45—<u>പി.ഒ.എൽ.</u>

വിഹിതം : 5.7172 കോടി (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തേയും സോണൽ ഓഫീസുകളിലെയും റേഞ്ച് ഐ.ജി. ഓഫീസുകളിലെയും ഇന്ധന ചെലവിനായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.8543 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-99-17—<u>പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും-ചെറുകിട മരാമത്തുപണികൾ</u>

വിഹിതം :3.5 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശീലന സ്കൂളിലെ മരാമത്ത് പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 41.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003 -99—<u>പോലീസ് പരിശീലന സ്കൂളുകളും കോളേജുകളും</u>

18—<u>സംരക്ഷണം</u>

വിഹിതം : 3.25 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് പരിശീലന സ്കൂളിലെ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 41.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98—കേരള പോലീസ് അക്കാഡമി

05-4—ഓഫീസ് ചെലവുകൾ—മറ്റിനങ്ങൾ

വിഹിതം : 16.86 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് വകയിരുത്തിയിരിക്കുന്ന തുക പരിമിതമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.34 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-17—ചെറുകിട മരാമത്തുപണികൾ (കേരള പോലീസ് അക്കാഡമി)

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് അക്കാഡമിയിലെ മരാമത്ത് പണികൾ നടത്തുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.1317 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18—സംരക്ഷണം

വിഹിതം : 57.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പോലീസ് അക്കാഡമിയിലെ അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് നിർവ്വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5.4394 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-003-98-34— മറ്റു ചെലവുകൾ-3-മറ്റിനം

വിഹിതം : 55.56 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് ആവശ്യങ്ങൾക്കായി വകയിരുത്തിയ വിഹിതം ഈ ഇനത്തിലെ ചെലവ് നിർവ്വഹിക്കാൻ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.4444 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-99—കുറ്റാന്വേഷണ വിഭാഗം

17—ചെറുകിട മരാമത്തുപണികൾ

ക്രൈംബ്രാഞ്ച് ഓഫീസുകളുടെ മരാമത്തുപണികൾ നടത്തുന്നതിനായി ഈ ശീർഷകം പുനഃസ്ഥാപിച്ച് 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—സംരക്ഷണം

വിഹിതം : 2 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത_ശീർഷകത്തിൽ 98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 2.16 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ ബില്ലുകളുടെ കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവ) തീർക്കേണ്ടതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.84 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിട മരാമത്തുപണികൾ</u>

എസ്.ബി.സി.ഐ.ഡി ഓഫീസ് കെട്ടിടങ്ങളുടെ മരാമത്തുപണികൾ നിർവ്വഹിക്കുന്നതിനായി നിലവിൽ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ 17-ചെറുകിട മരാമത്തു പണികൾ എന്ന ശീർഷകം പുനഃസ്ഥാപിച്ച് 10.23 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

വിഹിതം : 4.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ബി.സി..ഐ.ഡി ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99—<u>സായുധ പോലീസ്</u>

05-1—<u>വെള്ളക്കരം</u>

വിഹിതം : 54.00 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ കൂടുതൽ തുക വേണ്ടി വരുമെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.0735 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05—<u>ഓഫീസ് ചെലവുകൾ</u>

04—<u>മറ്റിനങ്ങൾ</u>

വിഹിതം : 1.0616 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കും കുടിശ്ശിക തീർപ്പാക്കുന്നതിനുമായി കൂടുതൽ തുക

ആവശ്യം വരുമെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4.2732 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99 -06—വാടക, കരം, നികുതി

വിഹിതം : 27.24 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളുടെ കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 70.96 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-99 -17—ചെറുകിട മരാമത്ത് പണികൾ

17-ചെറുകിട മരാമത്ത് പണികൾ എന്ന ശീർഷകം പുനഃസ്ഥാപിച്ച് പ്രസ്തുത ഇനത്തിൽ 4.0262 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—സംരക്ഷണം

വിഹിതം - 1.0475 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ബറ്റാലിയനുകളിൽ ഭരണാനുമതി ലഭിച്ച അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ല എന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 54.4525 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19—യന്ത്രോപകരണങ്ങൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബറ്റാലിയൻ യൂണിറ്റുകളിലേക്ക് കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 19-യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ 14.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ - 3 മറ്റിനം

വിഹിതം : 65.48 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 10 ബറ്റാലിയൻ യൂണിറ്റുകളിലെ ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പരിശീലനത്തിനായി പി.എസ്.സി അഡ്വൈസ് ചെയ്യുന്ന പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, സ്തുത്യർഹമായ സേവനത്തിനുള്ള മെഡലുകൾ, റിവാർഡുകൾ, പോലീസ് സേനയിലെ കായിക താരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് തുടങ്ങിയ ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ബറ്റാലിയനുകളുടെ പരിശീലനവുമായി ബന്ധപ്പെട്ട പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1.3452 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98—ഇൻഡ്യൻ റിസർവ് ബറ്റാലിയൻ

04—യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 85.5 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാ റിസർവ് ബറ്റാലിയന്റെ പരിശീലനത്തിനായി സംസ്ഥാനത്തിന് അകത്തും പുറത്തും സേനാംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടി വരുന്നത് കണക്കിലെടുത്തും ശബരിമല, ഇലക്ഷൻ ഡ്യൂട്ടി സംബന്ധിച്ച കുടിശ്ശിക ബാദ്ധ്യത തീർക്കുന്നതിനും സാമ്പത്തിക വർഷാവസാനംവരെയുള്ള ചെലവുകൾക്കുമായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 2.145 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98 -05—ഓഫീസ് ചെലവുകൾ-4 മറ്റിനങ്ങൾ

വിഹിതം : 15.87 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഓഫീസ് ആവശ്യങ്ങൾക്കുള്ള ചെലവുകൾക്കുമായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 23.33 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—ചെറുകിട മരാമത്തുപണികൾ

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയന്റെ മരാമത്തുപണികൾ നിർവ്വഹിക്കുന്നതിനായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 36.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98-18—സംരക്ഷണം

വിഹിതം : 1 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ.ആർ. ബറ്റാലിയനിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 2.6759 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-104-98 -45—പി.ഒ.എൽ

വിഹിതം : 27.54 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഐ. ആർ. ബറ്റാലിയന്റെ വാഹനങ്ങളുടെയും മാവോയിസ്റ്റ് വേട്ടയ്ക്ക് നിയോഗിച്ചിട്ടുള്ള തണ്ടർബോൾട്ട് കമാന്റോകളുടെ വാഹനങ്ങളുടെയും ഇന്ധനചെലവ് വഹിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 67.57 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-107-99—സംസ്ഥാന വ്യവസായ സുരക്ഷ സേന

17—ചെറുകിട മരാമത്തുപണികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ഐ.എസ്.എഫ് ഓഫീസിലെ മരാമത്തുപണികൾ നടത്തുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.49 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു

18—സംരക്ഷണം

മേൽ ശീർഷകത്തിൽ 18-സംരക്ഷണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് എസ്.ഐ.എസ്.എഫ് ഓഫീസ് അറ്റകുറ്റപണികൾ നടത്തുന്നതിനായി ഈ ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-108-99—വിക്ടിം കോമ്പൻസേഷൻ ഫണ്ട്

വിഹിതം : 3000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാരതുക നൽകുന്നതിനായി വിലയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-108-98—സെൻട്രൽ വിക്ടിം കോമ്പൻസേഷൻ ഫണ്ട് സ്കീം (ഇന്ത്യാ ഗവൺമെന്റിന്റെ ഒറ്റത്തവണ ഗ്രാന്റ്)

വിഹിതം: ഇല്ല

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ക്ലെയിം തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ 8 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-109-99—ജില്ലാ സേന

04—യാത്രാ ചെലവുകൾ - 2 സ്ഥലംമാറ്റബത്ത

വിഹിതം : 33.30 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കുടിശ്ശിക തീർക്കുന്നതിനും സാമ്പത്തിക വർഷത്തെ ചെലവുകൾക്കുമായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 84.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-1—<u>വെള്ളക്കരം</u>

വിഹിതം :1 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പോലീസ് ഓഫീസുകളിലെയും പോലീസ് സ്റ്റേഷനുകളിലെയും വെള്ളക്കരം അടയ്ക്കുന്നതിനും കുടിശ്ശിക തീർക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.5120 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05—<u>ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ</u>

വിഹിതം : 5.4573 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും ഐ.പി.എസ്.ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 9.5927 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

വിഹിതം : 2.40 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലാ പോലീസ് ഓഫീസുകളുടെയും പോലീസ് സ്റ്റേഷനുകളുടെയും കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നിവ അടയ്ക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത _ശീർഷകത്തിൽ 4.96 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിട മരാമത്തുപണികൾ</u>

വിഹിതം : 50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങളുടെയും ജില്ലാ പോലീസ് ഓഫീസ് കെട്ടിടങ്ങളുടെയും മരാമത്തുപണികൾക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 42.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18—<u>സംരക്ഷണം</u>

വിഹിതം : 1 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 40 കോടി രൂപ ധന പുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19—<u>യന്ത്രോപകരണങ്ങൾ</u>

വിഹിതം : 75 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5.5820 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21 —<u>മോട്ടോർ വാഹനങ്ങൾ - 2 സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 6.4496 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന്

സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 12.5516 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റിനം</u>

വിഹിതം - 2.5721 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തീർത്ഥാടന സമയത്തും മകരവിളക്ക് സമയത്തും സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കുന്നവർക്ക് പ്രതിഫലം നൽകൽ, ഫീഡിംഗ് ചാർജ് എന്നിവയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 12.5279 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—<u>പി.ഒ.എൽ.</u>

വിഹിതം - 38.9812 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനുകളിലെയും ജില്ലാ പോലീസ് ഓഫീസുകളിലേയും വാഹനങ്ങളുടെ ഇന്ധന ചെലവ് വഹിക്കുന്നതിനായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 40.4070 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

77—<u>മൃഗങ്ങൾക്കുള്ള ഭക്ഷണം</u>

വിഹിതം :75 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ കുതിരകൾക്കും നായ്ക്കൾക്കും ഭക്ഷണത്തിനായി വലിയൊരു തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

വിഹിതം :90 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിലെ ടി.എ. ഇനത്തിലുള്ള കുടിശ്ശിക (ശബരിമല, ഇലക്ഷൻ ഡ്യൂട്ടി ) നൽകുന്നതിനായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4.6017 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിട മരാമത്തുപണികൾ</u>

ചെറുകിട മരാമത്തുപണികൾക്കായി ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ 17-ചെറുകിട മരാമത്തുപണികൾ എന്ന ശീർഷകം പുനഃസ്ഥാപിച്ച് റെയിൽവേ പോലീസ് ഓഫീസുകളിലെ മരാമത്ത് പണികൾക്കായി പ്രസ്തുത ഇനത്തിൽ 7.69 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

18—<u>സംരക്ഷണം</u>

വിഹിതം :1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിൽ റെയിൽവേ പോലീസ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 18.27 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-111-99-34—<u>ഓഫീസ് ചെലവുകൾ-3 മറ്റിനം</u>

വിഹിതം : 98,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഫീസ് ആവശ്യങ്ങൾക്കുള്ള ദൈനംദിന ചെലവ് നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 4.02 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-112-99—<u>കൊച്ചി തുറമുഖ പോലീസ്</u>

17—<u>ചെറുകിട മരാമത്തുപണികൾ</u>

മേൽശീർഷകത്തിൽ ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കൊച്ചി തുറമുഖ പോലീസ് ഓഫീസിലെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

മേൽശീർഷകത്തിൽ സംരക്ഷണം എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കൊച്ചി തുറമുഖ പോലീസ് ഓഫീസിലെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ഇനത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-112-98— <u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04—<u>യാത്രാ ചെലവുകൾ - 1 യാത്രാബത്ത</u>

വിഹിതം :11.70 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശബരിമല, ഇലക്ഷൻ ഡ്യൂട്ടികൾ തുടങ്ങിയവയുടെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ 63.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17—<u>ചെറുകിട മരാമത്തുപണികൾ</u>

ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 1.3824 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—<u>സംരക്ഷണം</u>

വിഹിതം :4.5 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.88 കോടി രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

19—<u>യന്ത്രോപകരണങ്ങൾ</u>

വിഹിതം :1.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെ 16 ഓപ്പറേഷണൽ ബോട്ടുകൾക്ക് ഓട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—<u>പി.ഒ.എൽ.</u>

വിഹിതം :88 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 4.1682 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

97—<u>വാഹനങ്ങളുടെ വാടക</u>

വിഹിതം:1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സെക്യൂരിറ്റി എക്സർസൈസുകൾക്ക് ബോട്ട് വാടകയ്ക്ക് എടുത്ത വകയിലുള്ള കുടിശ്ശിക തീർക്കുന്നതിന് വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 15.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ_ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-113-98 —<u>സ്പോർട്സ് ഗ്രാന്റ്</u>

വിഹിതം : 9.9 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന അത്‌ലറ്റിക് മീറ്റ്, All India Police Meet എന്നിവ

നടത്തുന്നതിനും സ്പോർട്സ് കിറ്റ്, കായിക താരങ്ങൾക്കുള്ള സഹായധനം, ക്യാഷ് അവാർഡുകൾ, മറ്റ് അപ്രതീക്ഷിത ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.9790 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-99-04—വയർലെസ് യൂണിറ്റ് - യാത്രാ ചെലവുകൾ - 1 യാത്രാബത്ത

വിഹിതം : 74.70 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 1.2530 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-99—വയർലെസ് യൂണിറ്റ്-ഓഫീസ് ചെലവുകൾ

05-03—ടെലിഫോൺ ചെലവ്

വിഹിതം : 13.33 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ എല്ലാ യൂണിറ്റുകളിലെയും BSNL leased circuit ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ഇനത്തിൽ 11.67 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17—ചെറുകിട മരാമത്തുപണികൾ

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകളിലെ മരാമത്തുപണികൾക്കായി ഈ ശീർഷകത്തിൽ 15.79 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-99 - 18—സംരക്ഷണം

വിഹിതം : 2.7 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ

37.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-98—കംപ്യൂട്ടർ സെന്റർ

05—ഓഫീസ് ചെലവുകൾ-4 മറ്റിനം

വിഹിതം : 8.09 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം അടയ്ക്കുന്നതിനും, ഐ.പി.എസ്. ഓഫീസർമാരുടെ AIS അലവൻസ് നൽകുന്നതിനും ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.91 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

17—ചെറുകിട മരാമത്തുപണികൾ

മേൽശീർഷകത്തിൽ ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് എസ്.സി.ആർ.ബി യൂണിറ്റുകളുടെ മരാമത്തുപണികൾ നടത്തുന്നതിനായി പ്രസ്തുത ഇനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-114-98-18—സംരക്ഷണം

വിഹിതം : 1.8 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ആർ.ബി. യൂണിറ്റുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 5.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-116-99—ഫോറൻസിക് സയൻസ്

17—ചെറുകിട മരാമത്തുപണികൾ

മേൽശീർഷകത്തിൽ ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ മരാമത്തു പണികൾക്കായി പ്രസ്തുത ഇനത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—സംരക്ഷണം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 17.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2055-00-117-96—കേരള ആന്റി ടെറർ സ്ക്വാഡ്

17—ചെറുകിട മരാമത്തുപണികൾ

മേൽശീർഷകത്തിൽ ചെറുകിട മരാമത്തുപണികൾ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റുകളിലെ മരാമത്തുപണികൾക്കായി പ്രസ്തുത ഇനത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

18—സംരക്ഷണം

വിഹിതം :1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 29.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—പി.ഒ.എൽ

വിഹിതം :5.50 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 35.65 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4055-00-207-92—<u>പോലീസ് വകുപ്പ് നവീകരിക്കുന്നതിന്</u>

14—<u>മറ്റ് കെട്ടിടങ്ങളുടെ നിർമ്മാണം</u>

വിഹിതം : 18.05 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 164.4801 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**പുതിയ ശീർഷകം സൃഷ്ടിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശ**

<u>സ്പെക്ട്രം ചാർജസ്</u>

2022-23 സാമ്പത്തിക വർഷം സ്പെക്ട്രം ചാർജ്ജ് ഇനത്തിൽ തുക കേന്ദ്ര സർക്കാരിലേക്ക് അടയ്ക്കുന്നതിനായി പുതിയ ശീർഷകം സൃഷ്ടിച്ച് ആയതിൽ 2.25 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-103-99—<u>കേരള ലോകായുക്ത, 1998</u>

01-1—<u>ശമ്പളം</u>

വിഹിതം : 3.4415 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ 55.85 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-2—<u>ക്ഷാമബത്ത</u>

വിഹിതം : 41.30 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവുകൾക്കായി 23.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-3—<u>വീട്ടുവാടക അലവൻസ്</u>

വിഹിതം : 47.36 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിലെ ചെലവുകൾക്കായി 10.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

01-4—<u>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്</u>

വിഹിതം :5 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് സ്റ്റാഫ് എന്നിവരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ മാറിനൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

01-5—<u>മറ്റു അലവൻസുകൾ</u>

വിഹിതം :14.49 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ ഇനത്തിലെ ചെലവുകൾക്കായി 5.51 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

02-5—<u>വേതനം - ദിവസ വേതനം</u>

വിഹിതം :67.45 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനം, കോ-ടെർമിനസ്സ് ജീവനക്കാരുടെ വേതനം എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും 12.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04- 2—<u>യാത്രാബത്ത-സ്ഥലംമാറ്റബത്ത</u>

വിഹിതം:50,000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി രജിസ്ട്രാർക്ക് ട്രാൻസ്ഫർ ഗ്രാന്റ്, റ്റി.എ. എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

04- 4—<u>അവധി യാത്രാനുകൂല്യം</u>

വിഹിതം :6.3 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത, ഉപലോകായുക്ത, രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 3.70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

വിഹിതം : 5 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലോകായുക്ത രജിസ്ട്രാർ, പുതുതായി ചുമതലയേൽക്കുന്ന ഡെപ്യൂട്ടി രജിസ്ട്രാർ എന്നിവരുടെ വീട്ടു വാടക നൽകുന്നതിനായി അധിക വിഹിതം ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—<u>മോട്ടോർ വാഹനങ്ങൾ</u>

മേൽശീർഷകത്തിൽ വാഹനങ്ങൾ വാങ്ങൽ എന്ന ഇനം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പുനഃസ്ഥാപിച്ച് പ്രസ്തുത ഇനത്തിൽ രണ്ട് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം :4.16 ലക്ഷം രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾക്ക് കൂടുതൽ

തുക ചെലവാകുമെന്നതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

67—<u>പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഈ ശീർഷകത്തിൽ 24,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-104-99—<u>വിജിലൻസ്</u>

വിഹിതം :1.9129 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം പര്യാപ്തമല്ലാത്തതിനാൽ താഴെപ്പറയുന്ന ഇനങ്ങളിൽ 98 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

| | | | നിലവിലെ ബഡ്ജറ്റ് വിഹിതം | അധികമായി വകയിരുത്തേണ്ട തുക |
|---|---|---|---|---|
| 01-4 | — | മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 28 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 05-1 | — | വെള്ളക്കരം | 2.5 ലക്ഷം രൂപ | 2 ലക്ഷം രൂപ |
| 05-4 | — | മറ്റിനങ്ങൾ | 60 ലക്ഷം രൂപ | 10 ലക്ഷം രൂപ |
| 06 | — | വാടക, കരം, നികുതി | 50 ലക്ഷം രൂപ | 10 ലക്ഷം രൂപ |
| 15 | — | രഹസ്യസേവന ചെലവുകൾ | 14 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| 21-2 | — | മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 36.70 ലക്ഷം രൂ പ | 15 ലക്ഷം രൂപ |
| 17 | — | ചെറുകിട മരാമത്ത് പണികൾ | 9000 രൂപ | 50 ലക്ഷം രൂപ |

2062 -00- 105-99—വിജിലൻസ് ട്രൈബ്യൂണൽ

വിഹിതം :1.1368 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച വിജിലൻസ് ട്രൈബ്യൂണലുകളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്കും കെട്ടിട വാടക തുക തീർപ്പാക്കുന്നതിനും ഓഫീസ് കമ്പ്യൂട്ടർ ശൃംഖല നവീകരിക്കുന്നതിനും ഫോട്ടോകോപ്പിയർ വാങ്ങുന്നതിനും മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5.87 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-98—അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്

വിഹിതം :89.02 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പുതലവന്റെ വീട്ടുവാടക ഇനത്തിൽ 3 ലക്ഷം രൂപയും പുതിയ കാർ വാങ്ങുന്നതിന് 10 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2062-00-105-97—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

വിഹിതം :76.43 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവികളുടെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, ഇന്ധനം, വൈദ്യുതി, കമ്പ്യൂട്ടർവൽക്കരണം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 19.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062 -00- 105-96—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം

04-2—സ്ഥലംമാറ്റബത്ത

വിഹിതം :58,000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ

സ്ഥലംമാറ്റബത്ത അനുവദിക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 12,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-94—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം

06—വാടക, കരം, നികുതി

വിഹിതം :1 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വീട്ടുവാടക ഇനത്തിൽ നിലവിലുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയം ചെയ്തു.

2062-00-105-90—എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് മൂവാറ്റുപുഴ
വിഹിതം :73.82 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ, വിവര സാങ്കേതികവിദ്യ, ശമ്പളം എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 16.50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**തിരുവനന്തപുരം വിജിലൻസ് ട്രൈബ്യൂണലിന് സ്ഥിരമായി പുതിയ കെട്ടിടം**

വിജിലൻസ് ട്രൈബ്യൂണൽ ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ഭീമമായ സംഖ്യ വാടകയിനത്തിൽ ചെലവഴിക്കേണ്ടി വരുന്നതായി സമിതി വിലയിരുത്തുകയും ആയതിനാൽ ഓഫീസ് ആവശ്യങ്ങൾക്കായി ശരാശരി 3000 ചതുരശ്ര അടി വലിപ്പമുള്ള ഒരു കെട്ടിടം അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XIII—ജയിലുകൾ**

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

05-3—ടെലിഫോൺ ചെലവ്

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബി.എസ്.എൻ.എൽ-ന് നൽകുവാനുള്ള ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി

ചാർജിനായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.0167 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിട മരാമത്ത് പണികൾ</u>

വിഹിതം :90 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ജയിലുകളിലെ മരാമത്തു പണികൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

വിഹിതം—11.5 കോടി രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ ജയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2056-00-001-89—<u>സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽ</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ Implementation of TETRA Communication System in Central Prisons (Non-Plan) എന്ന ശീർഷകത്തിൽ ടോക്കൺ തുക മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.3397 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2056-00-101-99—<u>ജയിലുകൾ</u>

05-1—<u>വെള്ളക്കരം</u>

വിഹിതം : 63 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ ബാഹുല്യം നിമിത്തം ജയിലുകളിൽ വെള്ളത്തിന്റെ

ഉപഭോഗം വളരെ കൂടുതലായതിനാൽ വെള്ളക്കരം ഇനത്തിൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

വിഹിതം :25 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതിയുടെ പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച കെട്ടിട നികുതി ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതിനായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വിഹിതം : 13.13 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾക്കുമായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റിനം</u>

വിഹിതം :10.9147 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്നിന്റെ വിലയിലുണ്ടാകുന്ന വർദ്ധനവ് ജയിൽ മോചിതരാകുന്ന തടവുകാർക്കുള്ള വേതനം എന്നിവ കണക്കിലെടുക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—പി.ഒ. എൽ.

വിഹിതം : 41.58 ലക്ഷം രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരുടെ ആശുപത്രി, കോടതി യാത്രകൾക്കും ജയിൽ വാഹനം ഉപയോഗിക്കുന്നതിനാലും ചില ജയിലുകളിൽ കാർഷിക ആവശ്യത്തിനായി ട്രാക്ടറും ജെ.സി.ബി.യും ഉപയോഗിക്കുന്നതിനാലും ഇന്ധന ഇനത്തിൽ കൂടുതൽ ചെലവ് വരുന്നതായി സമിതി വിലയിരുത്തുകയും ഇന്ധന വിലയിലുണ്ടാകുന്ന ഗണ്യമായ വർദ്ധനവ് കൂടി കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

56—ഭക്ഷണവും ധനസഹായവും

വിഹിതം :25 കോടി രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോപ്പ്, മത്സ്യഫെഡ്, മിൽമ, ഗ്യാസ് ഏജൻസി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ക്രെഡിറ്റ് വ്യവസ്ഥയിൽ സാധനങ്ങൾ വാങ്ങേണ്ടി വരുന്നുവെന്നും തടവുകാരുടെ ബാഹുല്യവും ആഹാരസാധനങ്ങളുടെയും മറ്റു നിത്യോപയോഗ സാധനങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവ് എന്നിവയും കണക്കാക്കുമ്പോൾ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും**

2210-06-107-97—രാസപദാർത്ഥ പരിശോധനശാല

19—യന്ത്രോപകരണങ്ങൾ

വിഹിതം : 42.94 ലക്ഷം രൂപ (പദ്ധതി)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മയക്ക് മരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്ന എറണാകുളം ലബോറട്ടറിയിലെ പ്രവർത്തനരഹിതമായ ജി.സി.എം.എസ്സ്. മാറ്റി പുതിയത് വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം**

5053-02-190-97—<u>കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

വിഹിതം :1 ലക്ഷം രൂപ (പദ്ധതി)

: 10,000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മൺസൂൺ മിറ്റിഗേഷൻ വർക്കിന് 55.67 ലക്ഷം രൂപ, കേടുപാടുകൾ സംഭവിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി 69.39 ലക്ഷം രൂപ, ഭൂമി അക്വയർ ചെയ്യുന്നതിന് കിൻഫ്രക്ക് 46.66 ലക്ഷം രൂപ, കേരള വാട്ടർ അതോറിറ്റിയിൽ ജലവിതരണ പൈപ്പുകൾ മാറ്റിയിട്ട വകയിലുള്ള 1.15 കോടി രൂപ, തോടുകൾ വികസിപ്പിക്കുന്നതിന് കൊടുക്കേണ്ട തുക 10.66 കോടി രൂപ, കൃഷി നഷ്ടപരിഹാരമായി നൽകിയ 44.60 ലക്ഷം രൂപ, റൗണ്ട് എബൗട്ട് വികസിപ്പിക്കുന്നതിനായി PWD യ്ക്ക് കൊടുത്ത തുക 18 ലക്ഷം രൂപ, അഞ്ചരക്കണ്ടി റോഡിന്റെ സ്ട്രീറ്റ് ലൈറ്റിനുവേണ്ടി 1.59 കോടി രൂപ, കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള ഡെപ്പോസിറ്റ് തുക 1.28 കോടി രൂപ തുടങ്ങിയവയ്ക്കായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ ആകെ 17.738103 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

5053-02-190-93—<u>കോഴിക്കോട് എയർപോർട്ടിനായുള്ള ഭൂമി ഏറ്റെടുക്കൽ</u>

വിഹിതം :ഇല്ല

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 152.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും സാമൂഹ്യ പ്രത്യാഘാത പഠനം, സർവ്വേ, നഷ്ടപരിഹാര വിതരണം എന്നിവയ്ക്കുമായി ഈ ശീർഷകത്തിൽ 650 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

7053-02-190-99—<u>തിരുവനന്തപുരം എയർപോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയ്ക്കുള്ള വായ്പകൾ</u>

വിഹിതം :1,000 രൂപ (പദ്ധതിയേതരം) (ചാർജ്ജ് ചെയ്തത്)

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 18.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനും എൽ.എ.ആർ. കേസുകളിൽ കോടതി വിധി പ്രകാരമുള്ള അധിക തുക നൽകുന്നതിലേയ്ക്കുമായി വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സംസ്ഥാന ഗവൺമെന്റിന് സിയാലിലുള്ള ഓഹരി വിഹിതം നിലനിർത്താൻ 5053-02-190 -99 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 17 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസപത്രികകളുടെയും പരിഗണന**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

(1) 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1254/സബ്.സി.ഡി2/2018/നി.സെ)

**പൊതുഭരണ (ഏകോപനം) വകുപ്പ്**

<u>ഖണ്ഡിക നമ്പർ 8</u>

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ5/61/2021/പൊ.ഭ.വ. തീയതി 13-8-2021)

(2) 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3276/സബ്.സി.ഡി2/2019/നി.സെ)

**പൊതുഭരണ (ഏകോപനം) വകുപ്പ്**

(i) ഖണ്ഡിക നമ്പർ 8

(സർക്കാർ കത്ത് നമ്പർ സി. ഡി.എൻ5/62/2021/പൊ.ഭ.വ. തീയതി 17-8-2021)

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

(ii) ഖണ്ഡിക നമ്പർ 12

(സർക്കാർ കത്ത് നമ്പർ ഡി2/81/2019/പ്ലാനിംഗ് തീയതി 7-10-2021)

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

(iii) ഖണ്ഡിക നമ്പർ 32, 35, 36 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഇ.എം2/286/2019/ത.സ്വ.ഭ.വ. തീയതി 26-10-2021)

(3) 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1775/സബ്.സി.ഡി2/2020/നി.സെ)

**നിയമ (പാർല) വകുപ്പ്**

(i) ഖണ്ഡിക നമ്പർ 5-7, 23, 46-50, 56, 58, 62-65, 171-177

(കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ 8224/പാർല/2019/നിയമം തീയതി 10-11-2021)

**പൊതുഭരണ (ഏകോപനം) വകുപ്പ്**

(ii) ഖണ്ഡിക നമ്പർ 12 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ സി.ഡി.എൻ5/63/2021/പൊ.ഭ.വ തീയതി 17-8-2021)

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

(iii) ഖണ്ഡിക നമ്പർ 18, 19 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഡി2/118/2021/പ്ലാനിംഗ് തീയതി 20-10-2021 &ഡി2/ 114/ 2020-പ്ലാനിംഗ് തീയതി 16-11-02021)

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

(iv) ഖണ്ഡിക നമ്പർ 20,21 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ 75/ബി2/2020/പ്ലാനിംഗ് തീയതി 25-8-2021 & 25-9-2021)

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ്**

(v) ഖണ്ഡിക നമ്പർ 178, 179 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഔ.ഭാ.1/87/2020/ഉ.ഭ.പ.വ. തീയതി 8-9-2021)

**പൊതുമരാമത്ത് (ഇ) വകുപ്പ്**

(vi) ഖണ്ഡിക നമ്പർ 180 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഇ 3/311/2020/പൊ.മ.വ. തീയതി 28-7-2021 &25-10-2021)

**ശാസ്ത്രസാങ്കേതിക വകുപ്പ്**

(vii) ഖണ്ഡിക നമ്പർ 181 മുതൽ 189 വരെ (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ എ 2/85/2020/ശാ. സാ. വ. തീയതി 17-9-2021)

**വിജിലൻസ് (സി) വകുപ്പ്**

(viii) പുതിയ ശീർഷകം (iii) (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ വിജി-സി3/207/2020-വിജി തീയതി 5-2-2021)

(4)2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12066/സബ്.സി.ഡി2/2021/നി.സെ)

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്**

(i) ഖണ്ഡിക നമ്പർ 19

(സർക്കാർ കത്ത് നമ്പർ ബി.പി.ഇ 3/156/2021-PLGEA തീയതി 10-9-2021)

**ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്**

(ii) ഖണ്ഡിക നമ്പർ 21

(സർക്കാർ കത്ത് നമ്പർ ഡി2/137/2021-പ്ലാനിംഗ് തീയതി 17-1-2022)

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

(iii) ഖണ്ഡിക നമ്പർ 53

(സർക്കാർ കത്ത് നമ്പർ ഇ.എം2/93/2021-തസ്വഭവ തീയതി 13-12-2021)

**പൊതുഭരണ (എ.ഐ.എസ്.എ) വകുപ്പ്**

(iv) ഖണ്ഡിക നമ്പർ 133

(സർക്കാർ കത്ത് നമ്പർ എ.ഐ.എസ്.-എ 2/254/2021-പൊ.ഭ.വ.തീയതി 25-10-2021)

**പൊതുഭരണ സ്പെഷ്യൽ(ഇ) വകുപ്പ്**

(v) ഖണ്ഡിക നമ്പർ 4 (ഇടക്കാല മറുപടി)

(സർക്കാർ കത്ത് നമ്പർ സ്പെ.ഇ 1/103/2021-പൊഭവ തീയതി 18-12-2021)

**വിജിലൻസ് (സി) വകുപ്പ്**

(vi) ഖണ്ഡിക നമ്പർ 106 മുതൽ 121 വരെ

(സർക്കാർ കത്ത് നമ്പർ വിജി-സി3/385/2021-വിജി തീയതി 31-3-2022)

യോഗം ഉച്ചയ്ക്കുശേഷം 12.15-ന് അവസാനിച്ചു.

# 9-6-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ജൂൺ 9-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ, ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. വി. ജോയി
2. ശ്രീ. ടി. ഐ. മധുസൂദനൻ
3. ശ്രീ. തോമസ് കെ. തോമസ്

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ</u>

1. ശ്രീ. വി. ഡി. സതീശൻ
2. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
2. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.
3. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്.
4. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി,ധനകാര്യ (എക്സ്പെന്റീച്ചർ) വകുപ്പ്.
5. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

7. ശ്രീമതി ശോഭ. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ശ്രീമതി ബീന പി. എസ്., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

9. ശ്രീമതി രേണുകാ ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

10. ശ്രീ. അനൂപ് കുരുവിള ജോൺ, ഐ. ജി., ട്രാഫിക്ക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ്.

11. ശ്രീ. ഹരിശങ്കർ, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്.

12. ശ്രീ. സിജു ജേക്കബ്, ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

സമിതി 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട്, കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**I കരട് റിപ്പോർട്ടിന്റെ പരിഗണന**

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റി II-ൽ നിന്ന് കൈമാറി ലഭിച്ച അധികതുക ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പുകളിൽ ധനാഭ്യർത്ഥന XXVIII- പലവക സാമ്പത്തിക സർവ്വീസുകളിൽ ഉൾപ്പെട്ട റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് സംബന്ധിച്ച 3475-00-115-99-കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ. കെ. ഐ) 5475-00-115-93-കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ. സഹായം-ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ) എന്നീ ശീർഷകങ്ങളുമായി ബന്ധപ്പെട്ട ശിപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയ നടപടി സമിതി അംഗീകരിച്ചു.

3475-00-115-99—<u>കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ. കെ. ഐ)</u>

വിഹിതം :1000 രൂപ (പദ്ധതിയേതരം)

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

5475-00-115-93—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ. എഫ്. ഡബ്ല്യൂ സഹായം - ആർ. കെ. ഡി.പി- പ്രോജക്ട് ലോൺ)

വിഹിതം : ഇല്ല

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ. എഫ്. ഡബ്ല്യൂ സഹായത്തോടെയുള്ള റോഡുകൾക്കായി തുക വകയിരുത്തണമെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**II കരട് ചട്ടങ്ങൾ**

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

1. 2022- ലെ കേരള സ്വകാര്യ സ്വത്തിനുള്ള നാശനഷ്ടം തടയലും നഷ്ടപരിഹാരം നൽകലും ചട്ടങ്ങൾ

(ഫയൽ നമ്പർ 1044/സബ്.സി.ഡി.2/2020/നി.സെ)

(സർക്കാർ കത്ത് നമ്പർ HOME-M2/70/2020-HOME തീയതി 6-4-2022)

2. The Kerala Service (...........Amendment) Rules, 2022 (ഭാഗം I, ചട്ടം 24 A, അനുബന്ധം XII-A, XII-C എന്നിവയുടെ ഭേദഗതി)

(ഫയൽ നമ്പർ 7783/സബ്.സി.ഡി2/2022/നി.സെ)

(സർക്കാർ കത്ത് നമ്പർ ഇ. 1765467/റൂൾസ്-ബി1/29/ധന തീയതി 29-4-2022)

3. The Kerala State and Subordinate Services (........Amendment) Rules, 2022 (KS & SSR ഭാഗം II ചട്ടം 10-ലെ ഭേദഗതി)

(ഫയൽ നമ്പർ 8616/സബ്.സി.ഡി2/2022/നി.സെ)

(സർക്കാർ കത്ത് നമ്പർ 11955/ആർ.1/2014/ഉ.ഭ.പ.വ തീയതി 9-5-2022)

**III സമിതിയുടെ സാധൂകരണത്തിനുള്ള എസ്.ആർ.ഒ.കൾ**

താഴെപ്പറയുന്ന ചട്ടത്തിന് സമിതി സാധൂകരണം നൽകി.

The Kerala Banning of Unregulated Deposit Schemes Rules, 2021 (എസ്.ആർ.ഒ.നം. 871/2021, കാലതാമസ പത്രിക സഹിതം)

താഴെപ്പറയുന്ന ചട്ടത്തിന്റെ പരിഗണന മാറ്റിവെച്ചു.

The Kerala Police Service (Amendment) Special Rules, 2022

(എസ്. ആർ. ഒ. നം 197/2022)

2010-ലെ ഉത്തരവ് പ്രകാരം കേരള പോലീസ് ജനറൽ എക്സിക്യൂട്ടീവിൽ ക്യാമ്പുകളിലെ ജനറൽ സർവ്വീസിലെ ഒഴിവുകൾ മെർജ് ചെയ്തത് ചോദ്യം ചെയ്തുകൊണ്ട് ജനറൽ എക്സിക്യൂട്ടീവിലെ എസ്. ഐ-മാർ ഫയൽ ചെയ്ത ഹർജിയിന്മേൽ 31-5-2022-ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിപ്രകാരം സർക്കാർ തീരുമാനം സ്ട്രൈക്ക് ഔട്ട് ചെയ്തതിനാൽ സർക്കാരിന് ഹൈക്കോടതിയിൽ അപ്പീൽ കൊടുത്ത് തീരുമാനമെടുക്കാമെന്നും ഇക്കാര്യത്തിൽ മറ്റൊരു തീരുമാനം വരുന്നതുവരെ ചട്ടത്തിന്റെ പരിഗണന മാറ്റിവയ്ക്കുന്നതാകും ഉചിതമെന്നും, സീനിയോറിറ്റി ലിസ്റ്റ് മെർജ് ചെയ്തുവരുമ്പോൾ സീനിയറായവരെ മറികടന്ന് ജൂനിയറായവർക്ക് പ്രൊമോഷൻ ലഭിക്കുന്ന രീതിയിലുള്ള അനോമലി ഉണ്ടാകുമെന്നും അതിനാൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കണമെന്നും സമിതിയംഗം ശ്രീ. വി. ഡി. സതീശൻ, എം. എൽ. എ. അഭിപ്രായപ്പെട്ടു.

31-5-2022 ലെ ഉത്തരവ് പ്രകാരം "ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിലെ നിയമന രീതി" എന്ന ഭാഗമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്ട്രൈക്ക് ഔട്ട് ചെയ്തിരിക്കുന്നതെന്നും റൂളിന്റെ പ്രൊവിഷനെയാണ് ചോദ്യം ചെയ്തിരിക്കുന്നതെന്നും രണ്ട് സ്ട്രീമിലൂടെ വന്നവരുടെ അപ്രോപ്രിയേറ്റ് നോംസ് വച്ച് അന്തർ സംസ്ഥാന സീനിയോരിറ്റി തീരുമാനിക്കാൻ സാധിക്കുമെന്നും പല കേസ്സുകളിലും സർക്കാർ നിലപാട് അംഗീകരിച്ചിട്ടുണ്ടെന്നും ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന അപ്പീലിന്മേൽ തീരുമാനം വരുന്നതുവരെ പരിഗണന മാറ്റിവയ്ക്കുന്നതാകും ഉചിതം എന്നും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. വിജ്ഞാപനത്തിന്റെ ഒരു ഭാഗം മാത്രമാണ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്ട്രൈക്ക് ഔട്ട് ചെയ്തിരിക്കുന്നതെന്നും അപ്പീലിന്മേൽ വിധി വരുന്നതുവരെ പരിഗണന മാറ്റിവയ്ക്കുന്നതാണ് ഉചിതമെന്നും നിയമ വകുപ്പ് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

പ്രസ്തുത വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ 197/2022-ാം നമ്പർ എസ്. ആർ. ഒ-യുടെ പരിഗണന മാറ്റി വയ്ക്കാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.15 ന് അവസാനിച്ചു.

## 18-7-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ജൂലൈ മാസം 18 ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം (രാത്രി 7.45-ന്) നിയമസഭാ സമുച്ചയത്തിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാക്കളായ ബഹു. വ്യവസായം, നിയമം, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ്, ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷണൻ എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. ടി. പി. രാമകൃഷ്ണൻ
6. ശ്രീ. വി. ഡി. സതീശൻ
7. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
8. ശ്രീ. തോമസ് കെ. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ.ആശ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

5. ശ്രീ. ബി. എസ്. ജയകുമാർ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

7. ശ്രീമതി താരാദേവി ആർ., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

8. ശ്രീ. ഗോപാൽ വി. എസ്., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

9. ശ്രീമതി സരിത ഡി., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

10. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

11. ശ്രീ.രാജേഷ് കുമാർ എം, അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

12. ശ്രീ. സുധേഷ് കുമാർ, ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

13. ഡോ. ബി. സന്ധ്യ, ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ വകുപ്പ് (ഓൺലൈൻ മുഖേന)

14. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

15. ശ്രീ. കെ. മുഹമ്മദ് വൈ. സഫീറുള്ള, സ്പെഷ്യൽ കമ്മീഷണർ, OSD ഫിനാൻസ് (റിസോഴ്സ്) വകുപ്പ്

16. ശ്രീ. എം. കെ. വിനോദ് കുമാർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, (എച്ച്.ക്യൂ.), പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

17. ശ്രീമതി ശോഭ ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

18. ശ്രീമതി ഉഷ എ. ആർ., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

19. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

20. ശ്രീമതി ജിഷ ഡി., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

21. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

22. ശ്രീമതി റൂസി ആർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ആഭ്യന്തര വകുപ്പ്

23. ശ്രീ. ഗിരീഷ് കുമാർ ജി.,ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

24. ശ്രീ. കെ. അബ്ദുൽ റഷീദ്, അഡീഷണൽ ഡയറക്ടർ, ഐ&പി.ആർ.ഡി.

സമിതി റിപ്പോർട്ടുകളുടെ കരട്, കരട് ചട്ടങ്ങൾ, സാധൂകരണത്തിനുള്ള ചട്ടം, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ഫയലുകൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. **റിപ്പോർട്ടുകളുടെ കരട് പരിഗണന**

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

2. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്. മേൽ റിപ്പോർട്ടുകളുടെ കരട് പരിഗണിയ്ക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. **കരട് ചട്ടങ്ങൾ**

1. The Subordinate Service in the unit comprising the officers of the Enquiry Commissioner and Special Judges and Vigilance Tribunal (Amendment) Rules, 2022

(ഫയൽ നമ്പർ 3589/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ വിജി-സി3/270/2017-വിജി. തീയതി 15-2-2022 &28-5-2022)

കരട് ചട്ടത്തിന്റെ short title-ൽ Parent Rules-ന് അനുസൃതമായി "Special Rules for the Subordinate Service" എന്നത് കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയത് എസ്.ആർ.ഒ. യിൽ ഉൾപ്പെടുത്തണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

താഴെപ്പറയുന്ന കരട് ചട്ടങ്ങൾ സമിതി ഭേദഗതി കൂടാതെ അംഗീകരിച്ചു.

2. The Kerala Service (…..Amendment) Rules,2022 (ഫയൽ നമ്പർ 11119/സബ്.സി.ഡി2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/58/2021-ധന(E-1832550) തീയതി 17-6-2022)

3. The Kerala State and Subordinate Services (….Amendment) Rules, 2022 (എസ്.ഐ.യു.സി ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്നത്)(ഫയൽ നമ്പർ 11181/സബ്.സി.ഡി2/2022/നി.സെ)

(സർക്കാർ കത്ത് നമ്പർ റൂൾസ്-1/27/2021-ഉ.ഭ.പ.വ തീയതി 13-6-2022)

III **സാധൂകരണത്തിനുള്ള ചട്ടങ്ങൾ**

താഴെപ്പറയുന്ന ചട്ടങ്ങൾക്ക് സമിതി സാധൂകരണം നൽകി

The Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases (Amendment) Rules, 2022

(എസ്.ആർ.ഒ. നമ്പർ 561/2022)

The Rules Regulating the Conditions of Service, Duties, Remuneration, etc. of the Advocate General and Additional Advocate General, Kerala (Amendment),2022

(എസ്.ആർ.ഒ.നമ്പർ 562/2022)

(ഫയൽ നമ്പർ 11895/സബ്.സി.ഡി2/2022/നി.സെ)

(സർക്കാർ കത്ത് നമ്പർ 21654/ഇൻസ്പെ4/2019/നിയമം തീയതി 29-6-2022)

ബഹു. സുപ്രീംകോടതിയിലും ഹൈക്കോടതിയിലും സംസ്ഥാന സർക്കാരിനുവേണ്ടി പ്രധാനപ്പെട്ട കേസ്സുകളിൽ ഹാജരായ സീനിയർ അഭിഭാഷകരെ ചുമതലപ്പെടുത്തിയതിന് പ്രതിഫലം നൽകിയതുമായി ബന്ധപ്പെട്ട റാറ്റിഫിക്കേഷൻ കൂടി എസ്.ആർ.ഒ.യിൽ ഉൾപ്പെടുത്തുകയും ചില പ്രധാനപ്പെട്ട കേസ്സുകളിൽ അഭിഭാഷകരെ ചുമതലപ്പെടുത്തിയതിന് പ്രതിഫലം നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകുന്നതിൽ വിയോജിപ്പ് രേഖപ്പെടുത്തുന്നതായി ബഹു. പ്രതിപക്ഷനേതാവ് സമിതിയെ അറിയിച്ചു.

**IV സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

1. 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ് - യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്ട്- കരട് ചട്ടം ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 1937/സബ്.സി.ഡി2/2020/നി.സെ)

മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനാണ് ആക്ട് പാസ്സാക്കിയതെന്നും ആയതിനാൽ ആക്ടിനനുസൃതമായി ചട്ടം തയ്യാറാക്കി നൽകേണ്ടതാണെന്ന നിർദ്ദേശം വകുപ്പിന് നൽകുന്നതിനും ഓർമ്മ ദിവസം പ്രാർത്ഥിക്കാനുള്ള അനുമതി നൽകുന്നതിന് ആക്ടിലെ 3-ാം വകുപ്പ്

ഭേദഗതി ചെയ്യേണ്ട അവസരത്തിൽ ഭേദഗതി ചട്ടം പുറപ്പെടുവിച്ചാൽ മതിയാകുമെന്നും സമിതി തീരുമാനിച്ചു.

2. 2020-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്സ് ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ - തിരുത്തൽ വിജ്ഞാപനം സംബന്ധിച്ച്

(ഫയൽ നമ്പർ 3913/സബ്.സി.ഡി2/2020/നി.സെ)

3. നിയമ വകുപ്പിന്റെ വിശദീകരണവും തിരുത്തൽ വിജ്ഞാപനവും സമിതി അംഗീകരിച്ചു.

**V ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ സമർപ്പിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസ പത്രികയുടെയും പരിഗണന.**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽനിന്നും ലഭിച്ച താഴെപ്പറയുന്ന നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസ പത്രികയും സമിതി അംഗീകരിച്ചു.

1. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3276/സബ്.സി.ഡി2/2019/നി.സെ)

ഖണ്ഡിക നമ്പർ 91 മുതൽ 95 വരെ (കാലതാമസപത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ 120/എച്ച്3/2020/ഉ.വി.വ, തീയതി 5-8-2020 & 18-4-2022)

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12066/സബ്.സി.ഡി2/2021/നി.സെ)

ഖണ്ഡിക നമ്പർ 1-3, 5, 10, 13-15, 149

(സർക്കാർ കത്ത് നമ്പർ ബി.ഡബ്ല്യു2/65/21/പൊ.ഭ.വ, തീയതി 19-4-2022)

ഖണ്ഡിക നമ്പർ 6-8, 16, 38, 39, 42, 43, 47, 52, 141-144

(സർക്കാർ കത്ത് നമ്പർ 13189/പാർല/2022/നിയമം, തീയതി 16-7-2022

ഖണ്ഡിക നമ്പർ 9

(സർക്കാർ കത്ത് നമ്പർ പിഎഡി-എ 2/37/2021-പിഎഡി, തീയതി 4-6-2022)

ഖണ്ഡിക നമ്പർ 12

(സർക്കാർ കത്ത് നമ്പർ സിഡിഎൻ5/58/2022/പൊഭവ, തീയതി 22-6-2022)

ഖണ്ഡിക നമ്പർ 17, 18, 22

(സർക്കാർ കത്ത് നമ്പർ പനിവിനി1/32/2021/പനിവിനി, തീയതി 12-5-2022)

ഖണ്ഡിക നമ്പർ 23, 134, 135

(സർക്കാർ കത്ത് നമ്പർ 73/എ.ആർ13(1)/2021/ഉ.ഭ.പ.വ, തീയതി 19-4-2022)

ഖണ്ഡിക നമ്പർ 44, 148

(സർക്കാർ കത്ത് നമ്പർ എ.ആർ12-2/67/2021/ഉ.ഭ.പ.വ, തീയതി 28-4-2022)

ഖണ്ഡിക നമ്പർ 54 മുതൽ 105 വരെ

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021/ആഭ്യന്തരം, തീയതി 5-7-2022)

ഖണ്ഡിക നമ്പർ 122 മുതൽ 129 വരെ

(സർക്കാർ കത്ത് നമ്പർ ബി2/260/2021/ആഭ്യന്തരം, തീയതി 4-5-2022)

ഖണ്ഡിക നമ്പർ 136 മുതൽ 140 വരെ
(സർക്കാർ കത്ത് നമ്പർ എഫ്2/388/2021-ആഭ്യന്തരം, തീയതി 2-6-2022)

ഖണ്ഡിക നമ്പർ 145

(സർക്കാർ കത്ത് നമ്പർ ഔ.ഭാ1/8/2022/പി&എആർഡി, തീയതി 30-4-2022)

ഖണ്ഡിക നമ്പർ 153 മുതൽ 166 വരെ

(സർക്കാർ കത്ത് നമ്പർ ബി2/2/2021-ഐ&പിആർഡി, തീയതി 19-4-2022)

ഖണ്ഡിക നമ്പർ 167 മുതൽ 169 വരെ

(സർക്കാർ കത്ത് നമ്പർ IT-A1/156/2021 - ITD, തീയതി 18-6-2022)

സമിതി രാത്രി 8.10 -ന് യോഗം പിരിഞ്ഞു.

831/2023.

## 23-8-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ആഗസ്റ്റ് മാസം 23-ാം തീയതി, ചൊവ്വാഴ്ച സഭ പിരിഞ്ഞതിനു ശേഷം, വൈകുന്നേരം 6.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. ടി. ഐ. മധുസൂദനൻ
5. ശ്രീ. മാത്യു ടി. തോമസ്
6. ശ്രീ. ടി. പി. രാമകൃഷ്ണൻ
7. ശ്രീ. വി. ഡി. സതീശൻ
8. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആശാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്.
2. ഡോ. വി. വേണു, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
3. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
5. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്.

സമിതി 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. 2022-ലെ കേരള ലോക് ആയുക്ത (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു.

*Clause I*

For clause 1(2), the following sub-clause shall be substituted, namely:-

" (2) In this Act, sections 2, 3(iii), 5, 6(i), 6(ii) and 7 shall be deemed to have come into force at once and the remaining sections shall be deemed to have come into force on the 7th day of February, 2022." .

Clause 2 shall be added and the remaining clauses shall be renumbered accordingly.

*Clause 2* (Newly added)

In section 2(d), of the principal Act.—

a) For the existing item (i), the following item shall be substituted, namely:-

" (i) in the case of the Chief Minister, the State Legislative Assembly;" ;

b) After item (i) the following item shall be inserted, namely:-

" (ia) in the case of a Member of the State Legislative Assembly, the Speaker of the State Legislative Assembly;

*Clause 3* (Clause 2 before renumbering)

In the principal Act, in Section 3.—

the proviso to sub-section (3) shall be omitted.

Clause 5 shall be added and the remaining clauses shall be renumbered accordingly.

*Clause 5* (Newly added)

In section 6 of the principal Act, sub-section (3) shall be omitted.

*Clause 6* (Clause 4 before renumbering)

In section 7 of the principal Act.—

(i) item (v) of sub-section (1) shall be omitted;

(ii) in sub-section (2), the words " or an office bearer of a political party at State level" shall be omitted.

*Clause 7* (Clause 5 before renumbering)

For section 14, of the principal Act, the following section shall be substituted namely:-

"14. Recommendation of the Lok Ayukta or Upa-Lok Ayukta and action thereon.—

(1) Where after investigation into a complaint, the Lok Ayukta or an Upa-Lok Ayukta is satisfied that the complaint involving an allegation against the public servant is substantiated and the public servant is not fit to hold the post as such, the Lok Ayukta or Upa-Lok Ayukta, as the case may be, shall make a recommendation to the competent authority to that effect in its report under sub section (3) of section 12.

(2) The competent authority shall examine the recommendation made by the Lok Ayukta or Upa-Lok Ayukta, as the case may be, and communicate the Lok Ayukta or Upa-Lok Ayukta, as the case may be, within a period of ninety days from the date of receipt of the report, the action taken or proposed to be taken on the basis of recommendation and the reasons for not taking any action on the said recommendation:

Provided that where the competent authority is the State Legislative Assembly, in computing the period of ninety days, any period during which the State Legislative Assembly is not in session, shall be excluded.

(3) In the case of public servant falling under items (iv) to (vii) of clause (o) of section 2, the appointing authority shall initiate appropriate action in accordance with rules applicable to such public servants.

(4) If the public servant is a member of All India Service as defined in section 2 of the All India Services Act, 1951 (Central Act 61 of 1951), the Government shall take appropriate action in accordance with the rules or regulations applicable to his service.".

2. 2022-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

പ്രസ്തുത സ്ഥാപനങ്ങളിൽ പത്ത് വർഷം തുടർച്ചയായി ജോലി ചെയ്യുവർക്ക് ജോലിയിൽ തുടരാനുള്ള അവസരം നൽകണമെന്ന നിലപാട് എടുത്തിരുന്നതിനാൽ സർവ്വീസ് ചട്ടങ്ങൾ ബാധകമാക്കണമെന്ന് സമിതി അംഗം ആവശ്യപ്പെട്ടു.

പ്രസ്തുത വിഷയം ചട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് നിയമത്തിൽ enabling clause കൊണ്ടുവരണമെന്ന് ബഹു. വ്യവസായവും നിയമവും കയറും വകുപ്പുമന്ത്രി നിയമ വകുപ്പിന് നിർദ്ദേശം നൽകി. ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണെന്ന് നിയമ വകുപ്പ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി.

സമിതി വൈകുന്നേരം 6.30-ന് യോഗം പിരിഞ്ഞു.

# 5-12-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ഡിസംബർ 5-ാം തീയതി തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 11.50-ന് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ പ്രത്യേക ക്ഷണിതാവ് ബഹു. നിയമവും, വ്യവസായവും കയറും വകുപ്പ് മന്ത്രി ശ്രീ. പി. രാജീവും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. മാത്യു ടി. തോമസ്
2. ശ്രീ. ടി. പി. രാമകൃഷ്ണൻ
3. ശ്രീ. തോമസ് കെ. തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ. എൻ. ജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി. കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. ഹരിനായർ, സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി ഇന്ദുകല പി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി ഉമാദേവി. എസ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്

## 2022-ലെ കേരള ഹൈക്കോടതി സർവ്വീസുകൾ (വിരമിക്കൽ പ്രായം നിജപ്പെടുത്തൽ) ഭേദഗതി ബിൽ

(ഫയൽ നം. 21660/സബ്.സി.ഡി2/22/നി.സെ.)

സമിതി The Kerala High Court Services (Determination of Retirement Age), Amendment Bill, 2022 പരിഗണനയ്ക്കെടുക്കുകയും ഖണ്ഡം 2-ന്റെ അവസാനഭാഗത്ത് കാണുന്ന "age of 60 years or as the case may be, decided by the Government from time to time" എന്നതിന്റെ നിയമപരമായ കൃത്യത സമാനമായ മറ്റു നിയമങ്ങളുമായി ബന്ധപ്പെടുത്തി പരിശോധിക്കണമെന്ന് നിയമവകുപ്പിനോട് നിർദ്ദേശിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതി രാവിലെ 11.55-ന് യോഗം പിരിഞ്ഞു.

# 7-12-2022-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2022 ഡിസംബർ 7-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.20-ന് നിയമസഭാ സമുച്ചയത്തിലെ 610-ാം നമ്പർ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ
2. ശ്രീ. വി. ജോയി
3. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
4. ശ്രീ. തോമസ് കെ. തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. ഹരിനായർ, സെക്രട്ടറി, നിയമവകുപ്പ്
2. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
3. ശ്രീമതി സിന്ധു എസ്, അഡീഷണൽ സെക്രട്ടറി, നോർക്ക

## 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ

(ഫയൽ നം. 22037/സബ്.സി.ഡി2/22/നി.സെ.)

സമിതി 2022-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(സമിതി വൈകുന്നേരം 6.30-ന് യോഗം പിരിഞ്ഞു)

## 14-2-2023-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2023 ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ.,
2. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.,
3. ശ്രീ. ടി. പി. രാമകൃഷ്ണൻ, എം.എൽ.എ.,
4. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.,
5. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.,
6. ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ.,

വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. വി. ജോയി, എം.എൽ.എ.,
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, എം.എൽ.എ.,

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.
2. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ. സാജു എസ്., സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ.

4. ശ്രീമതി റ്റി. നിതാ കുമാരി, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

5. ശ്രീമതി ബി. ആർ. യമുന, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.

6. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

7. ശ്രീ. കെ. സുനിൽ കുമാർ, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (RKI) വകുപ്പ്.

8. ശ്രീമതി ഗീത ലക്ഷ്മി എം. ബി., അഡീഷണൽ സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്.

9. ശ്രീ. അനിൽ കുമാർ സി., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

10. ശ്രീ. രാജേഷ് കുമാർ എം., അഡീഷണൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി ഡിപ്പാർട്ടുമെന്റ്.

11. ശ്രീ. സുബാഷ് റ്റി. വി., ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.

12. ശ്രീ. ജി. എസ്. രജത്ത്, ജോയിന്റ് ഡയറക്ടർ, PIE & MD

13. ശ്രീ. ഗോപകുമാർ ആർ., ജോയിന്റ് സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ.

14. ശ്രീമതി ദീപ ശിവദാസൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

15. ശ്രീമതി ബീന പി. എസ്., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

16. ശ്രീ. പി. ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ലിക്ക് എന്റർപ്രൈസസ്

17. ഡോ റ്റി. കെ. മനോജ് കുമാർ, ഡയറക്ടർ, ICFOSS

18. ഡോ. ബിവീഷ് യു. സി., ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.

19. ശ്രീ. നൗഷാദ് എം., ഡയറക്ടർ (ടെക്നിക്കൽ), ഫയർ & റസ്ക്യൂ സർവ്വീസസ് ഡിപ്പാർട്ടുമെന്റ്.

20. ശ്രീ. ഗോപകുമാർ ജി., രജിസ്ട്രാർ (കംപ്യൂട്ടറൈസേഷൻ)-കം- ഡയറക്ടർ (ഐ.ടി)., കേരള ഹൈക്കോടതി

21. ശ്രീമതി സുധ എൻ., രജിസ്ട്രാർ (ഫിനാൻസ്), കേരള ഹൈക്കോടതി

22. ശ്രീ. ജയദേവ് ആനന്ദ് എ. കെ., രജിസ്ട്രാർ, സി-ഡിറ്റ്

23. ശ്രീ. സുരേഷ് ബാബു. രജിസ്ട്രാർ, കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റി

24. ശ്രീ. സഞ്ജീവ് നായർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്

25. ശ്രീ. അനൂപ് അംബിക, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ

26. ശ്രീമതി ബിന്ദു സി. വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി, സയൻസ് & ടെക്നോളജി വകുപ്പ്

27. ശ്രീമതി ജയന്തി എൽ., ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കേരള ഐ.റ്റി. പാർക്ക്സ്

28. ശ്രീ. ശ്രീഹരി ജി., ഫിനാൻസ് ഓഫീസർ, കേരള ഹൈക്കോടതി

29. ശ്രീമതി മേരി മാർഗരറ്റ് പ്രകാസ്യ, കൺട്രോളർ ഓഫ് സ്റ്റേഷനറി, സ്റ്റേഷനറി വകുപ്പ്

30. ശ്രീ. പി. ഉദയകുമാർ, കൺട്രോളർ ഓഫ് ഫിനാൻസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

31. ശ്രീ. ഉദയകുമാർ എസ്., കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ (KSCSTE)

32. ഡോ. സന്തോഷ് ബാബു, മാനേജിംഗ് ഡയറക്ടർ, കെ-ഫോൺ & കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

33. ശ്രീ. രാമചന്ദ്രൻ പോറ്റി വി., മാനേജിംഗ് ഡയറക്ടർ, VIVID കോർപ്പറേഷൻ

34. ഡോ. അഷ്റഫ് എസ്., ഡീൻ (ആർ.&ഡി.), കേരളാ ഡിജിറ്റൽ യൂണിവേഴ്സിറ്റി

35. ശ്രീമതി സിമ എസ്., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്

36. ശ്രീ. കൃഷ്ണകുമാർ വി.ആർ., ഡെപ്യൂട്ടി സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷാ) വകുപ്പ്

37. ശ്രീ. റൂസി ആർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ആഭ്യന്തര വകുപ്പ്

38. ശ്രീ. ഗിരിഷ് കുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്

39. ശ്രീ. ശ്യാം വി., ഡെപ്യൂട്ടി സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

40. ശ്രീ. സൻദേവ് എൻ., ഡെപ്യൂട്ടി സെക്രട്ടറി, പൊതുഭരണ വകുപ്പ്

41. ശ്രീ. ജോയ് എസ്., ഡെപ്യൂട്ടി സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് ഡിപ്പാർട്ട്മെന്റ്

42. ശ്രീ. കെ. ബാലചന്ദ്രമേനോൻ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷൻ

43. ശ്രീ. കെ.എം. അയ്യപ്പൻ, ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

44. ശ്രീ. സുനിൽ ഹസ്സൻ, ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

45. ശ്രീമതി അനില ഐ., ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്), സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

46. ശ്രീ. നസറുദ്ദീൻ എ., ഡെപ്യൂട്ടി രജിസ്ട്രാർ (Admn), കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

47. ശ്രീ. വിഷ്ണു വി., ഡെപ്യൂട്ടി രജിസ്ട്രാർ (ഫിനാൻസ്), കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി

48. ശ്രീമതി രമ്യ ആർ.എസ്., കമ്പനി സെക്രട്ടറി & ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്

49. ശ്രീ. രാജേഷ് സി. ജി., അസിസ്റ്റന്റ് ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഇവാല്യുവേഷൻ & മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റ് (PIE & MD)

50. ശ്രീ. സാജു ജോർജ്ജ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

51. ശ്രീ. ദേവരാജൻ വി., മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്), നോർക്ക റൂട്ട്സ്

52. ശ്രീ. അനിൽ കുമാർ ജി., ഫിനാൻസ് ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

53. ശ്രീ. മനോജ് കുമാർ എസ്., അക്കൗണ്ട്സ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

54. ശ്രീമതി മീനാംബിക കെ.ബി., അക്കൗണ്ട്സ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

55. ശ്രീ. ഫിറോസ് ഷാ ആർ.എം., അസിസ്റ്റന്റ് മാനേജർ, നോർക്ക റൂട്ട്സ്

56. ശ്രീ. ജിബി പി. അബ്രഹാം, ഹെഡ് (പി.എ.&എ.). സി-ഡിറ്റ്

57. ശ്രീ. വി. സിദ്ദകുമാർ, റീജിയണൽ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള II, III, XIV, XVII, XXIII, XXIV, XXVIII, XXXVII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത പരിശോധനയുടെയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ**

2013—മന്ത്രിസഭ

2013-00-104-99-13—അതിഥി സൽക്കാര ചെലവുകൾ-ആതിഥേയ/വിനോദ

അതിഥി സൽക്കാര ചെലവുകൾക്കായി 2023-24 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക, മുൻവർഷങ്ങളിലെ ചെലവ് എന്നിവ സമിതി പരിശോധിച്ചതിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഈ ഇനത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2013-00-108-99—സഞ്ചാരചെലവുകൾ

04-1—യാത്രാബത്ത

ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം മുൻ വർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്, കമ്മീഷൻ അംഗങ്ങൾ ഉൾപ്പെടെയുള്ള ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സമെന്റ്, യാത്രാബത്ത ചെലവിലേയ്ക്കും കമ്മീഷന്റെ ആസ്ഥാന ഓഫീസ്, വിവിധ ജില്ലാ/മേഖലാ ഓഫീസുകൾ, പി.എസ്.സി. ഗസ്റ്റ് ഹൗസ്, ചെയർമാന്റെ ഔദ്യോഗിക വസതി എന്നിവിടങ്ങളിലെ വെള്ളക്കരം, വിവിധ ഓഫീസുകളുടെ വാടക നൽകുന്നതിലേയ്ക്കും ബന്ധപ്പെട്ട ശീർഷകങ്ങളിൽ അനുവദിച്ചുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. കൂടാതെ കമ്മീഷൻ നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ മേഖല/ജില്ലാ ആഫീസുകളിൽ എത്തിക്കുന്നതിനും പരീക്ഷയ്ക്കുശേഷം ഉത്തരകടലാസുകൾ തിരികെ ആസ്ഥാന ഓഫീസിലേക്ക് എത്തിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്ക് അനുയോജ്യമായ ഒരു ഹെവി ഡ്യൂട്ടി വാഹനം വാങ്ങുന്നത് ആവശ്യമാണെന്നും സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 45.40 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ- യാത്രാബത്ത | 1.1185 കോടി രൂപ |
| 05-1—ഓഫീസ് ചെലവുകൾ- വെള്ളക്കരം | 3.00 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 46.43 ലക്ഷം രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ - വാഹനങ്ങൾ വാങ്ങൽ | 34.39 ലക്ഷം രൂപ |

2052—<u>സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ</u>

2052-00-090-99—<u>അഡ്മിനിസ്റ്റേറ്റീവ് സെക്രട്ടേറിയറ്റ്</u>

ഈ ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വേതനം, എന്നിവ നൽകുന്നതിനായും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കുമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൻ കീഴിലെ കണക്കിനങ്ങളിൽ 01 - 4 -ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ് - 20 ലക്ഷം രൂപ, 02-വേതനം - 8.78 ലക്ഷം രൂപ, 21-2 മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും -50000 രൂപ എന്നിങ്ങനെ തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-98—<u>മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്</u>

ഈ ശീർഷകത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ, മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിന് മെഡിക്കൽ റീഇംബേഴ്സമെന്റ്, സ്ഥലംമാറ്റ ബത്ത എന്നീ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 01-4-ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും 04-1-യാത്രാചെലവുകൾ-യാത്രാബത്ത ഇനത്തിൽ 13 ലക്ഷം രൂപയും ധനപുനഃനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-97—<u>മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിലെ 04-1 യാത്രാബത്ത എന്ന കണക്കിനത്തിൽ അനുവദിച്ച

35 ലക്ഷം രൂപ പര്യാപ്തമല്ല എന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ ഈ കണക്കിനത്തിൽ 10.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-95—<u>നിയമ വകുപ്പ്</u>

01—<u>ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഓവർടൈം അലവൻസും ഒഴികെ)</u>

ജീവനക്കാരുടെ ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക, ഡി.എ. കുടിശ്ശിക എന്നിവ നൽകുന്നതിലേയ്ക്ക് കൂടുതൽ തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 6.3657 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

കൂടാതെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്നും സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 13.95 ലക്ഷം രൂപ |
| 04-1—യാത്രാചെലവുകൾ- യാത്രാബത്ത | 2.85 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റബത്ത | 96,000 രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 7.60 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ | 16.89 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും | 5.24 ലക്ഷം രൂപ |
| 26—ഔദ്യോഗികഭാഷാ പ്രയോഗം | 98,000 രൂപ |
| 45—പി.ഒ.എൽ. | 3.53 ലക്ഷം രൂപ |

01-6—ഓവർടൈം അലവൻസ്

നിയമസഭാസമ്മേളനകാലയളവിൽ നിയമ നിർമ്മാണവും മറ്റു നിയമസഭാ ജോലികളുമായി ബന്ധപ്പെട്ട് അധികസമയ ജോലികൾ ചെയ്യുന്ന നിയമവകുപ്പിലെ ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്നതിനായി നിലവിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ചെലവിലേയ്ക്കായി 5 ലക്ഷം രൂപ ആവശ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4.99 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഗ്രാന്റ് ഇൻ എയ്ഡ്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകരിക്കപ്പെട്ട പരിപാടികൾ, ജീവനക്കാരുടെ ശമ്പളം എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 31- സഹായധനം- ശമ്പള ഇനത്തിൽ 34.5750 ലക്ഷം രൂപയും 36- സഹായധനം ശമ്പളേതര ഇനത്തിൽ 2.3975 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-66—സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ഇൻഹൗസ് ട്രെയിനിംഗ് സെൽ

2023-2024 സാമ്പത്തിക വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പരിശീലനപരിപാടികൾക്കും ഇൻഡക്ഷൻ പരിപാടികൾക്കുമുള്ള ഫാക്കൽട്ടി ഫീസ്, റിഫ്രെഷ്മെന്റ്, സ്റ്റേഷനറി എന്നീ ഇനങ്ങളിലെയും ചെലവ് നിർവ്വഹിക്കുവാൻ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-090-64—കേരള സെക്രട്ടേറിയറ്റ് ക്യാന്റീനുള്ള സഹായം

കേരള സെക്രട്ടേറിയറ്റ് ക്യാന്റീനിന്റെ പ്രവർത്തനത്തിനായി സബ്സിഡി ഇനത്തിൽ നടപ്പുവർഷം അനുവദിച്ച തുക, മുൻവർഷത്തെ ചെലവ് കണക്കിലെടുക്കുമ്പോൾ പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 30.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-93—കേരളത്തിന്റെ പ്രത്യേക പ്രതിനിധി, ന്യൂഡൽഹി

05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ടെലിഫോൺ ചെലവിനത്തിലേയ്ക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനത്തിൽ 19.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന്റെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 04-1—യാത്രാചെലവുകൾ-യാത്രാബത്ത | 5.00 ലക്ഷം രൂപ |
| 05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം | 50,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | 50,000 രൂപ |
| 05-4—മറ്റിനങ്ങൾ | 4.00 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപണിയും | 45,000 രൂപ |
| 34-3—മറ്റിനം | 5.00 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 1.00 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 2.00 ലക്ഷം രൂപ |

2251—സെക്രട്ടേറിയറ്റ് സാമൂഹിക സർവ്വീസുകൾ

225—00-090-99- സെക്രട്ടേറിയറ്റ്

ഈ ശീർഷകത്തിൽ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത എന്നീ ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്കായി അനുവദിച്ച ബഡ്ജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 01-4-ശമ്പളം മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും 04-2-യാത്രാചെലവുകൾ-സ്ഥലംമാറ്റബത്ത ഇനത്തിൽ 2.62 ലക്ഷം രൂപയും ധനപുനഃവിനിയഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451—സെക്രട്ടേറിയറ്റ് സാമ്പത്തിക സർവ്വീസുകൾ

3451-00-090-99—സെക്രട്ടേറിയറ്റ്

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിൽ ഈ ശീർഷകത്തിൻ കീഴിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത ശീർഷകത്തിൽ മെഡിക്കൽ റീംഇബേഴ്സ്മെന്റ്, സ്ഥലംമാറ്റബത്ത ഇനങ്ങളിൽ യഥാക്രമം 10 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നിങ്ങനെ തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-090-98—നിയമവകുപ്പിന്റെ നവീകരണം

നിയമ വകുപ്പിൽ ഇൻഹൗസ് ട്രെയിനിംഗും സാമൂഹിക നിയമ അവബോധനം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികളും ഭരണഘടനാ ദിനാഘോഷ പരിപാടികളും സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 18.42 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-95—ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്

34—മറ്റ് ചെലവുകൾ

ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും വാടകയ്ക്കെടുത്ത വാഹനത്തിന്റെ വാടക നൽകുന്നതിനും കൂടാതെ വകുപ്പിന്റെ മറ്റ് ഓഫീസ് ആവശ്യങ്ങൾക്കുമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 21.00 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-92—<u>കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിൽ</u>

കേരള സ്റ്റേറ്റ് ഇന്നൊവേഷൻ കൗൺസിലിന് അനുവദിച്ച ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വേതനം, ഓഫീസ് വാടക, വൈദ്യുതി ചാർജ്ജ്, മറ്റിനങ്ങൾ എന്നീ ചെലവുകൾക്കായി വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

2023-2024 സാമ്പത്തിക വർഷത്തിൽ കെ.ഡിസ്ക് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 52 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3451-00-092-87—<u>നോളജ് ഇക്കോണമി ഫണ്ട്</u>

കേരള സംസ്ഥാനത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുകയും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയ്ക്കായി അറിവ് ഉൽപാദിപ്പിക്കുകയും ഉപയോഗിക്കുകയും പങ്കിടുകയും ചെയ്യുന്ന ഒന്നാക്കി സംസ്ഥാനത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് നോളജ് ഇക്കോണമി മിഷൻ (കെ.കെ.ഇ.എം.) പ്രവർത്തിക്കുന്നത്. 2026 ഓടെ പ്രാദേശികവും അന്തർദേശീയവുമായ തലങ്ങളിൽ പ്രാദേശിക ആവശ്യകതകൾ സൃഷ്ടിക്കുകയും തൊഴിൽ സൗകര്യമൊരുക്കുകയും ചെയ്യുന്നതിലൂടെ 20 ലക്ഷം പേർക്ക് തൊഴിൽ നൽകുവാനാണ് മിഷൻ ലക്ഷ്യമിടുന്നത്. ആയതിനാൽ നോളജ് ഇക്കോണമി മിഷന്റെ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 148 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-092-83—<u>പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാല്യുവേഷൻ ആന്റ് മോണിറ്ററിംഗ് ഡിപ്പാർട്ട്മെന്റിന്റെ ആധുനികവൽക്കരണം</u>

പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിലെ പ്രോജക്ട് കോഓർഡിനേറ്റേഴ്സ്/ജൂനിയർ റിസോഴ്സ് പേഴ്സണൽസ്/ എക്സിക്യൂട്ടീവ് അസിസ്റ്റന്റ്സ് എന്നിവരുടെ ശമ്പളം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2.70 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-98—<u>ജില്ലാവികസന കൗൺസിലും സംസ്ഥാന പ്ലാനിംഗ് ഉപദേശക ബോർഡും</u>

ജില്ലാവികസന കമ്മീഷണർമാരുടെ ഓഫീസ് ചെലവുകൾ, കമ്പ്യൂട്ടർ, പ്രിന്റർ മുതലായവയുമായി ബന്ധപ്പെട്ട ചെലവുകൾ, എം.എൽ.എ/എം.പി മാരുടെ യാത്രാബത്ത ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-39—<u>യൂത്ത് എന്റർപ്രണർഷിപ്പ്</u>

യുവസംരംഭകത്വ പദ്ധതിയുടെ നിക്ഷേപവും സാമ്പത്തിക സഹായവും എന്ന ഘടകത്തിൽ ഉപഘടകമായ ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-30—<u>സി-ഡിറ്റിന്റെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കൽ</u>

സി-ഡിറ്റിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 1.80 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം**

2014-00-102-99—<u>ഹൈക്കോടതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരുടെയും മുൻജഡ്ജിമാരുടെയും ക്യാഷ്ലെസ്സ് മെഡിക്കൽ സംവിധാനം, ഗസറ്റഡ് ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും മെഡിക്കൽ റീ ഇംബേഴ്സമെന്റ് ചെലവുകൾ, ടെലഫോൺ ചെലവ്, മറ്റു ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപണികൾ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 1.5 കോടി രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 25 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 10 ലക്ഷം രൂപ |
| 05-3—ടെലിഫോൺ ചെലവ് | 10 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 1.50 കോടി രൂപ |
| 21-1—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ | 3.6299 കോടി രൂപ |
| 21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും | 10 ലക്ഷം രൂപ |
| 34-3—മറ്റിനം | 48 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 10 ലക്ഷം രൂപ |
| 91—പരിശീലനം | 21 ലക്ഷം രൂപ |

2014-00-105-99—സിവിലും സെഷൻസും കോടതികൾ

ഈ ശീർഷകത്തിൻ കീഴിലെ താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2023-24 വർഷത്തെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 02-5—ദിവസവേതനം | 1 കോടി രൂപ |
| 06—വാടക, കരം, നികുതി | 45.50 ലക്ഷം രൂപ |
| 21-1—വാഹനങ്ങൾ വാങ്ങൽ | 56.28 ലക്ഷം രൂപ |
| 34-3—മറ്റിനം | 90.56 ലക്ഷം രൂപ |

2014-00-105-98—മോട്ടോർ അപകട നഷ്ടപരിഹാര - ട്രിബ്യൂണലുകൾ

21-1—വാഹനങ്ങൾ വാങ്ങൽ

പുനലൂർ, തളിപ്പറമ്പ, കാസർഗോഡ്, തൃശ്ശൂർ എന്നിവിടങ്ങളിലെ മോട്ടോർ അപകട നഷ്ടപരിഹാര ട്രിബ്യൂണലുകളുടെ ആവശ്യത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-105-91—വഖഫ് ട്രിബ്യൂണൽ

വഖഫ് ട്രിബ്യൂണൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശികയും ജുഡീഷ്യൽ ഇതര അംഗത്തിന്റെ വീട്ടുവാടകയും ട്രിബ്യൂണലിന്റെ ആവശ്യത്തിനായി എടുത്ത വാഹനങ്ങളുടെ വാടക നൽകുന്നതിനും അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും 06-വാടക, കരം, നികുതി കണക്കിനത്തിൽ 41 ലക്ഷം രൂപയും 97-വാഹനങ്ങളുടെ വാടക എന്ന കണക്കിനത്തിൽ 7.78 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-108-99—ക്രിമിനൽ കോടതികൾ

ക്രിമിനൽ കോടതികളുടെ വിവിധ ശീർഷകങ്ങളിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിക്കുന്ന തുക വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 02-5—ദിവസവേതനം | 2.5229 കോടി രൂപ |
| 05-2—വൈദ്യുതി ചെലവ് | 10 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 25 ലക്ഷം രൂപ |
| 21-1—വാഹനങ്ങൾ വാങ്ങൽ | 12 ലക്ഷം രൂപ |

2014-00-110-99- അഡ്മിനിസ്ട്രേറ്റർ ജനറലും ഒഫിഷ്യൽ ട്രസ്റ്റികളും

കാര്യാലയത്തിന്റെ ഫൈബർനെറ്റ് ബില്ല്, ഐ.റ്റി., ക്വാർട്ടർ ഫയലിംഗ് ചാർജ്ജുകൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 15000 രൂപ

ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-99—<u>നിയമോപദേഷ്ടാക്കൾ-ലാ ഓഫീസർമാർ</u>

അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഒരു വിഭാഗം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടത്തിന്റെ വാടകയിനത്തിലും, വസ്തു നികുതിയിനത്തിലും തുക കൂടുതലായി ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-98—<u>ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും</u>

ജില്ലാ ഗവൺമെന്റ് പ്ലീഡർ, അഡീഷണൽ ഗവ. പ്ലീഡർമാർ, ഗവ. അഡ്വക്കേറ്റ്സ്, ആഭ്യന്തരവകുപ്പ് നിയമിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും 14 ജില്ലകളിലെ POCSO കോടതികളിലെ സ്പെഷ്യൽ ഗവ. പ്ലീഡർമാരുടെയും പ്രതിഫലം, ജില്ലാ ഗവ. പ്ലീഡറുടെ ഓഫീസിൽ നിയമിതരായിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ ശമ്പളത്തിലുണ്ടാകുന്ന വാർഷിക ആനുപാതിക വർദ്ധനവും ജില്ലാ ഗവൺമെന്റ് പ്ലീഡർമാർക്ക് അനുവദിച്ച വാഹനത്തിന്റെ ഡ്രൈവർമാർക്കുള്ള ദിവസ വേതനച്ചെലവ്, 14 വാഹനങ്ങളുടെ ഇൻഷ്വറൻസ് തുടങ്ങിയ ചെലവുകൾക്കും പ്രസ്തുത ശീർഷകത്തിൽ തുക അപര്യാപ്തമാണെന്ന്സമിതി വിലയിരുത്തുകയും 6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-97—<u>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ</u>

സംസ്ഥാനത്തെ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഓഫീസുകളിൽ ജീവനക്കാരുടെ കൺസോളിഡേറ്റഡ് പേ, ഓഫീസ് ചെലവ്, യാത്രാപ്പടി, ഇലക്ട്രിസിറ്റി, വാടക തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-96—<u>പബ്ലിക് പ്രോസിക്യൂഷൻ ഡയറക്ടർ</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിലെയും ലോക് ആയുക്ത സ്പെഷ്യൽ അറ്റോർണി ഓഫീസിലെയും വാടക, ഇലക്ട്രിസിറ്റി തുടങ്ങിയ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതം

അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി (കെൽസ)

കെൽസയുടെ പ്രവർത്തനത്തിനായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 5.80 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 3.50 ലക്ഷം രൂപ |
| 04-2—സ്ഥലംമാറ്റ ബത്ത | 8.39 ലക്ഷം രൂപ |
| 04-4—അവധിയാത്രാനുകൂല്യം | 29.40 ലക്ഷം രൂപ |
| 05-1—വെള്ളക്കരം | 90,000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 2.47 ലക്ഷം രൂപ |
| 05-3—ടെലഫോൺ ചെലവ് | 5.07 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 18.39 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 24 ലക്ഷം രൂപ |
| 21-2—സംരക്ഷണവുംഅറ്റകുറ്റപ്പണികളും | 7.30 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 2.87 ലക്ഷം രൂപ |
| 99—വിവരസാങ്കേതികവിദ്യ | 6.50 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 66.49 ലക്ഷം രൂപ |

2014-00-114-92—സ്ഥിര ലോകഅദാലത്ത്

പെർമെനന്റ് ലോകഅദാലത്തിന്റെ ചെലവുകൾക്കായി വിവിധ കണക്കിനങ്ങളിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും

താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ് | 5 ലക്ഷം രൂപ |
| 04-1—യാത്രാബത്ത | 30,000 രൂപ |
| 04-2—സ്ഥലംമാറ്റബത്ത | 14,000 രൂപ |
| 05-2—വൈദ്യുതി ചെലവ് | 10,000 രൂപ |
| 05-3—ടെലഫോൺ ചെലവ് | 50,000 രൂപ |
| 05-4—മറ്റിനങ്ങൾ | 1.80 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 2.60 ലക്ഷം രൂപ |

2014-00-114-90—<u>പ്രോസിക്യൂഷൻ വകുപ്പിന്റെ നവീകരണം</u>

34-3—<u>മറ്റു ചെലവുകൾ-മറ്റിനം</u>

പ്രോസിക്യൂഷൻ ഡയറക്ടറേറ്റിന്റെ കെട്ടിട നിർമ്മാണത്തിനുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-116-99—<u>കേരള ഭരണ നിർവ്വഹണ മധ്യസ്ഥ കോടതി</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്കും മറ്റുചെലവുകൾക്കുമായി നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങൾക്കു നേരെ കൊടുത്തിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 21-2—മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 2.50 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 1.60 ലക്ഷം രൂപ |

2014-00-117-99—കുടുംബകോടതികൾ

05-4—മറ്റിനങ്ങൾ

കുടുംബകോടതികളിലെ ഓഫീസ് ചെലവുകൾ, അഡീഷണൽ കൗൺസിലർമാരുടെ വേതന കുടിശ്ശിക, പുതിയതായി പ്രവർത്തനം ആരംഭിക്കുന്ന 7 കുടുംബകോടതികൾക്കുള്ള ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-1—വാഹനങ്ങൾ വാങ്ങൽ

ആലപ്പുഴ, തൊടുപുഴ, തിരൂർ, ഇരിങ്ങാലക്കുട എന്നിവിടങ്ങളിലെ കുടുംബകോടതികളിലെ ജഡ്ജിമാരുടെ ഉപയോഗത്തിനായി 12 ലക്ഷം രൂപ നിരക്കിൽ 4 വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-94—നിയമസഹായനിധി അംശദാനം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിയമസഹായ നിധിയ്ക്ക് 2010-11 മുതൽ 2021-22 സാമ്പത്തിക വർഷം വരെ കുടിശ്ശികയായി ലഭിയ്ക്കുവാനുള്ള തുകയും നിയമസഹായ നിധിയുടെ STSB അക്കൗണ്ടിൽ നിന്ന് പിൻവലിച്ച തുകയിൽ നിന്നും ഇനിയും ലഭിക്കാനുള്ള രൂപയും ചേർന്ന് വരുന്ന 77.02 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2014-00-800-93— സുപ്രീം കോടതിയുടെ നിർദ്ദേശം സാധൂകരിക്കാൻ സംസ്ഥാന ജൂഡീഷ്യൽ ഓഫീസർമാർക്ക് സേവന നിലവാരം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി വകയിരുത്തുന്ന മൊത്തം തുക

06—വാടക, കരം, നികുതി

കീഴ്കോടതികളിലെ ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക കുടിശ്ശിക നൽകുന്നതിനും, ജുഡീഷ്യൽ ഓഫീസർമാരുടെ വീട്ടുവാടക നിർണ്ണയിക്കാനുള്ള അപേക്ഷകൾ തീർപ്പാക്കാനുള്ളതിനാലും നടപ്പ് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-91—മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998 സഹായധനം

കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളപരിഷ്കരണ കുടിശ്ശിക, ലീവ് സറണ്ടർ ചെലവുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ ശമ്പളയിനത്തിൽ 4.83345 കോടി രൂപയും ശമ്പളേതരയിനത്തിൽ 71.605 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.5495 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായിവകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-89—പതിനൊന്നാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ സ്ഥാപിക്കപ്പെട്ട അതിവേഗ കോടതികൾ

01-4—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ സംസ്ഥാനത്തെ 38 കോടതികൾക്കായി അനുവദിച്ച വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

അഡീഷണൽ ജില്ലാ സെഷൻസ് കോടതി, NDPS കോടതികൾ എന്നിവിടങ്ങളിൽ പേപ്പർലെസ് കോടതി പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ചെലവുകൾക്കുമായി പ്രസ്തുത ശീർഷകത്തിൽ 35.94 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

കീഴ്ക്കോടതികളിൽ ഇ-കോടതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സഹായം നൽകുന്ന 90 സിസ്റ്റം അസിസ്റ്റന്റ്സിനുള്ള വേതനം നൽകുന്നതിനും കോടതി സമുച്ചയങ്ങളിൽ WAN കണക്ടിവിറ്റിയുമായി ബന്ധപ്പെട്ട് കുടിശ്ശിക നൽകുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഈ ശീർഷകത്തിൽ 7.2771 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2014-00-800-80—കേരള നിയമപരിഷ്കരണ കമ്മീഷൻ

കേരള നിയമപരിഷ്കരണ കമ്മീഷനിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ, ശമ്പള പരിഷ്കരണ കുടിശ്ശിക, വാഹനങ്ങളുടെ വാടക എന്നിവ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 01—ശമ്പളം | 4 ലക്ഷം രൂപ |
| 02-4—കൺസോളിഡേറ്റഡ് പേ | 9 ലക്ഷം രൂപ |
| 02-5—ദിവസവേതനം | 2.50 ലക്ഷം രൂപ |
| 97—വാഹനങ്ങളുടെ വാടക | 1.50 ലക്ഷം രൂപ |

2014-00-800-79—കീഴ്ക്കോടതികളുടെ നവീകരണം

ഇ-കോർട്ട് പദ്ധതിയുടെ ഭാഗമായി കീഴ്ക്കോടതിയ്ക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും ജീവനക്കാർക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പുതിയ കെട്ടിടത്തിന് രണ്ടാം നില നിർമ്മാണവും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണവും-വൻകിട മരാമത്ത് പണികൾ (പദ്ധതി)**

49. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കെട്ടിടത്തിന് രണ്ടാം നില നിർമ്മിക്കുന്നതിനും നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണത്തിനുമായി 2023-24 സാമ്പത്തിക വർഷം 1 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ട്രൈബ്യൂണലിന്റെ കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി **പൊതുമരാമത്ത് എന്ന XV-ാം നമ്പർ** ഡിമാന്റിലെ '4059-01-051-55' എന്ന ശീർഷകത്തിൽ 4.3150 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ - XIV**

**സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും**

2058-00-001-99—ഭരണവും നടത്തിപ്പും

സ്റ്റേഷനറി വകുപ്പിന്റെ വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന ശീർഷകങ്ങൾക്ക്/ കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി വകയിരുത്തേണ്ട തുക |
|---|---|
| 01—ശമ്പളം | 1.5030 കോടി രൂപ |
| 04—യാത്രാബത്ത | 5.00 ലക്ഷം രൂപ |
| 05—ഓഫീസ് ചെലവുകൾ | 3.00 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 2.02 ലക്ഷം രൂപ |
| 21-1—വാഹനം വാങ്ങൽ | 40 ലക്ഷം രൂപ |

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

സംരക്ഷണം, സാധനസാമഗ്രികൾ എന്നീ കണക്കിനങ്ങളിൽ അനുവദിച്ച തുക പര്യപ്തമല്ല. ആയതിനാൽ ഇതു സംബന്ധിച്ച 18-സംരക്ഷണം, 24-സാധനസാമഗ്രികൾ

എന്നീ കണക്കിനങ്ങൾ യഥാക്രമം 27000 രൂപയും 4.25 കോടി രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

ജീവനക്കാരുടെ ഓവർടൈം അലവൻസ്, വാടക, കരം, നികുതി, മറ്റ് അലവൻസുകൾ എന്നിവ കൊടുക്കുന്നതിനും, അച്ചടിക്കുവേണ്ട സാധനസാമഗ്രികൾ വാങ്ങുന്നതിനുമായി നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങൾക്കു നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| 01-6—ഓവർടൈം അലവൻസ് | 50 ലക്ഷം രൂപ |
| 05-4—മറ്റിനങ്ങൾ | 10 ലക്ഷം രൂപ |
| 06—വാടക, കരം, നികുതി | 50 ലക്ഷം രൂപ |
| 18—സംരക്ഷണം | 25 ലക്ഷം രൂപ |
| 24—സാധനസാമഗ്രികൾ | 75 ലക്ഷം രൂപ |

2070-00-106-99—സിവിൽ ഡിഫൻസ്

സിവിൽ ഡിഫൻസ് വോളന്റിയർമാരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനം നൽകുന്നചെലവിലേയ്ക്കും അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-98-01—പ്രതിരോധവും നിയന്ത്രണവും - ജില്ലാ ജീവനക്കാർ

ഫയർ ആന്റ് റസ്ക്യൂ വകുപ്പിലെ ജീവനക്കാരുടെ ചെലവുകൾ നിർവ്വഹിക്കുന്നതിലേയ്ക്ക് വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108-97—പരിശീലനം

വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് അക്കാദമിയുടേയും ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിന്റെയും പ്രവർത്തനത്തിന് വകയിരുത്തിയ തുക പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 19 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-119-98—ഔദ്യോഗിക ഭാഷ കമ്മീഷൻ

ഔദ്യോഗിക ഭാഷ കമ്മീഷന്റെ ചെലവുകൾക്ക് വിവിധ കണക്കിനങ്ങളിലായി വകയിരുത്തിയിട്ടുള്ള തുകകൾ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഒരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | | | |
|---|---|---|---|
| 01 | - | ശമ്പളം | 67.68 ലക്ഷം രൂപ |
| 02 | - | വേതനം | 97,000 രൂപ |
| 04 | - | യാത്രാ ചെലവുകൾ | 1.92 ലക്ഷം രൂപ |
| 05 | - | ഓഫീസ് ചെലവുകൾ | 3.99 ലക്ഷം രൂപ |
| 06 | - | വാടക, കരം, നികുതി | 13.70 ലക്ഷം രൂപ |

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സ്വയം പഠനത്തിനും തുടർച്ചയായ റഫറൻസിനുമായി ഓൺലൈൻ ഡിജിറ്റൽ പരിശീലന മോഡ്യൂൾ സജ്ജീകരിക്കുന്നതിനും, പുസ്തക പ്രസിദ്ധീകരണം, ഭാഷാമാർഗ്ഗനിർദേശകവിദഗ്ധ സമിതിയുടെ പ്രവർത്തനങ്ങൾ, മലയാള ദിനാഘോഷം എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 56.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058-00-103-95—സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

സർക്കാരിന്റെ അച്ചടി ജോലികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിനും പ്ലാൻ റൈറ്റ്അപ്പ് പ്രകാരമുള്ള മെഷീൻ പർച്ചേസിനുമായി കൂടുതൽ തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 8 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4058-00-800-97—യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ

വയനാട് ജില്ലാ സ്റ്റേഷണറി ഓഫീസിന് കെട്ടിടം പണിയുന്നതിനും ഉപഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം**

3425—മറ്റു ശാസ്ത്രീയ ഗവേഷണം

3425-60-200-71—കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ

(02)-36—അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തൽ - സഹായധനം - ശമ്പളേതരം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

(07)-31—ശാസ്ത്രം, സാങ്കേതിക വിദ്യ, പരിസ്ഥിതി എന്നിവയ്ക്കുള്ള കേരള സ്റ്റേറ്റ് കൗൺസിൽ - സഹായധനം-ശമ്പളം

കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ശമ്പള പരിഷ്കരണം നടപ്പിലാക്കൽ എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 47.3129 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3425-60-200-55—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി(ഐ.എ.വി.)

31—സഹായധനം-ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് CSIR നിരക്കിലും സംസ്ഥാന സർക്കാർ നിരക്കിലും ശമ്പള പരിഷ്കരണ ആനുകൂല്യം അനുവദിക്കുന്നതിനും, സർക്കാർ അംഗീകരിച്ച തസ്തികകളിലേക്കുള്ള നിയമന നടപടി പൂർത്തീകരിച്ചാൽ CSIR നിരക്കിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

36—സഹായധനം-ശമ്പളേതരം

അതീവ സാംക്രമിക സാധ്യതയുള്ള വൈറസുകളെക്കുറിച്ചുള്ള പഠനവും ഗവേഷണവും സുഗമമാക്കുന്നതിന് BSL III ഫെസിലിറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ അനിമൽ സൗകര്യം സ്ഥാപിക്കുന്നതിനും 5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് സമിതി വിലയിരുത്തുകയും ഇതിന്റെ ആവശ്യത്തിലേയ്ക്ക് ഈ ശീർഷകത്തിൽ 3.50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

3425-60-200-50—കാലാവസ്ഥ വ്യതിയാന പഠന കേന്ദ്രം, കോട്ടയം

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസിൽ പുതിയതായി നിയമിക്കുന്ന ശാസ്ത്രജ്ഞരുടെ ശമ്പളചെലവുകൾക്കും, സ്ഥാപനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.00 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ - XXIII
## വാർത്താ വിതരണവും പ്രചരണവും

2220-01-001-97 —സൂക്ഷ്മപരിശോധനാ വിഭാഗത്തിന്റെ ശാക്തീകരണവും ആധുനികവത്കരണവും

വാർത്താചാനൽ മോണിറ്ററിംഗ് വിപുലമാക്കുന്നതിനും ആർകൈവൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-001-99—വിവര സാങ്കേതിക സേവനം

ഐ.റ്റി. അധിഷ്ഠിതമായ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, വകുപ്പിന്റെ വിവിധ ഓഫീസുകളിലെ കാലഹരണപ്പെട്ട കമ്പ്യൂട്ടറുകൾ മാറ്റി മെച്ചപ്പെട്ട സോഫ്റ്റ്‌വെയറുകൾ എന്നിവ ലഭ്യമാക്കുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-97-02—പരസ്യത്തിനുള്ള ചെലവുകൾ -ഇലക്ട്രോണിക് ദൃശ്യമാധ്യമം

സർക്കാർ പരസ്യങ്ങൾ നൽകിയ വകയിൽ ഇലക്ട്രോണിക് മീഡിയ വിഭാഗത്തിലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 13 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും വികസന പ്രവർത്തനങ്ങളെക്കുറിച്ചും പ്രദർശനപരസ്യം വഴി പൊതുജനങ്ങളിൽ എത്തിക്കുന്നതിനും, പരസ്യങ്ങൾ നൽകിയ വകയിലുള്ള കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 37 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-106-98—ഫീൽഡ് പബ്ലിസിറ്റി - പ്രദർശനം

സംസ്ഥാന-ദേശീയതലങ്ങളിൽ നടക്കുന്ന സാമൂഹിക, സാംസ്കാരിക വികസന പ്രദർശനങ്ങൾക്കും ന്യൂഡൽഹി - ഭാരത അന്താരാഷ്ട്ര വ്യാപാരമേള 2023-ൽ സംസ്ഥാന പവലിയൻ സജ്ജമാക്കുന്നതിനും അനുബന്ധ ചെലവുകൾക്കും മറ്റുമായി പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-109-99—ഫോട്ടോ സർവ്വീസ് - ദൃശ്യപ്രചരണം

എംപാനൽഡ് ഫോട്ടോഗ്രാഫേഴ്സ് നൽകുന്ന സേവനത്തിന് പ്രതിഫല തുക നൽകുന്നതിനും മെച്ചപ്പെട്ട ഫോട്ടോ കവറേജ് ഉപകരണങ്ങൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ

4 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-81—കേരള സംസ്ഥാന നോൺ ജേണലിസ്റ്റ് പെൻഷൻ സ്കീം 1999

വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ച പത്രപ്രവർത്തകേതര ജീവനക്കാർക്ക് പെൻഷനും, പെൻഷൻ കുടിശ്ശികയും നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 13.5709 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം 1993

പെൻഷൻ കുടിശ്ശിക നൽകേണ്ടതിനാലും, പെൻഷൻ വാങ്ങുന്നവരുടെ എണ്ണം വർദ്ധിച്ചതിനാലും കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്നതായി സമിതി വിലയിരുത്തുകയും നിലവിലെ വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 6.0073 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2220-60-800-97—പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം നേടാതെ വിവിധ പത്രസ്ഥാപനങ്ങളിൽ നിന്നും വിരമിച്ചവർക്കും അറുപത് വയസ്സ് കഴിഞ്ഞവർക്കും അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും പെൻഷൻ നൽകുന്നതിനും പെൻഷൻ കുടിശ്ശിക നൽകുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXVIII – പലവക സാമ്പത്തിക സർവ്വീസുകൾ**

3475-00-115-99—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ആർ.കെ.ഐ)

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ റവന്യൂ ചെലവുകൾക്കായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

റീബിൽഡ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് 2019-2020 മുതൽ 2022-2023 വരെയുള്ള കാലയളവിൽ ചെലവായ തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ റൂൾ 7-പ്രകാരം സബ്ജക്ട് കമ്മിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും, ആയത് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുകയും, സമിതിയുടെ അടുത്ത യോഗത്തിൽ ആയത് ലഭ്യമാക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

5475-00-115-94—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (ലോക ബാങ്ക് സഹായം - ആർ.കെ.ഡി.പി. പോളിസി ലോൺ)

ആർ.കെ.ഐ. പദ്ധതികൾക്കായി 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ഏകദേശം 1,500 കോടി രൂപ ആവശ്യമായി വരുമെന്നതിനാലും ആർ.കെ.ഐ.യുടെ എല്ലാ പദ്ധതികളും നിർവ്വഹണഘട്ടത്തിലാണെന്നതും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

5475-00-115-93—കേരള പുനർ നിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾ (കെ.എഫ്.ഡബ്ല്യൂ. സഹായം - ആർ.കെ.ഡി.പി. പ്രോജക്ട് ലോൺ)

03—റോഡുകളും പാലങ്ങളും (ആർ.കെ.ഐ)

നിലവിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് കെ.എഫ്.ഡബ്ല്യൂ. സഹായത്തോടെയുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 500 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ**

2852—വ്യവസായങ്ങൾ

2852-07-202-74—അഭ്യസ്തവിദ്യർക്ക് ഐ.റ്റി, മറ്റു വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം

അഭ്യസ്തവിദ്യർക്ക് ഐ.ടി, മറ്റു വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് പരിപാടികൾ നടത്താൻ ഐ.ടി പാർക്കുകൾ പദ്ധതിയിടുന്നതായി സമിതി മനസ്സിലാക്കുകയും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859—<u>ടെലികമ്മ്യൂണിക്കേഷൻ, ഇലക്ട്രോണിക്സ് വ്യവസായങ്ങൾക്കുള്ള  മൂലധന ചെലവ്</u>

4859-02-004-99—<u>നൂതന സാങ്കേതിക മേഖല</u>

തിരുവനന്തപുരത്ത് എമർജിംഗ് ടെക്നോളജി ഹബ്ബ് സ്ഥാപിക്കുന്നതിലേക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം ആപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-96—<u>സൈബർ പാർക്ക്</u>

01—<u>സംസ്ഥാന സഹായം</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷത്തെ  ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയ ഐ.ടി. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.17 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-95—<u>വിവര സാങ്കേതിക വിദ്യയ്ക്കായി സ്ഥലമെടുക്കുന്നതിനുംഅടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടെക്നോപാർക്കിന്റെ ഭൂമി ഏറ്റെടുക്കലിനും അടിസ്ഥാന സൗകര്യ വികസനത്തിനും, എൽ.എ.ആർ. കേസുകളുടെ തീർപ്പാക്കലിനും വേണ്ടി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ  15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-94—<u>ഇൻഫോപാർക്കുകൾ</u>

01—<u>ഇൻഫോപാർക്ക്, കൊച്ചി</u>

ബഡ്ജറ്റ് വിഹിതം, മുൻവർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻഫോപാർക്ക്സ് കേരള പ്ലാൻ സ്കീം, ഇൻഫോപാർക്ക്  ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഐ.ടി. സ്പേസ് ഒരുക്കൽ, അടിസ്ഥാന സൗകര്യ വികസനം, ഭൂമി ഏറ്റെടുക്കൽ എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 29 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്  ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05—<u>വീടിനടുത്ത് തൊഴിലിടമാക്കൽ</u>

വർക്ക് നിയർ ഹോം പദ്ധതിക്കായി നിർദ്ദിഷ്ട കൊച്ചി മെട്രോ സൗത്ത് സ്റ്റേഷനിൽ മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ് ചതുരശ്രയടി ഐ.ടി. സ്പേസ് ഒരുക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ പദ്ധതി നടത്തിപ്പിലേയ്ക്ക് ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

4859-02-004-91—<u>ഇന്ത്യാ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ</u>

34-3—<u>മറ്റു ചെലവുകൾ - മറ്റിനം</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത വികസന പദ്ധതിയായ ഇന്ത്യാ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീന്റെ (ഐ.ഐ.സി.ജി) വിജ്ഞാന-വികസന പ്രവർത്തനങ്ങൾക്കായി വകയിരിത്തിയ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

സമിതിയോഗം വൈകുന്നേരം 3.45 ന് അവസാനിച്ചു.

## 16-2-2023-ലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2023 ഫെബ്രുവരി 16-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. വി. ജോയി, എം.എൽ.എ.,
2. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ.,
3. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.,
4. ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ.,
5. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ., (വീഡിയോ കോൺഫറൻസിംഗ് മുഖേനന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
3. ശ്രീമതി സുദർശന കെ., ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. സഞ്ജയ് എം. കൗൾ, ചീഫ് ഇലക്ടറൽ ഓഫീസർ.
2. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്
3. ശ്രീ. എ. സന്തോഷ്, സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ
4. ശ്രീ. അനിൽ കാന്ത്, ഡയറക്ടർ ജനറൽ ഓഫ് പോലീസ്
5. ശ്രീ. ബൽറാം കുമാർ ഉപാധ്യായ, ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ്
6. ശ്രീ. പത്മകുമാർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്
7. ശ്രീ. എ. അക്ബർ, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, ട്രാഫിക് ആൻഡ് റോഡ് സേഫ്റ്റി മാനേജ്മെന്റ്

8. ശ്രീമതി ഷെർളി പി., സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

9. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

10. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

11. ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി സരിത ഡി., അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

13. ശ്രീമതി അനുരാധ കെ. സി., ജോയിന്റ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ്

14. ശ്രീ. കൃഷ്ണ ദാസൻ പി., ജോയിന്റ് സെക്രട്ടറി ആൻഡ് ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ

15. ശ്രീ. അനീഷ് റ്റി., ജോയിന്റ് സെക്രട്ടറി ആൻഡ് ജോയിന്റ് ചീഫ് ഇലക്ടറൽ ഓഫീസർ

16. ശ്രീമതി പ്രിയ മോൾ എം. പി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

17. ശ്രീ. നാരായണൻ റ്റി., അഡീഷണൽ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്

18. ഡോ. നവനീത് ശർമ, സൂപ്രണ്ട് ഓഫ് പോലീസ്, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്

19. ശ്രീ. ഇ. എസ്. ബിജുമോൻ, സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആൻഡ് ആന്റി-കറപ്ഷൻ ബ്യൂറോ

20. ശ്രീ. ജയകൃഷ്ണൻ എസ്., ചീഫ് ഫിനാൻഷ്യൽ ഓഫീസർ, കണ്ണൂർ എയർ പ്പോർട്ട്

21. ശ്രീ. രഞ്ജിത്ത് എൻ. കെ., ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി

22. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെമ്പർ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

23 ശ്രീമതി പ്രീതാ കുമാരി എൽ. പി., ഡെപ്യൂട്ടി സെക്രട്ടറി, വിജിലൻസ് വകുപ്പ്

24. ശ്രീ. റൂസി ആർ. എസ്., ഡെപ്യൂട്ടി സെക്രട്ടറി, ആഭ്യന്തര വകുപ്പ്

25. ശ്രീ. ശ്രീരാജ് എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

26. ശ്രീമതി ലത എസ്., എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

27. ശ്രീ. ജേക്കബ് സഞ്ജയ് ജോൺ, ഡെപ്യൂട്ടി കളക്ടർ (എൽ.എ) തിരുവനന്തപുരം

28. ശ്രീ. സക്കറിയാ മാത്യു, പബ്ലിക്ക് റിലേഷൻസ് ഓഫീസർ, ലോകായുക്ത

29. വി. ഷാജിമോൻ, ലാ ഓഫീസർ, കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ

30.ശ്രീമതി വി. ആർ. രാജമ്മ, സീനിയർ ഫിനാൻസ് മാനേജർ, കേരള സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ

31. ശ്രീമതി സുമി ആസ്റ്റിൻ, സീനിയർ ഫിനാൻസ് ഓഫീസർ, പോലീസ് ഹെഡ് ക്വാർട്ടേഴ്സ്

32. ശ്രീമതി ഷീനാ സി. കുട്ടപ്പൻ, ഫിനാൻസ് ഓഫീസർ, ദുരന്ത നിവാരണ വകുപ്പ്

33. ശ്രീമതി ഷീജാ എസ്. ജി., ഫിനാൻസ് ഓഫീസർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, തിരുവനന്തപുരം

34. ശ്രീമതി അമൃത കെ., ഹസാർഡ് അനലിസ്റ്റ്, കേരളാ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി

35. ശ്രീമതി അജിത കെ., മാനേജർ, ഓഫീസ് ഓഫ് ദ എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

36.ശ്രീമതി നിഷാ ശശിധരൻ, മാനേജർ, ഓഫീസ് ഓഫ് ദ എൻക്വറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം

37. ശ്രീ. സ്കോട്ട് കെ. കെ., ഫിനാൻസ് മാനേജർ, നാഷണൽ സൈക്ലോൺ റിസ്ക് മാനേജ്മെന്റ് പ്രോജക്ട്

38. ശ്രീ. ഡോമിനിക്ക് ഫെർണാണ്ടസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കൊച്ചി ഇന്റർനാഷണൽ എയർപ്പോർട്ട് ലിമിറ്റഡ്

39. ശ്രീ. രതീഷ് എസ്., അസിസ്റ്റന്റ് ജനറൽ മാനേജർ, കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം

40. ശ്രീമതി പ്രീതാ വി. എസ്., അക്കൗണ്ട്സ് ഓഫീസർ, പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ് ഹെഡ് ക്വാർട്ടേഴ്സ്

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള IV, XI, XII, XIII, XVIII, XXVI, XLI എന്നീ നമ്പർ ധനാഭ്യർത്ഥനകളിൽ സമിതിയുടെ പരിധിയിൽ വരുന്ന വിഷയങ്ങൾ/കണക്കിനങ്ങൾ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ IV - തെരഞ്ഞെടുപ്പുകൾ

2015-00-101-99 —സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

ഈ ശീർഷകത്തിൻ കീഴിൽ അവധിയാത്രാനുകൂല്യം, വൈദ്യുതി ചെലവ്, ഓഫീസ് ചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും വാഹനങ്ങളുടെ ഇന്ധനച്ചെലവ് എന്നീ ഇനങ്ങളിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | അധികമായി ആവശ്യപ്പെടുന്ന തുക |
|---|---|
| 04-4—അവധിയാത്രാനുകൂല്യം | 2 ലക്ഷം രൂപ |
| 05-2—വൈദ്യുതി ചെലവ് | 2 ലക്ഷം രൂപ |
| 05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ | 3 ലക്ഷം രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും | 2 ലക്ഷം രൂപ |
| 34-3—മറ്റു ചെലവുകൾ - മറ്റിനം | 1 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 5 ലക്ഷം രൂപ |

2015-00-103-99—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിക്കലും -നിയമസഭയും പാർലമെന്റും

സി-ഡിറ്റിന് നൽകേണ്ട പ്രതിഫലം, ബൂത്ത് ലെവൽ ഓഫീസർമാരുടെ വാർഷിക പ്രതിഫലം, ജില്ലാ ഇലക്ഷൻ വിഭാഗങ്ങൾക്കുള്ള ഫണ്ട് തുടങ്ങിയ ചെലവുകൾക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2015-00-105-99—പാർലമെന്റിലേക്ക് തെരഞ്ഞെടുപ്പുകൾ നടത്താനുള്ളചെലവ് - ലോക് സഭ

2024-ൽ നടത്തേണ്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ

29 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോപതിപ്പിച്ച തിരിച്ചറിയൽ കാർഡ് നൽകൽ

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശാനുസരണമുള്ള വോട്ടർ ഐഡന്റിറ്റി കാർഡുകളുടെ പ്രിന്റിംഗിനും വിതരണത്തിനുമുള്ള ചെലവുകൾ നിർവ്വഹിക്കാനുള്ളതിനാൽ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2015-00-109-99—പഞ്ചായത്തുകളിലേയ്ക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2022-ലെ മട്ടന്നൂർ നഗരസഭ പൊതുതെരഞ്ഞെടുപ്പ്, നവംബറിലെ ഉപതെരഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട ബില്ലുകൾ കൊടുത്തുതീർക്കുന്നതിനും വോട്ടർ പട്ടിക പരിഷ്കരണം, തെരഞ്ഞെടുപ്പ് പ്രക്രിയയുടെ കമ്പ്യൂട്ടർവൽക്കരണം, തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XII - പോലീസ്**

2055—പോലീസ്

2055-00-001-99—ഭരണവും നടത്തിപ്പും മേൽനോട്ടം

പോലീസ് വകുപ്പിന് താഴെപ്പറയുന്ന കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| 05-02— വൈദ്യുതി ചെലവ് | 1,8509 കോടി രൂപ |
| 05-3— ടെലിഫോൺ ചെലവ് | 12,1403 കോടി രൂപ |
| 05-4— മറ്റിനങ്ങൾ | 89.50 കോടി രൂപ |
| 06— വാടക,കരം,നികുതി | 92,75 കോടി രൂപ |
| 15— രഹസ്യസേവന ചെലവുകൾ | 90 ലക്ഷം |

| | |
|---|---|
| 17— ചെറുകിട മരാമത്ത് പണികൾ | 99,99 ലക്ഷം രൂപ |
| 18— സംരക്ഷണം | 1,0050 കോടി രൂപ |
| 21-2— മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും | 29,42 ലക്ഷം രൂപ |
| 34-3— മറ്റു ചെലവുകൾ | 94.61 ലക്ഷം രൂപ |
| 45— പി. ഒ. എൽ | 8,9566 കോടി രൂപ |

2055-00-003-98—<u>കേരള പോലീസ് അക്കാഡമി</u>

05-4—<u>ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് അക്കാഡമിയിലെ സർക്കാർ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം, എ.ഐ.എസ്. അലവൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.14 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റ് ചെലവുകൾ - മറ്റിനം</u>

പോലീസ് അക്കാഡമിയിൽ നടക്കുന്ന പോലീസ് വകുപ്പിലെയും മറ്റ് വകുപ്പുകളിലെയും ട്രെയിനിംഗ് ആവശ്യങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 2.3611 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-99—<u>കുറ്റാന്വേഷണ വിഭാഗം</u>

18—<u>സംരക്ഷണം</u>

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സി.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 48 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-101-98—സ്പെഷ്യൽ ബ്രാഞ്ച് സി.ഐ.ഡി.

18—സംരക്ഷണം

എസ്.ബി.സി.ഐ.ഡി. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 20.50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-99—സായുധ പോലീസ്

05-1—വെള്ളക്കരം

സായുധ പോലീസ് സേനയുടെ കീഴിലുള്ള 10 ബറ്റാലിയൻ യൂണിറ്റുകളുടെ വെള്ളക്കരം അടയ്ക്കുന്നതിനും എസ്.എ.പി., എം.എസ്.പി., വനിതാ ബറ്റാലിയൻ തുടങ്ങിയവയുടെ വെള്ളക്കരത്തിന്റെ കുടിശ്ശിക തീർക്കുന്നതിനും നിലവിലെ വിഹിതം പര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.46 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 10 ബറ്റാലിയനുകളുടെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പ്രീമിയം ഉൾപ്പെടെയുള്ള ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3.9384 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

18—സംരക്ഷണം

ബറ്റാലിയനുകളിലെ വിവിധ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 56.9525 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

34-3—മറ്റ് ചെലവുകൾ -മറ്റിനം

റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെ പരിശീലനത്തിന്റെ ഭാഗമായി ഗസ്റ്റ് അദ്ധ്യാപകർക്കുള്ള പ്രതിഫലം, പോലീസ് ട്രെയിനികളുടെ മെഡിക്കൽ ടെസ്റ്റുകൾ നടത്തുന്ന ഓഫീസർമാർക്കുള്ള പ്രതിഫലം, മെഡലുകൾ, റിവാർഡുകൾ, സേനയിലെ

കായികതാരങ്ങൾക്കുള്ള ഡയറ്റ് അലവൻസ് എന്നിവ സംബന്ധിച്ച ചെലവുകൾ നിർവഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.2470 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-104-98—ഇന്ത്യൻ റിസർവ് ബറ്റാലിയൻ

ഇന്ത്യൻ റിസർവ് ബറ്റാലിയന്റെ പ്രവർത്തനചെലവുകൾക്കായി 2023-24 സാമ്പത്തിക വർഷം വിവിധ കണക്കിനങ്ങളിലായി അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ കാണിച്ചിട്ടുള്ള തുക ഉപധനാഭ്യർത്ഥന/ധനപുനഃവിനി യോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| 04-1—യാത്രാബത്ത | 1.9450 കോടി രൂപ |
| 05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ | 11.84 ലക്ഷം രൂപ |
| 45—പി.ഒ.എൽ. | 67.14 ലക്ഷം രൂപ |

2055-00-108-99—വിക്ടിം കോമ്പൻസേഷൻ ഫണ്ട്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയുള്ള നഷ്ടപരിഹാര തുക നൽകുന്നതിനായി വകയിരുത്തിയ വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.0097 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-109-99—ജില്ലാ സേന

ജില്ലാസേനയുടെ ചെലവുകൾക്കായി താഴെപ്പറയുന്ന കണക്കിനങ്ങളിൽ 2023-24 സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനങ്ങളിൽ താഴെപ്പറയും പ്രകാരം ഓരോന്നിലും തുക ഉപധനാഭ്യർത്ഥന/ധനപുനഃവ്വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

| | |
|---|---|
| 05-4—ഓഫീസ് ചെലവ്-മറ്റിനങ്ങൾ | 7.6127 കോടി രൂപ |
| 21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും-അറ്റകുറ്റപ്പണികളും | 12.4453 കോടി രൂപ |
| 34-3—മറ്റു ചെലവുകൾ-മറ്റിനം | 6.9736 കോടി രൂപ |
| 45—പി.ഒ.എൽ. | 39.9928 കോടി രൂപ |

2055-00-111-99—<u>റെയിൽവേ പോലീസ്</u>

04-1—<u>യാത്രാബത്ത</u>

റെയിൽവേ പോലീസിന്റെ ടി.എ. ബിൽ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ഇനത്തിൽ 4.6017 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

04-1—<u>യാത്രാബത്ത</u>

തീരദേശ പോലീസ് സ്റ്റേഷനുകളിലെ ടി.എ. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 63.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—<u>പി.ഒ.എൽ.</u>

വർദ്ധിച്ചുവരുന്ന ഇന്ധനവില കണക്കിലെടുത്ത്, തീരദേശ പോലീസ് സ്റ്റേഷനുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവിലേയ്ക്കായി കൂടുതൽ തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 4.0362 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-113-98—സ്പോർട്സ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം, മുൻ വർഷങ്ങളിലെ ചെലവ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കിറ്റ്, റിവാർഡുകൾ, സ്പോർട്സ് താരങ്ങൾക്കുള്ള ധനസഹായം നൽകൽ, അത്‌ലറ്റിക്ക് മീറ്റ്, ദേശീയ പോലീസ് ഡ്യൂട്ടി മീറ്റ്, അക്വാട്ടിക്ക് ചാമ്പ്യൻഷിപ്പ് മത്സരം, മറ്റ് ദേശീയ കായിക മത്സരങ്ങളുടെ നടത്തിപ്പുമായും ബന്ധപ്പെട്ട ചെലവുകൾക്കായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 90 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-114-99—വയർലെസ് യൂണിറ്റ്

04-1—യാത്രാബത്ത

05-3—ഓഫീസ് ചെലവ്-ടെലിഫോൺ ചെലവ്

യൂണിറ്റിലെ മുൻ വർഷങ്ങളിലെ ടി.എ. ബില്ലുകളുടെ കുടിശ്ശിക തീർക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കും ടെലിഫോൺ ചാർജ് ഇനത്തിലും കൂടുതൽ തുക വേണ്ടിവരുന്നതിനാൽ 04-1-യാത്രാബത്ത ഇനത്തിൽ 1.7530 കോടി രൂപയും 05-3-ടെലിഫോൺ ചാർജ് ഇനത്തിൽ 6.67 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2055-00-117-96—കേരള ആന്റി ടെറർ സ്ക്വാഡ്

45—പി.ഒ.എൽ.

കേരള ആന്റി ടെറർ സ്ക്വാഡ് യൂണിറ്റിലെ വാഹനങ്ങളുടെ ഇന്ധനചെലവ് വഹിക്കുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനു പുറമെ 41.93 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു

**സ്പെക്ട്രം ചാർജസ്**

സ്പെക്ട്രം ചാർജ് ഇനത്തിലെ തുക കേന്ദ്ര സർക്കാരിലേയ്ക്ക് ഒടുക്കുന്നതിനായി ഇതു സംബന്ധിച്ച ശീർഷകം പുനഃസ്ഥാപിച്ച് ആയതിൽ 1.7890 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു

2062-00-103-99—കേരള ലോകായുക്ത, 1998

ഈ ശീർഷകത്തിൻ കീഴിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, അവധി യാത്രാനുകൂല്യം എന്നിവയ്ക്ക് അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും 01-4 -മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 10 ലക്ഷം രൂപയും 04-4-അവധിയാത്രാനുകൂല്യം എന്ന കണക്കിനത്തിൽ 3.7 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും കൂടാതെ വകുപ്പിലെ പഴക്കംചെന്ന വാഹനം മാറ്റി വാങ്ങുന്ന ആവശ്യത്തിലേയ്ക്ക് 21-1-മോട്ടോർ വാഹനങ്ങൾ-വാങ്ങൽ എന്ന കണക്കിനത്തിൽ 30 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-104-99—വിജിലൻസ്

05-1—ഓഫീസ് ചെലവുകൾ - വെള്ളക്കരം

വകുപ്പിന് വെള്ളക്കരം ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-4—ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക ഒടുക്കുന്നതിനും മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി അനുവദിച്ച നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

15—രഹസ്യസേവന ചെലവുകൾ

വിവിധ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്ന ചെലവുകൾക്കാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഇതിലേയ്ക്കായി നടപ്പു വർഷം അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിന് മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കുമായി അനുവദിച്ചിട്ടുള്ള തുക പര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിടമരാമത്ത് പണികൾ</u>

വിജിലൻസ് ബ്യൂറോയ്ക്ക് കീഴിലുള്ള എല്ലാ ഓഫീസുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നത് ഈ ശീർഷകത്തിലെ തുക വിനിയോഗിച്ചാണെന്ന് സമിതി മനസ്സിലാക്കുകയും 2023-24-ലെ ബഡ്ജറ്റ് വിഹിതം തീരെ കുറവായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—<u>പി.ഒ.എൽ.</u>

വർദ്ധിച്ചു വരുന്ന ഇന്ധനവില കണക്കിലെടുത്ത് നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-99—<u>വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-98—<u>അഡീഷണൽ വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട്</u>

വകുപ്പിന് പുതിയ വാഹനം വാങ്ങുന്ന ആവശ്യത്തിലേയ്ക്ക് ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-97—<u>എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ</u>

ക്ഷാമബത്ത കുടിശ്ശിക നൽകുന്നതിനും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, ലീവ് സറണ്ടർ എന്നിവ നൽകുന്നതിന്റെ ചെലവിനും, സാക്ഷികളുടെ ബത്ത, ഫർണിച്ചർ, സി.സി.ടി.വി. സ്ഥാപിക്കൽ, പഞ്ചിംഗ് മെഷീൻ, പി.ഒ.എൽ., ഐ.റ്റി. എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-96—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്,തിരുവനന്തപുരം

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ സ്ഥലമാറ്റബത്ത ചെലവുകൾക്കായി 58,000 രൂപയാണ് അനുവദിച്ചിരിക്കുന്നത്.കമ്മീഷണറുടെ സ്ഥലമാറ്റബത്ത പൂർണ്ണമായും അനുവദിക്കുന്നതിന് ഇത് പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും സ്ഥലംമാറ്റബത്തയിനത്തിൽ 15,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-94—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോട്ടയം-യുടെ വീട്ടുവാടകയിനത്തിൽ പ്രതിമാസം 20,000 രൂപ നിരക്കിൽ ഒരു വർഷം 2,40,000 രൂപ വേണ്ടിവരും. ഇതിലേയ്ക്കായി 1 ലക്ഷം രൂപയാണ് വകയിരുത്തിയത്. കൂടാതെ 05-4- ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നതിൽ 1.22 ലക്ഷം രൂപ ബജറ്റ് വിഹിതം അനുവദിച്ചിട്ടുള്ളതും തീരെ കുറവാണെന്ന് സമിതി വിലയിരുത്തുകയും 06- വാടക, കരം, നികുതി ഇനത്തിൽ 1.40 ലക്ഷം രൂപയും 05-4-ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ എന്ന ഇനത്തിൽ 1.60 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2062-00-105-90—എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്,മൂവാറ്റുപുഴ

ഈ ശീർഷകത്തിൻ കീഴിൽ യാത്രാബത്ത, മെഡിക്കൽ റീഇംബേഴ്സ്മെന്റ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയിൽ അനുവദിച്ച ബജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 01-4- മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 50,000 രൂപയും 04-1-യാത്രാബത്തയിനത്തിൽ 50,000 രൂപയും,04-4-അവധിയാത്രാനുകൂല്യം ഇനത്തിൽ 1.15 ലക്ഷം രൂപയും 05-4-മറ്റിനങ്ങൾ ഇനത്തിൽ 3 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 5.15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ**

2056-00-001-98—ജയിലുകളുടെ നവീകരണം

05-3—ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്നതിനായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 74 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

172056-00-001-89—<u>സെൻട്രൽ ജയിലുകളിലെ ടെട്രാ കമ്മ്യൂണിക്കേഷൻ സംവിധാനം നടപ്പിലാക്കൽചെറുകിടമരാമത്ത് പണികൾ</u>

വിവിധ ജയിലുകളിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, നവീകരണ നിർമ്മാണ പ്രവർത്തനങ്ങൾ, ഡ്രെയിനേജ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പ്രവൃത്തികൾക്കുള്ള ചെലവിലേയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

17—<u>ചെറുകിട മരാമത്ത പണികൾ</u>

ടെട്രാ കമ്മ്യൂണിക്കേഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ചെലവിന് അനുവദിച്ച നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.2947250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2056-00-101-99—<u>ജയിലുകൾ</u>

05-1—<u>ഓഫീസ് ചെലവുകൾ - വെള്ളക്കരം</u>

വിവിധ ജയിലുകളിലെ തടവുകാരുടെ ബാഹുല്യം നിമിത്തം വെള്ളത്തിന്റെ ഉപഭോഗം കൂടിയതിനാൽ ബില്ലുകൾ മാറാൻ നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

05-2—<u>ഓഫീസ് ചെലവുകൾ -വൈദ്യുതിചെലവ്</u>

വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ് കണക്കിലെടുത്ത് വൈദ്യുതി ചെലവ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

06—<u>വാടക, കരം, നികുതി</u>

കെട്ടിടങ്ങളുടെ നികുതി, പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചതിനാൽ പുതുക്കിയ നിരക്കിലുള്ള നികുതി അടയ്ക്കുന്നതിനായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

21-2—മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളിലേയ്ക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനത്തിൽ 15 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—മറ്റ് ചെലവുകൾ -മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാ ചെലവ്, മരുന്ന്, കോടതിയിൽ ഹാജരാക്കുന്നതിനുള്ള ബത്ത, ബാർബർ ചാർജ്ജസ് തുടങ്ങിയവയുൾപ്പെടെയുള്ള ചെലവുകൾക്കായി വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

45—പി.ഒ.എൽ.

ഇന്ധന വിലയിലെ വർദ്ധനവ് കാരണം വാഹനങ്ങളുടെ ഇന്ധന ചെലവ് നിർവ്വഹിക്കാൻ നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത കണക്കിനത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

56—ഭക്ഷണവും ധനസഹായവും

തടവുകാരുടെ ഭക്ഷണാവശ്യങ്ങളുടെ ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിലെ വിഹിതത്തിനുപുറമെ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

2056-00-001-98—ജയിലുകളുടെ നവീകരണം

34-3—മറ്റ് ചെലവുകൾ-മറ്റിനം

വടകര റൂറൽ ജയിൽ, തളിപ്പറമ്പ് സബ്ജയിൽ - രണ്ടാം ഘട്ടം, തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ക്വാർട്ടേഴ്സ്-ആദ്യ ഘട്ടം എന്നിവയുടെ നിർമ്മാണത്തിനായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ശീർഷകത്തിൽ 6.50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും**

2210-06-107-97—<u>കെമിക്കൽ എക്സാമിനറുടെ ലബോറട്ടറി</u>

19—<u>യന്ത്രോപകരണങ്ങൾ</u>

മയക്കുമരുന്നുകളുടെ പരിശോധനയ്ക്കും, വിഷാംശം പരിശോധിക്കുന്നതിനും തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ കെമിക്കൽ ലാബുകളിൽ വാങ്ങുന്ന ചെലവിലേയ്ക്കായി നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 1.31 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

24—<u>സാധനസാമഗ്രികൾ</u>

വകുപ്പിന്റെ ഉപയോഗത്തിനാവശ്യമായ മൈക്രോവേവ് ഡൈജസ്റ്റർ, സർവൈലൻസ് ക്യാമറ, ഫ്രാങ്കിംഗ് മെഷീൻ എന്നിവ വാങ്ങാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

34-3—<u>മറ്റിനം</u>

വകുപ്പിലെ വിവിധ ഉപകരണങ്ങളുടെ വാർഷിക പരിപാലനത്തിനും സോഫ്റ്റ്‌വെയർ അപ്ഗ്രഡേഷനും ടെക്നിക്കൽ ഓഫീസർമാരുടെ പരിശീലനത്തിനുമായി നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന്**

2245-80-102-95—<u>ചുഴലിക്കാറ്റ് മൂലമുള്ള അപകട സാധ്യത ശമിപ്പിക്കാനുള്ള ദേശീയ പദ്ധതി</u>

ചുഴലിക്കാറ്റ് കാരണമുണ്ടാകുന്ന അപകടങ്ങളെ ലഘൂകരിക്കുന്നതിനുള്ള പദ്ധതി നടത്തിപ്പിലേയ്ക്ക് നിലവിൽ തുക ഒന്നും വകയിരുത്തിയിട്ടില്ലായെന്നും പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് കാലാവധി 2023 മാർച്ച് 14 വരെയാണെന്നും തുടർന്നുള്ള 4 മാസത്തെ ഗ്രേസ് പിരീഡിലേയ്ക്ക് കേന്ദ്ര സർക്കാർ (04) ഘടകത്തിന് [പ്രോജക്ട് മാനേജ്മെന്റിനും നിർവ്വഹണത്തിനുമുള്ള സഹായം (100% CSS)] ഫണ്ട് അനുവദിച്ചിട്ടില്ലായെന്നും സമിതി മനസ്സിലാക്കുകയും സംസ്ഥാന വിഹിതം അനുവദിക്കേണ്ടത് അത്യാവശ്യമായതിനാൽ ഈ ശീർഷകത്തിൽ 21 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്ക് കഴിഞ്ഞ 12 വർഷങ്ങളായി അനുവദിച്ചിട്ടുള്ള പദ്ധതിയിതര ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം ഇതുവരെയും നൽകിയിട്ടില്ലായെന്ന് ദുരന്തനിവാരണ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി അറിയിക്കുകയും 3 കോടി പ്രസ്തുത ശീർഷകത്തിൽ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. തുടർന്ന് അതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന സ്റ്റേറ്റ്മെന്റ് സമിതി റിപ്പോർട്ട് അന്തിമമാക്കുന്നതിനു മുൻപായി ഹാജരാക്കുന്ന പക്ഷം പ്രസ്തുത തുക അനുവദിക്കുന്നതിന് ശിപാർശ ചെയ്യുന്നതാണെന്ന് സമിതി അറിയിച്ചു.

**ധനാഭ്യർത്ഥന നമ്പർ XLI – ഗതാഗതം**

5053-02-190-97—<u>കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (എം.ഐ.ഡി.പി.) കിയാലിന് ധനസഹായം</u>

പ്രസ്തുത ശീർഷകത്തിൽ 1127 കോടി രൂപ ബാങ്കുകളിൽ നിന്നും ലോണായി എടുത്തിട്ടുണ്ടെന്നും 2020-ൽ റീസ്ട്രക്ചർ ചെയ്തതനുസരിച്ച് രണ്ട് വർഷത്തേയ്ക്ക് മൊറട്ടോറിയം ലഭിച്ചിട്ടുണ്ടെന്നും, 1127 കോടി രൂപയുടെ 10 ശതമാനമെങ്കിലും ബാങ്കിൽ അടച്ചു കഴിഞ്ഞാൽ 5 വർഷത്തേയ്ക്ക് കൂടി ബാങ്കുകൾ കാലാവധി നീട്ടിത്തരുമെന്നും, നിലിവിൽ വരുമാനം 84 ശതമാനമായി കുറഞ്ഞിരിക്കുകയാണെന്നും, ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കണ്ണൂർ വിമാനത്താവളത്തിന്റെ ബാങ്ക് വായ്പ പുനഃക്രമീകരിക്കുന്നതിനായും നിഷ്ക്രിയ ആസ്തി ആകാതിരിക്കാനുമായി വായ്പാ തിരിച്ചടവിന് നിലവിലെ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 113 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

7053-02-19099 —<u>തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനം (എയർപോർട്ട് വികസനത്തിനുള്ള വായ്പകൾ)</u>

തിരുവനന്തപുരം വിമാനത്താവള വികസനത്തിനുവേണ്ടി 18.53 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും ആയത് ഏറ്റെടുക്കുന്നില്ലെന്ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തതിനാൽ പ്രസ്തുത ശീർഷകം പിൻവലിക്കുകയാണെന്ന് ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

5075-60-800-61—<u>ഗ്രീൻഫീൽഡ് എയർപോർട്ട് ശബരിമല</u>

ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾ, വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, കമ്പനി രൂപീകരണ ചെലവ്, സ്പെഷ്യൽ ഓഫീസറുടെ കാര്യാലയ ചെലവ്, എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി

വിലയിരുത്തുകയും പ്രസ്തുത ശീർഷകത്തിൽ 26 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

5053-02-190-99—കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം (ക്ലിപ്തം) മൂലധന നിക്ഷേപം

കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവള വികസനത്തിനായി ഗവൺമെന്റിന് 32.42 ശതമാനം നിക്ഷേപമാണുള്ളതെന്നും 186 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വിഹിതമുള്ളൂവെന്നും നേരത്തെയുള്ള ഒരു ഗവൺമെന്റ് ഓർഡർ പ്രകാരം 217 കോടി രൂപ സിയാലിനു നൽകുന്നതിനുവേണ്ടി 31 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വകുപ്പ് സെക്രട്ടറി സമിതിയിൽ ആവശ്യപ്പെട്ടു. സിയാലിന്റെ അവകാശ ഓഹരിയിലെ അഡീഷണൽ ഓഹരികൾ വാങ്ങുന്ന ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 31 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ തീരുമാനിച്ചു.

സമിതി യോഗം രാവിലെ 11.30-ന് അവസാനിച്ചു.

# 21-2-2023-ലെ യോഗ നടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV, 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. മുഖ്യമന്ത്രി ശ്രീ.പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ
2. ശ്രീ. വി. ജോയി, എം.എൽ.എ
3. ശ്രീ. മാത്യു ടി. തോമസ്, എം.എൽ.എ
4. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ

(വീഡിയോ കോൺഫറൻസിംഗ് മുഖേന)

5. ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ
6. ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ

(വീഡിയോ കോൺഫറൻസിംഗ് മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. എ. എം. ബഷീർ, സെക്രട്ടറി
2. ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി
3. ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. ആഷാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
2. ശ്രീ. അനിൽ കാന്ത്, ഡയറക്ടർ ജനറൽ ഓഫ് പോലീസ്
3. ശ്രീ. വി. ഹരി നായർ, സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഇന്ദുകല പി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി ഗീത എം., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീമതി ഗീതാലക്ഷ്മി എം.ബി., അഡീഷണൽ സെക്രട്ടറി, സ്റ്റോർസ് പർച്ചേസ് വകുപ്പ്

7. ശ്രീ. ഷിബു എ., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

8. ശ്രീമതി മിനിമോൾ റ്റി., അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

9. ശ്രീമതി താരാദേവി ആർ., അഡീഷണൽ സെക്രട്ടറി, പൊതുഭരണവും സൈനിക ക്ഷേമവും വകുപ്പ്

10. ശ്രീ. അനിൽ കുമാർ സി., അഡീഷണൽ സെക്രട്ടറി, ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്

11. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

12. ശ്രീ.എൻ.വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ശ്രീ. സുഭാഷ് ആർ ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

14. ശ്രീമതി ടിക്സി എസ്. നെൽസൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീമതി സുധ ബി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്

16. ശ്രീമതി പ്രിയമോൾ എം.പി., ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

17. ശ്രീ.പി.വിമലാദിത്യ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (അഡ്മി നിസ്ട്രേഷൻ)

18. ശ്രീ.എം.കെ.വിനോദ് കുമാർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (ഹെഡ് ക്വാർട്ടേഴ്സ്)

19. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്

20. ശ്രീ.പി. ശ്രീകുമാർ, ഡയറക്ടർ, ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസ്

21. ശ്രീ. അനീഷ് റ്റി., ജോയിന്റ് സി.ഇ.ഒ. ആന്റ് ജോയിന്റ് സെക്രട്ടറി, ഇലക്ഷൻ വകുപ്പ്

22. ശ്രീമതി പ്രീതാകുമാരി എൽ.പി., ഡെപ്യൂട്ടി സെക്രട്ടറി, വിജിലൻസ് വകുപ്പ്

23. ശ്രീമതി മീനാംബിക കെ.ബി., അക്കൗണ്ട്സ് ഓഫീസർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

24. ശ്രീ.വേലായുധൻ, കൺട്രോളർ ഓഫ് ഫിനാൻസ്, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ

25. ശ്രീമതി മിനി ബി. നായർ, അസോസിയേറ്റ് പ്രൊഫസർ, ഐ.എം.ജി.

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടും സമിതിയുടെ പരിഗണനയ്ക്കായി ഗവൺമെന്റിൽ നിന്നും ലഭിച്ച കരട് ചട്ടങ്ങൾ, എസ്.ആർ.ഒ. കൾ, ധനാഭ്യർത്ഥനകളുടെ പരിശോധനാ റിപ്പോർട്ടുകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ, കാലതാമസപത്രികകൾ എന്നിവയും കൂടാതെ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും തെളിവെടുപ്പിനുമായി സമർപ്പിച്ച ഫയൽ വിഷയങ്ങളും പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. കരട് റിപ്പോർട്ടിന്റെ പരിഗണന

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നം. 17614/സബ്.സി.ഡി2/2022/നി.സെ.)

## II കരട് ചട്ടങ്ങളുടെ പരിഗണന

1. The Kerala State and Subordinate Services (Amendment) Rules, 2022

   (ഫയൽ നമ്പർ 987/സബ്.സി.ഡി2/2020/നിസെ)

   (സർക്കാർ കത്ത് നമ്പർ റൂൾസ്-1/109/2018-ഉഭപവ. തീയതി 6-7-2022)

പി.എസ്.സി. നിയമനങ്ങളുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളുടെ വയസ്സ്, സംവരാണാനുകൂല്യം തുടങ്ങിയവ തെളിയിക്കുന്ന പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള കാലപരിധി കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം II ചട്ടം 17 C- യിൽ പരാമർശിച്ചിരിക്കുന്ന 'before the finalization of the Ranked list for the post concerned' എന്നതിനു പകരമായി "on or before the date fixed by the Kerala Public Service Commission for the production of documents" എന്ന് ചേർത്ത് ഭേദഗതി വരുത്തുന്നതിനുള്ള കരട് ചട്ടങ്ങൾ വകുപ്പ് ലഭ്യമാക്കിയത് 23-7-2020-ലെ

സമിതി യോഗം പരിഗണിക്കുകയും പ്രമാണങ്ങൾ ഹാജരാക്കുന്നതിനുള്ള തീയതി ബന്ധപ്പെട്ട gazette notification-ൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോടെ കരട് ചട്ടം സമിതി അംഗീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ സമിതി നിർദ്ദേശിച്ച പ്രകാരം ഭേദഗതി ഉത്തരവിൽ മാറ്റം വരുത്തിയാൽ ഉദ്യോഗാർത്ഥികൾക്ക് Age relaxation/Reservation എന്നീ ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനായുള്ള രേഖകൾ ഹാജരാക്കുന്നതിനുള്ള തീയതി ഒരു തസ്തികയുടെ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കേണ്ടി വരുമെന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ തുടർന്നു നടത്തേണ്ട സ്ക്രീനിംഗ് ടെസ്റ്റ് ഉൾപ്പെടെയുള്ള പരീക്ഷകളുടെ തീയതിയോ റാങ്ക് പട്ടിക എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നോ തീരുമാനിക്കാനുള്ള പശ്ചാത്തല സൗകര്യം കമ്മീഷന് ഇല്ലായെന്നും മാത്രവുമല്ല വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്ന എല്ലാവരും പ്രമാണങ്ങൾ സമർപ്പിക്കേണ്ട ആവശ്യമില്ലായെന്നും പി.എസ്.സി. അറിയിച്ച വിവരം ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ഈ സാഹചര്യത്തിൽ പ്രസ്തുത കരട് ചട്ടം വിജ്ഞാപനമായി പുറപ്പെടുവിക്കാൻ കഴിഞ്ഞില്ലെന്നും ആയതിനാൽ സമിതി തീരുമാനം പുനഃപരിശോധിക്കണമെന്നും നേരത്തെ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച കരട് വിജ്ഞാപനത്തിന് അംഗീകാരം നൽകണമെന്നും വകുപ്പ് സെക്രട്ടറി അഭ്യർത്ഥിച്ചു.

ഡോക്യുമെന്റ്സ് സമർപ്പിക്കുന്നതിനുള്ള തീയതി തീരുമാനിക്കുമ്പോൾ തന്നെ ഉദ്യോഗാർത്ഥികളെ അറിയിക്കാറുണ്ടെന്ന് ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

തുടർന്ന് സമിതി, വകുപ്പ് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

2. 2022-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ചട്ടങ്ങൾ

(ഫയൽ നമ്പർ 1937/സബ്.സി.ഡി2/2020/നിസെ)

(സർക്കാർ കത്ത് നമ്പർ എസ്.എസ്.എ 4/2/2021-ആഭ്യന്തരം തീയതി 14-9-2022)

2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്റ്റിലെ (2020-ലെ 1) 7-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് പ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായിട്ടാണ് ഈ

വിജ്ഞാപനം തയ്യാറാക്കിയിട്ടുള്ളതെന്നും ആക്റ്റിലെ മൂന്നാമത്തെ വകുപ്പിൽ ഒരു ഇടവകയിൽ ഉൾപ്പെടുന്ന കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും അവരുടെ പൂർവ്വികരെ അടക്കം ചെയ്തിട്ടുള്ള സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ഇതു പ്രകാരം സെമിത്തേരിയിൽ അടക്കം ചെയ്യപ്പെടുന്നവരുടെ വിവരങ്ങൾ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുള്ള അധികാരം വികാരിയ്ക്ക് കൊടുത്തുകൊണ്ടും എന്തെങ്കിലും ഡിസ്പ്യൂട്ട് ഉണ്ടെങ്കിൽ പ്രസ്തുത രജിസ്റ്റർ ജില്ലാ കളക്ടർ മുമ്പാകെ ഹാജരാക്കുന്നതിനും കൂടാതെ ആക്റ്റിലെ 6-ാം വകുപ്പിൽ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് സർട്ടിഫിക്കറ്റ് അനുവദിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സർട്ടിഫിക്കറ്റിനുള്ള ഫീസ് 100 രൂപയായി നിജപ്പെടുത്തിക്കൊണ്ടുമുള്ള വ്യവസ്ഥകളാണ് മേൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ബന്ധപ്പെട്ട ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത കരട് ചട്ടം സമിതി പരിഗണിക്കുകയും പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ ചട്ടം അംഗീകരിക്കുകയും ചെയ്തു.

3. The Kerala Police Subordinate Service (Motor Transport Wing), (Amendment) Special Rules 2022

(ഫയൽ നമ്പർ 12400/സബ്.സി.ഡി2/2022/നിസെ.)

(സർക്കാർ കത്ത് നമ്പർ കെ1/58/2021-ആഭ്യന്തരം തീയതി 21-2-2023)

കേരള പോലീസ് സബോർഡിനേറ്റ് സർവ്വീസ് (മോട്ടോർ ട്രാൻസ്പോർട്ട് വിംഗ്) 2011-ലെ പ്രത്യേക ചട്ടങ്ങളിൽ, ഒരു സേവിംഗ് ക്ലോസ് പുതിയ വ്യവസ്ഥയായി ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്നും ആയതിനാൽ സേവിംഗ് ക്ലോസ് ഉൾപ്പെടുത്തിയ വിശേഷാൽ ചട്ടത്തിന്റെ കരടാണ് സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളതെന്നും ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി വിശദമാക്കി.

പ്രസ്തുത കരട് ചട്ടം സമിതി പരിശോധിക്കുകയും പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

4. The Kerala Public Service Commission (Consultation by Corporations and Companies) Amendment Rules, 2022 (HORTICORP നിയമനങ്ങൾ പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടു വരുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 12579/സബ്.സി.ഡി2/2022/നിസെ)

(സർക്കാർ കത്ത് നമ്പർ ഉപ.സി1/78/2021/ഉഭപവ. തീയതി 12-7-2022)

പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ കരട് ചട്ടം അംഗീകരിക്കുകയും ചെയ്തു.

5. The Kerala Service (…..Amendment) Rules, 2022 (കെ.എസ്.ആർ.ഭാഗം III, അപ്പൻഡിക്സ് X, ഭാഗം 1 പെൻഷൻ (കമ്മ്യൂട്ടേഷൻ) ചട്ടങ്ങൾ 3,4,5A യ്ക്ക് താഴെയുള്ള കുറിപ്പ് 5 എന്നിവ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 13560/സബ്.സി.ഡി2/2022/നിസെ)

(സർക്കാർ കത്ത് നമ്പർ 1808624/പെൻ-ബി5/2022-ധന. തീയതി 19-7-2022)

പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

6. The Kerala Service (…...Amendment) Rules, 2022 (കെ.എസ്.ആർ. ഭാഗം1, 90A, 93,103 & അനുബന്ധം VII എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 14917/സബ്.സി.ഡി2/2022/നിസെ)

(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/16/2021-ധന (E 1722992) തീയതി 10-8-2022)

പ്രസ്തുത കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ ചട്ടം അംഗീകരിച്ചു.

7. The Special Rules in respect of certain categories of posts in the Department of Sainik Welfare, 2021.

(ഫയൽ നമ്പർ 19383/സബ്.സി.ഡി2/2021/നിസെ)

(സർക്കാർ കത്ത് നമ്പർ 80825/SW2/2011/GAD-Part 1 തീയതി 22-11-2021)

സബ്ജക്ട് കമ്മിറ്റി XIV-ന്റെ 4-4-2022-ൽ ചേർന്ന യോഗം പ്രസ്തുത കരട് ചട്ടത്തിന്റെ പരിഗണന വിശദമായ പരിശോധനയ്ക്കായി മാറ്റിവയ്ക്കുകയുണ്ടായി. പ്രസ്തുത ചട്ടം പ്രാബല്യത്തിൽ വന്നാൽ ഡയറക്ടർ, ജില്ലാ സൈനികക്ഷേമ ഓഫീസർ എന്നീ പ്രൊമോഷൻ തസ്തികകൾ നഷ്ടപ്പെടുമെന്നതിനാൽ ജീവനക്കാർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും തുടർന്ന് ജീവനക്കാർക്ക് താൽക്കാലിക

പ്രൊമോഷൻ നൽകിയെങ്കിലും പെൻഷനാകുമ്പോൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും അർഹമായ ആനുകൂല്യം ലഭിക്കില്ലെന്ന പരാതിയും ഉന്നയിക്കുന്നുണ്ടെന്നും, ചട്ടത്തെ സംബന്ധിച്ച് യോഗത്തിൽ ഹാജരായ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത ചട്ടത്തിൽ ഡയറക്ടറുടെയും ജില്ലാ സൈനികക്ഷേമ ഓഫീസറുടെയും തസ്തികകൾ കേന്ദ്രം നൽകുന്ന പാനലിൽ നിന്നും ചീഫ് സെക്രട്ടറി ചെയർമാനായ കമ്മിറ്റി നിയമനം നടത്തണമെന്നാണ് വിവക്ഷിക്കുന്നതെന്നും അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു.

പ്രസ്തുത ചട്ടം ടി വകുപ്പിലെ മറ്റു ജീവനക്കാരുടെ പ്രൊമോഷനെ പ്രതികൂലമായി ബാധിക്കുമോ എന്നുള്ളത് പരിശോധിക്കേണ്ടതായുണ്ടെന്നും ഡയറക്ടർ, ജില്ലാ സൈനികക്ഷേമ ഓഫീസർ എന്നിവരുടെ റിട്ടയർമെന്റ് പ്രായം കേരള സർവ്വീസ് സിസ്റ്റത്തിന് എതിരാണെന്നും നിരീക്ഷിച്ച സമിതി, പ്രസ്തുത കരട് ചട്ടം വിശദമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത ചട്ടത്തിന്റെ പരിഗണന മാറ്റിവെയ്ക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

8. The Kerala Public Service Commission (consultation by corporations and companies) Amendment Rules, 2023 (കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ നിയമനങ്ങൾ കേരള പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 18406/സബ്.സി.ഡി.2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ ഉപ.സി1/54/2022-ഉഭപവ. തീയതി 4-1-2023)

പ്രസ്തുത കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു.

9. The Kerala Service (............Amendment) Rules, 2022

(കെ.എസ്.ആർ. Part III, ചട്ടം 26-ൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്)

(ഫയൽ നമ്പർ 20086/സബ്. സി.ഡി.2//2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ 1449661/പെൻ-ബി3/2020-ധന. തീയതി 8-11-2021)

കെ.എസ്.ആർ. ഭാഗം I അപ്പെൻഡിക്സ് XIIA, XIIB, XIIC പ്രകാരമുള്ള അവധിയിൽ പ്രവേശിച്ച് തിരികെ സർവ്വീസിൽ പ്രവേശിക്കാത്തതിനാൽ പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥർ വർഷങ്ങൾക്കു ശേഷം അനുതാപബത്തയ്ക്കായി സർക്കാരിലേയ്ക്ക് അപേക്ഷ ലഭ്യമാക്കുന്നുണ്ട് എന്നും ആയത് അനുവദിക്കേണ്ട ആവശ്യകതയില്ലായെന്നും ഇതു

സംബന്ധിച്ച കരട് ചട്ടമാണ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

പ്രസ്തുത കരട് ചട്ടം പരിശോധിച്ച സമിതി, കരട് ചട്ട പ്രകാരം കൂട്ടി ചേർക്കാൻ നിർദ്ദേശിക്കുന്ന ഉപചട്ടത്തിലെ 'as per Appendix XIIA, XIIB and XIIC' എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ശേഷം 'of Part I of the KSR' എന്നുകൂടി ചേർക്കണമെന്നും കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്നുമുള്ള ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

10. The Kerala State and Subordinate Services (Amendment) Rules, 2022

(ഭാഗം II – ചട്ടം 27(c) 4-ാം പ്രൊവിസോ ഭേദഗതി സംബന്ധിച്ച്)

(ഫയൽ നമ്പർ 20949/സബ്.സി.ഡി.2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ് 1/205/2018/ഉഭപവ. തീയതി 21-11-2022)

പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചതിനുശേഷം തസ്തിക ഇല്ലാതായതിന്റെ ഫലമായി നിയമന ഉത്തരവ് ലഭിക്കാതെ വരുന്ന ഉദ്യോഗാർത്ഥികൾക്ക് മറ്റൊരു തസ്തികയിൽ മറ്റൊരു അഡ്വൈസിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന സാഹചര്യത്തിൽ ആദ്യ അഡ്വൈസിന്റെ സീനിയോറിറ്റി പരിരക്ഷിച്ച് നൽകുന്നത് സംബന്ധിച്ച കരട് ഭേദഗതി ചട്ടമാണ് സമിതി മുൻപാകെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയിൽ വ്യക്തമാക്കി.

പ്രസ്തുത കരട് ചട്ടം പരിശോധിച്ച സമിതി ചട്ടത്തിന്റെ പേരിനൊപ്പമുള്ള '2022' എന്ന വർഷം '2023' എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിച്ചു.

11. The Kerala Service (............ Amendment) Rules, 2022

(ഭാഗം 1, അനുബന്ധം VII, സെക്ഷൻ 2, ചട്ടം 19A ഭേദഗതി സംബന്ധിച്ച്)

(ഫയൽ നമ്പർ 38/സ്ബ്.സി.ഡി.2/2023/നി.സെ.)

(സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/68/2021-ധന (E-1855283) തീയതി 29-12-2022)

കീമോതെറാപ്പിയ്ക്കോ റേഡിയേഷനോ വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന പ്രത്യേക ആകസ്മിക അവധി 'ആറ് മാസം' എന്ന് ചട്ടത്തിൽ വിവക്ഷിച്ചിരിക്കുന്നത് '180 ദിവസം' എന്ന് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ചുള്ള കരട്

ചട്ടം സമിതി പരിശോധിക്കുകയും കരട് ചട്ടത്തിന്റെ പേരിനൊപ്പമുള്ള 2022 എന്ന വർഷം 2023 എന്നാക്കി മാറ്റണമെന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

12. The Kerala Service (........... Amendment) Rules, 2023

(കെ.എസ്.ആർ.ഭാഗം 1, അനുബന്ധം XII-A, ആമുഖ ഖണ്ഡിക ഭേദഗതി സംബന്ധിച്ച്)

(ഫയൽ നമ്പർ 487/സബ്.സി.ഡി2/2023/നി.സെ.)

[സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/87/2021-ധന (E-1937514) തീയതി 3-1-2023]

കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII-A പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാർക്ക് മത്സരപരീക്ഷാ പരിശീലന കേന്ദ്രങ്ങളോ സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളോ നടത്താനോ സ്ഥാപിക്കാനോ പാടില്ല എന്നത് സംബന്ധിച്ച ഭേദഗതി ഉൾപ്പെടുത്തിക്കൊണ്ടുള്ള കരട് ചട്ടം സമിതി പരിശോധിക്കുകയും ഭേദഗതി കൂടാതെ അംഗീകരിയ്ക്കുകയും ചെയ്തു.

13. The Kerala Service (.......... Amendment) Rules, 2023

(കെ.എസ്.ആർ. ഭാഗം 1, ചട്ടം 100, അനുബന്ധം VIII ഭേദഗതി സംബന്ധിച്ച്)

(ഫയൽ നമ്പർ 601/സബ്.സി.ഡി.2/2023/നി.സെ.)

[സർക്കാർ കത്ത് നമ്പർ റൂൾസ്-ബി1/31/2021-ധന (E-1768475) തീയതി 30-12-2022]

കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന വനിതാ ജീവനക്കാർക്ക് അവരുടെ കരാറിന്റെ കാലാവധി പരിഗണിക്കാതെ തന്നെ മെറ്റേണിറ്റി ലീവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള കരട് ഭേദഗതി ചട്ടം സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**III(എ) സമിതി സാധൂകരണം നൽകിയ ചട്ടങ്ങൾ**

1. The Kerala Jail Subordinate Service (Amendment) Special Rules, 2022 (എസ്.ആർ.ഒ. നം. 352/2022 കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 11113/സബ്.സി.ഡി.2/22/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി3/01/2018/ആഭ്യന്തരം തീയതി 10-6-2022 & 26-8-2022)

2. 2022-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) (ഭേദഗതി) ചട്ടങ്ങൾ (എസ്.ആർ.ഒ. നം. 573/2022 കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 19111/സബ്.സി.ഡി.2/22/നി.സെ.)

(സർക്കാർ കത്ത് നമ്പർ ബി3/307/2017/ആഭ്യന്തരം തീയതി 20-10-2022)

3. ദി കേരള പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസീസ് റൂൾസ്, 2022

(എസ്.ആർ.ഒ. നം.1085/2022)

(ഫയൽ നമ്പർ 502/സബ്.സി.ഡി.2/2023/നി.സെ.)

(സർക്കാർ കത്ത് നമ്പർ എസ്.എസ്.ബി2/6/2023/ആഭ്യന്തരം തീയതി 7-1-2023)

**III(ബി) പരിഗണന മാറ്റിവച്ച ചട്ടങ്ങൾ**

1. The Kerala Police Service (Amendment) Special Rules, 2022

(എസ്.ആർ.ഒ. നം. 197/2022, കാലതാമസപത്രിക സഹിതം)

(ഫയൽ നമ്പർ 5674/സബ്.സി.ഡി.2/2022/നി.സെ.)

(സർക്കാർ കത്ത് നമ്പർ എ 5/429/2021/ആഭ്യന്തരം തീയതി 21-3-2022)

ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയുടെ നിയമന രീതിയുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസിന്റെ നിലവിലെ അവസ്ഥയെ സംബന്ധിച്ച് സമിതി ആരാഞ്ഞു. ഈ വിഷയത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച വിധിക്കെതിരെ സർക്കാർ ഹൈക്കോടതിയിൽ നിന്നും സ്റ്റേ ലഭ്യമാക്കിയെങ്കിലും കേസ് പെന്റിംഗിലാണെന്നും മാർച്ച് മാസത്തോടെ അന്തിമ വിധിയുണ്ടാകുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

പ്രസ്തുത വിധി വന്നതിനുശേഷം ചട്ടം പരിഗണിക്കാവുന്നതാണെന്ന് സമിതി തീരുമാനിച്ചു.

**IV സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ**

1. 2016-ലെ ദി കേരള ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് ഭേദഗതി ചട്ടം (എസ്.ആർ.ഒ. നം. 616/2016)

(ഫയൽ നമ്പർ 5718/സബ്.സി.ഡി.2/2013/നി.സെ.)

പ്രസ്തുത ചട്ടത്തിന്മേൽ സമിതി നിർദ്ദേശിച്ച ഭേദഗതികൾ/നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ചട്ടം സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്തത് സംബന്ധിച്ച വിഷയത്തിൽ വകുപ്പിൽ നിന്നും ലഭ്യമാക്കിയ 9-6-2022 തീയതിയിലെ മറുപടിയും പ്രസ്തുത മറുപടിയ്ക്കൊപ്പം സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ എസ്.ആർ.ഒ. നം.177/2021 വിജ്ഞാപനവും സമിതി പരിശോധിച്ചു.

2016-ലെ ചട്ടം പരിഗണിച്ച വേളയിൽ സമിതി മൂന്ന ഭേദഗതികളാണ് ഉന്നയിച്ചിട്ടുള്ളത്. അതിൽ കോപ്പി ഹോൾഡർ (മലയാളം) എന്ന തസ്തിക ഇപ്പോൾ ആവശ്യമില്ലാത്തതിനാൽ ഒഴിവാക്കിയിട്ടുണ്ടെന്നും മെഷീൻ വിഭാഗത്തിലെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ ബൈ പ്രൊമോഷൻ നിയമനത്തിൽ ഫീഡർ കാറ്റഗറിയായി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-I നെ ഉൾപ്പെടുത്തി ഭേദഗതി ചട്ടം പുറപ്പെടുവിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അഡീഷണൽ സെക്രട്ടറി വിശദമാക്കി. സമിതി നിർദ്ദേശിച്ച മറ്റ് ഭേദഗതികളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള ഭേദഗതികളും പരിഗണിച്ചുകൊണ്ട് ഭേദഗതി ചട്ടങ്ങൾ താമസംവിനാ പുറപ്പെടുവിക്കുന്നതാണെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചു. പ്രസ്തുത സ്പെഷ്യൽ റൂൾസിൽ വന്നിട്ടുള്ള പിശകുകൾ തിരുത്തിക്കൊണ്ടും സമിതി നിർദ്ദേശിച്ചിരുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടും ഭേദഗതി ചട്ടങ്ങൾ തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്കായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കൂടാതെ അസിസ്റ്റന്റ് ഫോർമാൻ തസ്തികയുടെ പ്രൊമോഷൻ നിയമനത്തിൽ ഫീഡർ കാറ്റഗറിയായി ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ ഗ്രേഡ്-I നെ ഉൾപ്പെടുത്തി എസ്.ആർ.ഒ. നം.177/21 നമ്പറായി വിജ്ഞാപനം ചെയ്ത ഭേദഗതി ചട്ടം സംബന്ധിച്ച് സമിതി മൂലചട്ടത്തിൽ വിവിധ ഫീഡർ കാറ്റഗറികളിൽ നിന്നുള്ള നിയമനവും ബൈ പ്രൊമോഷൻ എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നതിനാൽ പ്രസ്തുത ചട്ടത്തിൽ ബൈ ട്രാൻസ്ഫർ എന്ന് ചേർക്കാനുണ്ടായ സാഹചര്യമെന്താണെന്നും ഇതു സംബന്ധിച്ച് വ്യക്തത വരുത്തിക്കൊണ്ടുള്ള റിപ്പോർട്ട് അടിയന്തരമായി വകുപ്പിനോട് ആവശ്യപ്പെടാനും സമിതി തീരുമാനിച്ചു.

## V. തെളിവെടുപ്പ് നടത്തിയ ഫയൽ

1. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് - കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 5005/സബ്.സി.ഡി2/2014/നി.സെ.)

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലോകായുക്തയെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റിന്മേലുള്ള കരട് ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചിട്ടുണ്ടെന്നും, ആയത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ഫെബ്രുവരി 17-ാം തീയതി അയച്ചുകൊടുത്തിട്ടുണ്ടെന്നും, ചട്ടങ്ങൾ കമ്മീഷന്റെ പരിഗണനയിലാണെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. കരട് ചട്ടങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## VI. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെയും കാലതാമസ പത്രികകളുടെയും പരിഗണന

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന സമിതി റിപ്പോർട്ടുകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി അംഗീകരിച്ചു.

1. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1775/സബ്.സി.ഡി2/2020/നി.സെ.)

(i) ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്

ഖണ്ഡിക നമ്പർ 67, 68 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഇ.എ 1/547/2022/ഇലക്. തീയതി 19-8-2022)

(ii) ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ13) വകുപ്പ്

സെന്റർ ഫോർ ഗുഡ് ഗവേണൻസിന് പുതിയ ശീർഷകം (i) അനുവദിക്കുന്നത് സംബന്ധിച്ച്

(സർക്കാർ കത്ത് നമ്പർ 75/എ.ആർ13(1)/2021/ഉഭപവ. തീയതി 30-7-2022)

2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 12066/സബ്.സി.ഡി2/2021/നി.സെ.)

(i) <u>പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്</u>

ഖണ്ഡിക നമ്പർ 4 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഇ 1/103/2021/പൊഭവ. തീയതി 18-12-202 & 27-8-2022)

(ii) <u>ആഭ്യന്തര (ഇ) വകുപ്പ്</u>

ഖണ്ഡിക നമ്പർ 54 മുതൽ 105 വരെ

(സർക്കാർ കത്ത് നമ്പർ ഇ 4/453/2021-ആഭ്യന്തരം തീയതി 5-7-2022)

(iii) <u>ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ്</u>

ഖണ്ഡിക നമ്പർ 20 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ ഡി2/136/2021-പ്ലാനിംഗ് തീയതി 9-11-2022)

(iv) <u>പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്</u>

ഖണ്ഡിക നമ്പർ 11 (കാലതാമസ പത്രിക സഹിതം)

(സർക്കാർ കത്ത് നമ്പർ 165/പൊളി4/2021/പൊഭവ.തീയതി 24-11-2021 & 29-12-2022)

3. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11793/സബ്.സി.ഡി2/2022/നി.സെ.)

(i) <u>ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ്</u>

ഖണ്ഡിക നമ്പർ 11

(സർക്കാർ കത്ത് നമ്പർ PLGEA-BPE2/141/2022-PLGEA തീയതി 23-8-2022)

(ii) <u>ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്</u>

ഖണ്ഡിക നമ്പർ 51

(സർക്കാർ കത്ത് നമ്പർ ഇ.എ 1/26/2022/ഇലക്. തീയതി 5-8-2022)

## VII. വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകളുടെ പരിഗണന

താഴെപ്പറയുന്ന സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുന്നതിന് സാധിക്കാതെ വന്നതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസ പത്രികകൾ പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

<u>സാമ്പത്തിക വർഷം (2018-19) (ഫയൽ നം.85/സബ്.സി.ഡി2/19/നി.സെ.)</u>

1. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)
2. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (IITM-K)
3. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (Cyber park)
4. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ് (സി-ഡിറ്റ്)

<u>സാമ്പത്തിക വർഷം (2019-20) (ഫയൽ നം.168/സബ്.സി.ഡി2/20/നി.സെ.)</u>

1. ശാസ്ത്ര സാങ്കേതിക വകുപ്പ്
2. തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ് (സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ)
3. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)
4. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (IITM-K)
5. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (ഇൻഫോ പാർക്ക്)
6. സ്റ്റോർ പർച്ചേസ് (സി) വകുപ്പ് (അച്ചടി)

<u>സാമ്പത്തിക വർഷം (2020-21) (ഫയൽ നം.1601/സബ്.സി.ഡി2/21/നി.സെ.)</u>

1. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
2. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ12) വകുപ്പ് (ഭരണ പരിഷ്കാര കമ്മീഷൻ)
3. പൊതുഭരണ (എ.ഐ.എസ്.എ.) വകുപ്പ്
4. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ)
5. ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്)
6. ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്
7. ഉന്നതവിദ്യാഭ്യാസ വകുപ്പ് (സ്റ്റേഷനറി)
8. നിയമ (പാർല) വകുപ്പ്
9. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (IITM-K)
10. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (എ) വകുപ്പ് (ടെക്നോ പാർക്ക്)
11. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ12) വകുപ്പ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ)
12. ശാസ്ത്ര സാങ്കേതിക (എ) വകുപ്പ്

13. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ)

14. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ് (സി-ഡിറ്റ്)

15. സ്റ്റോർ പർച്ചേസ് (സി) വകുപ്പ് (അച്ചടി)

16. ആസൂത്രണ സാമ്പത്തികകാര്യ (ഡി) വകുപ്പ് (വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ)

സാമ്പത്തിക വർഷം (2021-22) (ഫയൽ നം.580/സബ്.സി.ഡി2/22/നി.സെ.)

1. സ്റ്റോർ പർച്ചേസ് വകുപ്പ് (അച്ചടി)

2. സ്റ്റോർ പർച്ചേസ് വകുപ്പ് (സ്റ്റേഷനറി)

3. ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യ (സി) വകുപ്പ് (കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ)

4. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ)

5. നിയമ (പാർല) വകുപ്പ്

സമിതിയോഗം വൈകുന്നേരം 3.55-ന് അവസാനിച്ചു.